FINANCIAL BUSINESS

VOTING ON DEMANDS FOR GRANTS ON THE BUDGET FOR 1970-71.

Demand IX—Heads of States Ministers and Headquarters Staff.
Demand X—District Administration and Miscellaneous.

Chief Minister (**Shri C. Achutha Menon**): Sir, I move that the Government be granted a sum of Rs. 1,53,28,400 under Demand No. IX—Heads of States, Ministers and Headquarters Staff.

Minister for Education & Home (**Shri C. H. Muhamad Koya**): Sir, I second it.

Shri C. Achutha Menon: Sir, I also move that Government be granted a sum of Rs. 1,75,37,000 under Demand No. X—District Administration and Miscellaneous.

Shri C. H. Muhamad Koya: Sir, I second it.

Mr. Speaker: Now Mr. P. P. George may move his cut motion.

Shri P. P. George: Sir, I move to reduce the total allotment of Rs. 1,53,28,400 under Demand IX by Rs. 100.

I also move to reduce the total allotment of Rs. 1,75,37,000 under Demand X by Rs. 100.

Shri C. B. Chandrasekhara Warrier: Sir, I move to reduce the total allotment of Rs. 1,53,28,400 under Demand IX by Rs. 100 (To discuss general political situation in the State)".

I also move to reduce the total allotment of Rs. 1,75,37,000 under Demand X by Rs. 100 (To discuss irregularity in appointment of Government Pleaders.

Dr. George Thomas: Sir, I move to reduce the total allotment of Rs. 1,53,28,400 under Demand IX by Re. 1.

ശ്രീ. പി. പി. ജോർജ്: സർ, ഈ ഡിമാൻറുകളുടെ ചർച്ചാവേളയിൽ ഏതാനും കാര്യങ്ങൾ പറയുന്നതിന് ഞാനാഗ്രഹിക്കുകയാണ്. അഴിമതിയില്ലാത്ത ഒരു സൽഭരണം വാഗ്ദാനം ചെയ്തുകൊണ്ട് അധികാരത്തിൽവന്ന ഒരു ഗവൺമെൻറാണ് ഇന്നിവിടെ ഭരിക്കുന്നത്. സർ, നമ്മുടെ പബ്ലിക്ക്മെൻ എൻക്വയറീസ് ബില്ലിൻെറ സ്ഥിതി ഇപ്പോൾ ഏതുനിലയിൽ ഇരിക്കുന്നു എന്നറിയാൻ എനിക്കതിയായ ആഗ്രഹമുണ്ട്. ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടിൻെറ ഭരണത്തിൻെറ തുടക്കത്തിൽ ഐരാവതം പോലെ കാടിളക്കിക്കൊണ്ടുവന്ന ഒരു ബില്ലായിരുന്നു അത്. അതു പിന്നീടു കുഴിയാനയെപ്പോലെ പോവുകയാണു ചെയ്തത്. സർ, ഇനിയെങ്കിലും ഈ ബിൽ, പബ്ലിക്ക്മെൻ എൻക്വയറീസ് ബിൽ അട്ടത്തുനിന്നും ഇറക്കി അത് നിയമസഭയിൽ കൊണ്ടുവന്ന് പാസാക്കി എടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈ എടുക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ഇതിൻെറ കൂടെത്തന്നെ നമ്മുടെ ഉദ്യോഗസ്ഥൻമാരുടെ ഇടയിലുള്ള അഴിമതി തുടച്ചുമാററാനും

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റു ശ്രമിക്കണമെന്നു ഞാനഭ്യർത്ഥിക്കുകയാണ്. ഉദ്യോഗസ്ഥന്മാരുടെ ഇടയിലുള്ള അഴിമതികൾ കണ്ടുപിടിക്കാൻ ഇന്നുള്ള ക്രമം തീരെ തൃപ്തികരമല്ലെന്നു ഞാൻ ഗവൺമെന്റിനെ അറിയിക്കുകയാണ്. കൃത്യനിർവ്വഹണത്തിനു ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥന്മാർ ഇന്ന് ഏതാണ്ട് വേഴാമ്പൽ മഴ കാക്കുന്നതുപോലെ ആഫീസ് വരാന്തകളിൽ കൈക്കൂലിയും കാത്തുകൊണ്ട് അസ്വസ്ഥരായി നടക്കുകയാണ്. അതിനവർക്ക് ചില രാഷ്ട്രീയപാർട്ടിയുടെ തണലുണ്ട്. സർ, ഇന്നുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ഒരുകാര്യം കേട്ടപ്പോൾ എനിക്കു വളരെ സന്തോഷം തോന്നി. രാഷ്ട്രീയപാർട്ടികളുടെ കരുക്കളായിനിന്നുകൊണ്ട് ഉദ്യോഗസ്ഥന്മാർ ചെയ്യുന്ന സമരത്തിനെതിരെ അച്ചടക്കനടപടി കർശനമായി എടുക്കുന്നതിന് ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന ആ സമീപനത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. സർ, രാജാവിന്റെയും ദളവയുടെയും കാലത്ത് സംവിധാനം ചെയ്ത ആ പഴയ ഉറവുചാലിൽക്കൂടിത്തന്നെ ഭരണചക്രം ഇന്നും തിരിയുകയാണ്. എങ്കിലും പണ്ടുകാലത്ത് തെററു ചെയ്തിരുന്ന ഉദ്യോഗസ്ഥന്മാരെ പൊതു നിരത്തിൽ കൊണ്ടുവന്നു നിറുത്തി ചാട്ടവാറുകൊണ്ട് അടിച്ചിരുന്നു എന്നു നാം കേട്ടിട്ടുണ്ട്. അഴിമതി ചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടെ കാതു മുറിക്കുക, കൈവിരൽ ചെത്തുക മുതലായവ ചെയ്തിരുന്നുഎന്ന് നാം കേട്ടിട്ടുണ്ട്. കാടത്വമാണെന്ന് ആക്ഷേപിക്കാമെങ്കിലും പണ്ടത്തെ സിവിൽ സർവ്വീസിന്റെ സംശുദ്ധത ജനങ്ങൾക്കു ലഭിച്ചുകൊണ്ടിരുന്നത് ഇപ്പോൾ അശേഷംപോരെന്നുള്ള സ്ഥിതി മറച്ചുവയ്ക്കാൻ വയ്യ. ഇന്ന് അഴിമതി നടത്തുന്ന മേലുദ്യോഗസ്ഥന്മാരുടെ പല അഴിമതികളും കീഴ്ജീവനക്കാർക്ക് അറിയാൻ സാധിക്കുന്നുണ്ട്. എന്നാൽ അതു തുറന്നു പറയാൻ കോൺടക്ടു റൂൾസ് തടസ്സമായി നിൽക്കുകയാണ്. ഈ ഏർപ്പാടിനു മാററം വരുത്തണമെന്നു ഞാനഭ്യർത്ഥിക്കുകയാണ്. ഈ രീതിയിൽ കട്ടവനെ വിട്ടിട്ട് കണ്ടവനെ പിടിക്കുന്ന ഏർപ്പാട് മാററി ഒരു പുതിയ സമീപനം ഗവൺമെന്റിനുണ്ടാകണമെന്നു ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടപേക്ഷിക്കുകയാണ്.

സർ, എ. ഇ. ഒ. യുടെ പേരിൽ ഒരു പരാതി മന്ത്രിക്കയെച്ചാൽ മന്ത്രി സെക്രട്ടറിക്കും സെക്രട്ടറി ഡി. പി. ഐ. ക്കും, ഡി. പി. ഐ. ഡി. ഇ. ഒ. ക്കും ഡി. ഇ.ഒ. എ. ഇ. ഒ. ക്കും അയയ്ക്കുകയാണ്. ഒരു പോലീസ് സബ്ഇൻസ്പെക്ടറുടെ പേരിൽ ഒരു പരാതി ഐ. ജി. ക്കയെച്ചാൽ ഐ. ജി. ഡി. എസ്. പി. ക്കും ഡി. എസ്. പി. സർക്കിൾഇൻസ്പെക്ടർക്കും, സർക്കിൾഇൻസ്പെക്ടർ ആ സബ്ഇൻസ്പെക്ടർക്കു തന്നെ ആ പരാതി അന്വേഷിക്കാൻ കൊടുക്കുകയാണ്. ആരോപണത്തിനു വിധേയരായ വ്യക്തികളെത്തന്നെ ഏൽപ്പിക്കുന്ന ഈ സംപ്രദായത്തെയാണ് ഞാൻ എതിർക്കുന്നത്.

സർ, നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ ഒരു ബഡ്ജററ് അവതരിപ്പിക്കുകയുണ്ടായി. നമ്മുടെ സാമ്പത്തികരംഗം നിരാശാജനകമാണെന്നും പ്രതീക്ഷകൾനിറഞ്ഞ ഒരു ബഡ്ജററായിരുന്നു ഇവിടെ അദ്ദേഹം സമർപ്പിച്ചതെന്നും എനിക്ക് അഭിപ്രായമുണ്ട്. മുൻഗവൺമെന്റിന്റേതുമായി താരതമ്യപ്പെടുത്തി ആലോചിച്ചുനോക്കുമ്പോൾ പരിപാടികളുടെ ആത്മാർത്ഥമായ ഇംപ്ലിമേന്റേഷനുവേണ്ടി പരിശ്രമിക്കുന്ന ഒരു ബഡ്ജററു അങ്ങനെ ആഗ്രഹിക്കുന്ന ഒരു ഗവൺമെന്റിന് അങ്ങനെ ഇവിടെ ഉപയോഗിക്കാൻ സാധിച്ചു എന്ന് സന്തോഷപൂർവ്വം പറയുകയാണ്. സർ, നമ്മുടെ ധനകാര്യമന്ത്രിയുടെ രാജിപ്രശ്നം എന്തായി എന്ന് ഞാൻ ചോദിക്കുകയാണ്. അങ്ങനെയൊരു രാജിക്കത്ത് കിട്ടിയിട്ടില്ലെന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി. രാജിവച്ചിട്ടില്ലെന്നു ധനകാര്യമന്ത്രിയും പറയുകയുണ്ടായി. അത്രയും ആയി എന്ന് ആശ്വസിക്കാം. പക്ഷേ ഒരാൾ മന്ത്രിയായിക്കഴിഞ്ഞാൽ അയാളെ ആ സ്ഥാനത്തുനിന്ന് മാററുകയോ മാററപ്പെടുകയോ ചെയ്യു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന് കാരണമെന്താണെന്നറിയാൻ ഈ രാജ്യത്തെ ജനങ്ങൾക്ക് അവകാശമുണ്ടെന്ന് നാം മനസ്സിലാക്കിയിട്ടുണ്ട്. ബഡ്ജററ് സെഷൻ കഴിഞ്ഞാൽ നമ്മുടെ ധനകാര്യമന്ത്രി രാജിവയ്ക്കാൻ പോകുന്നുഎന്നുള്ള വാർത്ത വീണ്ടും പൊന്തിവന്നിരിക്കുകയാണ്. അദ്ദേഹം രാജിവയ്ക്കുന്നതെന്തിനാണ്. ആരോഗ്യപരമായ കാരണംകൊണ്ടാണ് അദ്ദേഹം രാജിവയ്ക്കുന്നതെന്നു വിശ്വസിക്കാൻവയ്യ. കാരണം ആരോഗദൃഢഗാത്രനാണ് അദ്ദേഹം. മുഖ്യമന്ത്രിക്ക് അദ്ദേഹത്തിൽ വിശ്വാസമില്ലാത്തതാണ് കാരണമെങ്കിൽ അത് അംഗീകരിക്കാൻ വയ്യ. കാരണം അദ്ദേഹം മുഖ്യമന്ത്രിയുടെ ഉത്തമ വിശ്വസ്തനാണ്. ഭരണകക്ഷിക്കാർ എന്തെങ്കിലും അഴിമതിയാരോപണം കൊണ്ടുവന്നിട്ടാണ് അദ്ദേഹം രാജിവയ്ക്കാൻ പോകുന്നതെന്നും വിശ്വസിക്കാൻവയ്യ. കാരണം അദ്ദേഹത്തിന്റെ പേരിൽ അഴിമതിയാരോപണമൊന്നും ഉണ്ടായിട്ടില്ല. സർ, ആകപ്പാടെ അദ്ദേഹം ഒരു കുററം ചെയ്തു. ശ്രീ. പി. ആർ. കുറുപ്പിനെ ഒരു കോർപ്പറേഷന്റെ ചെയർമാനാക്കി നിയമിച്ചു. ഉടനെ അതിനെസംബന്ധിച്ചു പത്രങ്ങളിൽ മുഖപ്രസംഗങ്ങൾ വന്നു. ഉടനെ അദ്ദേഹം തെററു തിരുത്തി. ശ്രീ. പി. ആർ. കുറുപ്പിന്റെ അളിയനെ ആ സ്ഥാനത്തു നിയമിച്ചു. അങ്ങനെയൊരു തെററുമാത്രമാണ് അദ്ദേഹം ചെയ്തത്. എന്തെങ്കിലുമാകട്ടെ. ശ്രീ. ശേഷൻമാസ്ററർ രാജിവച്ചില്ലെങ്കിൽ ശ്രീ. കോരൻമാസ്റററെക്കൊണ്ടു രാജിവയ്പിക്കുമെന്ന് പറയുന്നതുകേട്ടു. അതും നടന്നില്ലെങ്കിൽ മുഖ്യമന്ത്രിയെക്കൊണ്ട് രാജിവയ്പിക്കുമോ? സർ, എനിക്ക് അൽഭുതം തോന്നുകയാണ്; കഷ്ടമായിപ്പോയി. ഇത്തരത്തിൽ തുറന്ന സാഹചര്യത്തിൽ എത്തിക്കേണ്ട ഒരു സ്ഥിതിവിശേഷത്തിൽ എത്തിക്കാൻ നോക്കേണ്ടതായിരുന്നു എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മറെറാരു കാര്യം എനിക്കു സൂചിപ്പിക്കുവാനുള്ളത് മുഖ്യമന്ത്രിതന്നെ കൈകാര്യം ചെയ്യുന്ന ഇലക്ട്രിസിററിബോർഡിനെസംബന്ധിച്ചാണ്. ഇലക്ട്രിസിററി ബോർഡിനെസംബന്ധിച്ച് ഈയിടെ പബ്ളിക് അക്കൗണ്ട്സ് കമ്മിററിയുടെ ഒരു റിപ്പോർട്ട് ഞാൻ കാണുകയുണ്ടായി. 1962 മുതൽ 1967—വരെയുള്ള കാലഘട്ടത്തിൽ ഇലക്ട്രിസിററിബോർഡിന് 13 ലക്ഷം ഉറുപ്പികയുടെ നഷ്ടം ഉണ്ടായിരിക്കുന്നുവെന്നു ഞാൻ വായിച്ചു. ഉദ്യോഗഗസ്ഥൻമാരുടെ നിരുത്തരവാദപരമായ നടപടി മൂലമാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളതെന്നു റിപ്പോർട്ടിൽ എടുത്തു പറയുകയും ചെയ്തിട്ടുണ്ട്. സർ, കോൺട്രാക്ടർമാർക്കു ലാഭം ഉണ്ടാക്കികൊടുക്കാനുള്ള ഒരു പ്രസ്ഥാനമന്നുള്ള നിലയിൽനിന്ന് ഇലക്ട്രിസിററിബോർഡിനെ മോചിപ്പിക്കുവാൻ മുഖ്യമന്ത്രിക്കു സാധിക്കുമോ എന്നു ഞാൻ ചോദിക്കുകയാണ്. സർ, പുതിയൊരു ബോർഡു വന്നപ്പോൾ കുറെയൊക്കെ പ്രതീക്ഷകളുണ്ടായിരുന്നു. എന്നാൽ ഈ പ്രതീക്ഷകൾ ഇപ്പോൾ ഏറെക്കുറെ അസ്തമിച്ചിരിക്കുകയാണെന്നു ഖേദപൂർവ്വം പറയുകയാണ്. കാര്യക്ഷമതയില്ലായ്മയാണ് ഇലക്ട്രിസിററിബോർഡിന്റെ ഏററവും വലിയ ഗതികേടെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ലക്ഷക്കണക്കിനു ഉപഭോക്താക്കളിൽനിന്നും കോടിക്കണക്കിനു രൂപ സമ്പാദ്യമുള്ള ഒരു പ്രസ്ഥാനം ഇങ്ങനെ കുത്തഴിഞ്ഞു കിടക്കുന്ന ഒരു സ്ഥിതിവിശേഷത്തിലേക്കു നീങ്ങാതെ നോക്കേണ്ടതാണെന്നു ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു അഭ്യർത്ഥിക്കുകയാണ്. സർ, ഞാൻ ഒരു ചെറിയ ഉദാഹരണം ചൂണ്ടിക്കാണിക്കട്ടെ. കാർഷികാവശ്യത്തിനുവേണ്ടി മൂന്നു ഹോഴ്സ് പൗവ്വറിന്റെ മോട്ടാർയന്ത്രങ്ങളുടെ കറണ്ടുചാർജ് 8 പൈസയിൽനിന്നും ഇപ്പോഴത്തെബോർഡ് 24 പൈസയായി ഉയർത്തിയിരിക്കുന്ന സ്ഥിതിവിശേഷത്തിലേയ്ക്കു ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്. ഇതു കൃഷിക്കാരോടു ചെയ്ത ഒരു കടുത്ത അനീതിയാണെന്നു പറയാൻ ഞാനീയവസരം വിനിയോഗിക്കുകയാണ്. ഈ ഉത്തരവു ഉടനടി പിൻവലിക്കാൻ വേണ്ട നിർദ്ദേശം നൽകുന്നതിനു ഞാൻ വകുപ്പുമന്ത്രിയോട്

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷിക്കുകയാണ്. സർ, വിദ്യുച്ഛക്തി ഉപഭോക്താക്കളുടെ ഒരു ശാപമായി ഇലക്ട്രിസിററിബോർഡിനെ മാററുന്ന സ്ഥിതിവിശേഷത്തിൽ നിന്നും മോചിപ്പിക്കാൻ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടപേക്ഷിക്കുകയാണ്.

സർ, നമ്മുടെ ഭാഗ്യക്കുറിയെസംബന്ധിച്ച് എനിക്കു ചിലതു പറയാനുണ്ട്. ആസന്നഭാവിയിൽ ഇതു നിർഭാഗ്യക്കുറിയായിത്തീരുമോ എന്നു ഞാൻ സംശയിക്കുകയാണ്. ഭാഗ്യക്കുറിയുടെ കാര്യത്തിൽ മററു സംസ്ഥാനങ്ങൾക്കു മാതൃക കാണിച്ച സംസ്ഥാനമാണു കേരളം. ആ ഒരു പരീക്ഷണം ആരംഭിച്ച സ്റേററുതന്നെ പരിക്ഷീണിതരായിത്തീരുന്നോ എന്നു ഞാൻ സംശയിക്കുകയാണ്. കാരണം ഇന്നു നമ്മുടെ ഭാഗ്യക്കുറിയുടെ ആദായം കുറഞ്ഞു കുറഞ്ഞു വരികയാണ്. മററു സ്റേററുകളിലെ സമ്മാനത്തുകകൾ കൂടുതലായതുകൊണ്ട് ആളുകൾക്കു നമ്മുടെ ഭാഗ്യക്കുറിയോടുള്ള അടുപ്പം കുറഞ്ഞു വരുന്നത് നാം ഗൗരവപൂർവ്വം കണക്കിലെടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ നമ്മുടെ ഭാഗ്യക്കുറി കുറേക്കൂടി ജനകീയമാക്കാനുള്ള പരിശ്രമം ഉണ്ടാകണമെന്നുള്ളതാണ്. അതിന് എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുള്ളത് ഇരുപതോ മുപ്പതോ സമ്മാനങ്ങൾ (അര ലക്ഷത്തിൽ കവിയാത്ത) ഏർപ്പെടുത്തിക്കൊണ്ട് മഹാഭാഗ്യവാൻമാരായ പക്ഷാധിപതികളെ സൃഷ്ടിക്കുന്നതിനു പകരം ആയിരം കുടുംബങ്ങളെ സംരക്ഷിക്കുവാനുള്ള നടപടി ഗവൺമെൻറു സ്വീകരിക്കണമെന്നുള്ളതാണ്.

[Shri K. Moideenkutty Haji in the Chair]

മറെറാരുകാര്യംകൂടി അവസാനമായി എനിക്കു ചൂണ്ടിക്കാണിക്കുവാനുണ്ട്. പ്രസിഡൻറു ഭരണം ക്ഷണിച്ചുവരുത്തുന്ന കുറെ പാർട്ടികൾ, പ്രത്യേകിച്ചു ഒന്നുരണ്ടു പാർട്ടികൾ ഈ സഭയ്ക്കകത്തുള്ളതു ഞാൻ കാണുകയാണ്. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് രണ്ടുരണ്ടരക്കൊല്ലം ഇവിടെ ഭരിച്ചു. അന്നത്തെ സപ്തമുന്നണിയുടെ ചില്ലുകൊട്ടാരം ഇ. എം. എസ്സിന്റെ പാർട്ടിയിലെ ആളുകൾതന്നെ കല്ലെറിഞ്ഞു അടിച്ചു തകർത്തു. സപ്തമുന്നണിയെ മാമോദീസാ മുക്കിയെടുത്ത ഇ. എം. എസ്. തന്നെ അതിന് അന്ത്യകൂദാശയും നൽകി. അദ്ദേഹം രാജിവച്ചു. അതിനു ശേഷം ശ്രീ. അച്ചുതമേനോൻ മുഖ്യമന്ത്രിയായി. അദ്ദേഹം മുഖ്യമന്ത്രിസ്ഥാനം ഏറെറടുത്ത അന്നുതന്നെ വഞ്ചനാദിനം ആഘോഷിച്ചു, അക്രമങ്ങൾ പൊട്ടിപുറപ്പെട്ടു. ഇപ്പോൾ പറയുന്നത് അച്ചുതമേനോൻ രാജിവയ്ക്കണമെന്നാണ്. ഇവിടെ ഒരു പ്രസിഡൻറു ഭരണം ആഗ്രഹിക്കുകയല്ലേ മാർക്സിസ്ററു പാർട്ടി ചെയ്യുന്നതെന്നു ഞാൻ കുററാരോപണം നടത്തുകയാണ്. മാർക്സിസ്ററു പാർട്ടിയോടു അക്കാര്യത്തിൽ കൂട്ടു നിൽക്കുന്ന മറെറാരു പാർട്ടിയും ഇവിടെ ഉണ്ടെന്നുള്ളതു ഞാൻ ഓർമ്മിക്കുകയാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്: അതാരാണ്?

ശ്രീ. പി. പി. ജോർജ്: അതു കോൺഗ്രസ്സിൽനിന്നും വിട്ടുപോയ സിൻഡിക്കേററുകാർ എന്നു വളരെ പരസ്യമായി പറയാൻ ഞാനീയവസരം വിനിയോഗിക്കുകയാണ്. സർ, അതുകൊണ്ട് ഭരണകക്ഷിക്കാർ വളരെ കരുതിയിരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: അതൊന്നുകൂടി വിശദീകരിക്കാമോ?

ചെയർമാൻ: സമയമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ജോർജ്: ഭരണകക്ഷിക്കാർ വളരെ കരുതിയിരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ രാജ്യത്തു പതിയിരിക്കുന്ന ഈ ആപത്തു കണക്കിലെടുത്തുകൊണ്ട് മുന്നോട്ടു നീങ്ങണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. തലക്കനവും അഹങ്കാരവും മാററി വച്ചുകൊണ്ട് ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്ത് ഉയരുന്ന ഒരു ഗവൺമെൻറായിട്ട് മുന്നോട്ടു നീങ്ങട്ടെ എന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എൻെറ വാക്കുകൾ നിർത്തുന്നു.

ശ്രീ. എ. പി. കുര്യൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഉദ്യോഗസ്ഥമേധാവിത്വത്തിൻെറ പ്രതീകമായ ഗവർണ്ണറുടെ അവിഹിതമായ ഇടപെടൽമൂലവും അതുകഴിഞ്ഞ് പിൻവാതിലിൽക്കൂടിയും അധികാരത്തിൽവന്ന ഈ ഗവൺമെൻറു ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തിൻെറ എല്ലാ കിരാതമായ നടപടികളും ഇക്കഴിഞ്ഞ മൂന്നുമാസത്തിലേറെയായി നിർല്ലോഭമായിസംസ്ഥാനത്ത് അഴിച്ചുവിട്ടിരിക്കുകയാണ് എന്ന് സംഭവങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഞാൻ ഈ സഭയെ അറിയിക്കുകയാണ്. സർ, ഈ സംസ്ഥാനത്തിലെ ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം ഇതിനുമുൻപു അപൂർവ്വം ചില സന്ദർഭങ്ങളിൽ നടത്തിയിട്ടുള്ള മർദ്ദനങ്ങൾ മാത്രമല്ല വ്യക്തമായി പറഞ്ഞാൽ പൗരസ്വാതന്ത്ര്യത്തിൻെറ നേരെയുള്ള വളരെ ക്രൂരമായ കൈയ്യേററങ്ങൾ ഈ രാജ്യത്തുടനീളം നടക്കുകയാണ്. പലപ്പോഴും ഞങ്ങളുടെ രാഷ്ട്രീയപാർട്ടിക്ക് ഈ രാജ്യത്തെ ജനങ്ങളോട് കാര്യങ്ങൾ തുറന്നു പറയുന്നതിനു പൊതുസമ്മേളനങ്ങൾ നടത്താൻപോലും അനുമതി ലഭിക്കുകയില്ല എന്നുള്ള സ്ഥിതിയിലേക്കു ഇന്നു കാര്യങ്ങൾ എത്തിയിട്ടുണ്ട്. ഇക്കഴിഞ്ഞ ഒരു മാസത്തിനിടയ്ക്കു എൻെറ ജില്ലയിൽ നിരവധി സ്ഥലങ്ങളിൽ പോലീസു മേധാവികളും അതുപോലെതന്നെ ജില്ലാകളക്ടറും ഒരു പൊതുസമ്മേളനത്തിന് മൈക്ക് ഉപയോഗിക്കണമെന്നാവശ്യപ്പെട്ടാൽ അതിന് അനുമതി നൽകാൻ തയ്യാറല്ലെന്ന് പരസ്യമായി പറഞ്ഞിട്ടുണ്ട്, എഴുതി അറിയിച്ചിട്ടുണ്ട്. ഇത്തരത്തിലാണ് ഈ ഗവൺമെൻറ് പോകുന്നതെങ്കിൽ, പ്രതിപക്ഷത്തെ അടിച്ചമർത്തിക്കൊണ്ട് അവർക്ക് ഈ രാജ്യത്തെ ജനങ്ങളോട് തുറന്നു പറയാനുള്ളത് പറയാനുള്ള അവസരം കൊടുക്കാതെ മുൻകാലത്തു അപൂർവ്വം ചില ഉദ്യോഗസ്ഥ മേധാവികൾ വാണരുളിയിരുന്ന ആ സ്ഥിതിവിശേഷം ഉണ്ടാക്കുകയാണെങ്കിൽ ഈ ഗവൺമെൻറ് ഏറെക്കാലം ഇങ്ങനെ തുടർന്നുപോകാൻ കഴിയുകയില്ലെന്നുള്ള വസ്തുതയാണ് എനിക്കു അറിയിക്കുവാനുള്ളത്. നാട്ടിൽ ഇതിൻെറ ഫലമായിട്ട് എന്തുണ്ടാകുമോ? ഈ അഴിച്ചുവിട്ട, കടിഞ്ഞാൺ അഴിച്ചുവിട്ട ഉദ്യോഗസ്ഥമേധാവിത്വം ഈ രാജ്യത്താകെ അഴിമതി നടത്തുകയാണ്. അതിൻെറ ഞെട്ടിപ്പിക്കുന്ന കഥകൾ എണ്ണമററ കഥകൾ ആവർത്തിച്ചാവർത്തിച്ച് ദിനംപ്രതി സംഭവിച്ചു കൊണ്ടിരിക്കുകയാണ്. സർ, ചുരുക്കത്തിൽ ശ്രീമാൻ അച്ചുതമേനോൻെറ സ്വന്തം പാർട്ടിപത്രമായ ജനയുഗം പോലും പോലീസിൻെറ കിരാതവാഴ്ചയ്ക്കെതിരായി ശബ്ദമുയർത്തിത്തുടങ്ങിയിട്ടുണ്ട് ഇതിനടുത്തുള്ള ദിവസം, മിനിയാന്ന്, ചെങ്ങന്നൂരുണ്ടായ ഭീകരമായ വെടിവയ്പ്പും കൊലപാതകവും സംബന്ധിച്ചു പരാമർശനങ്ങൾ അൽപ്പം മുൻപു ഇവിടെ ഉണ്ടായിട്ടുള്ളതാണ്. ഇതിനെല്ലാം കൊടിപിടിക്കുന്ന കക്ഷി, നയിക്കുന്ന കക്ഷി തന്നെ ഏതാനും ദിവസങ്ങൾക്കു മുൻപു ആലപ്പുഴയിൽ നടന്ന പോലീസിൻെറ കിരാതവാഴ്ചയെ സംബന്ധിച്ചു പരസ്യമായി ആക്ഷേപിക്കാൻ തുടങ്ങിയിട്ടുണ്ട്. ഭരണകക്ഷിയംഗങ്ങൾ പോലും ഇന്നു നടക്കുന്ന പോലീസു വാഴ്ചക്കെതിരായി ശബ്ദമുയർത്തുന്ന സാഹചര്യം ഈ സംസ്ഥാനത്തു ഉണ്ടാക്കിയിരിക്കുകയാണ്. ഇതിനെതിരായി ശക്തിയായ നടപടി സ്വീകരിക്കാൻ തയ്യാറില്ലാതെ പോലീസു ചെയ്യുന്നതെല്ലാം ശരിയാണെന്നു പറഞ്ഞുകൊണ്ട് ഈ രാജ്യത്തെ പാവപ്പെട്ട ജനവിഭാഗങ്ങൾക്കെതിരായി

9/3010/MC

LIBRARY ARCHIVES Kerala Legislative Assembly

അക്രമം അഴിച്ചുവിടാനാണ് തുടങ്ങുന്നതെങ്കിൽ ഈ ഗവൺമെൻറിന് ഏറെക്കാലം അതുമായി മുന്നോട്ടു പോകാൻ കഴിയുകയില്ലെന്നാണ് എനിക്ക് ഈയവസരത്തിൽ പറയാനുള്ളത്. ഈ ഗവൺമെൻറ് എന്തൊക്കെയാണു ചെയ്തിട്ടുള്ളത്? പലപ്പോഴും ഉദ്യോഗസ്ഥൻമാരുടെ ഇഷ്ടാനുസരണമായിട്ടാണ് കാര്യങ്ങൾ പോകുക. എൻെറ ബഹുമാന്യസുഹൃത്തു ശ്രീ. പി. പി. ജോർജ്ജ് ഈ ഗവൺമെൻറിൻെറ ഒരു പ്രധാനപ്പെട്ട നടപടിയെസംബന്ധിച്ചു സൂചിപ്പിക്കുകയുണ്ടായി. ഇക്കഴിഞ്ഞദിവസം ബഡ്ജററു അവതരിപ്പിച്ചുകൊണ്ട് ധനകാര്യമന്ത്രി നടത്തിയ പ്രസംഗത്തിൽ ഈ സംസ്ഥാനത്തു നടന്നുകൊണ്ടിരിക്കുന്ന ഹരിതവിപ്ലവത്തെസംബന്ധിച്ച് ഒരു ഗിരിപ്രസംഗം തന്നെ നടത്തുകയുണ്ടായി. എന്നാൽ ചില നടപടികൾ കാണുമ്പോൾ ഈ ഹരിതവിപ്ലവമെല്ലാം അവരെ പ്രതിനിധാനം ചെയ്യുന്ന കുറെ മേലാളൻമാർക്കു വേണ്ടി സംവിധാനം ചെയ്തിട്ടുള്ളതാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ബഹുമാനപ്പെട്ട പി. പി. ജോർജ്ജ് ഉന്നയിച്ച സംഭവം ശ്രദ്ധേയമാണ്. ഈ സംസ്ഥാനത്തെ പതിനായിരക്കണക്കിനു ചെറുകിട കൃഷിക്കാർ മൂന്നു ഹോഴ്സ്പൗവ്വർ ഉള്ള മോട്ടോറുകൾ ഉപയോഗിക്കുന്നവരാണ്. മൂന്നു എച്ച്. പി. മോട്ടോർ ശക്തി ഉപയോഗിക്കുന്ന ആളുകളുടെ മേൽ ചെയ്തിരിക്കുന്ന സഹായം മുൻപു 8 പൈസയെന്നുള്ളത് 24 പൈസയാക്കി വർദ്ധിപ്പിച്ചിരിക്കുന്നു എന്നുള്ളതാണ്. അതും ആദ്യത്തെ 60 യൂണിററുവരെ 30 പൈസയും അതിനുശേഷം 24 പൈസയുമാണ്. എന്നാൽ 5 ഹോഴ്സ് പൗവ്വർ ഉപയോഗിക്കുന്ന പമ്പുസെററുകൾക്ക് ഇപ്പോഴും നിലവിലുള്ള എട്ടുപൈസ നിരക്കുതന്നെയാണ് ഇലക്ട്രിസിററി ബാർഡ് ഏർപ്പെടുത്തിരിക്കുന്നത്. ശ്രീ. അച്ചുതമേനോൻെറ പാർട്ടിക്കു ഗണ്യമായ മേധാവിത്വമുള്ള ഇലക്ട്രിസിററിബോർഡ് ആരുടെ താൽപ്പര്യങ്ങളാണു സംരക്ഷിക്കുന്നുത്? വൻകിട ഭൂസ്വാമിമാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നു. ഈ രാജ്യത്തു ചെറുകിടക്കാരായ എണ്ണമററ പാവപ്പെട്ട കൃഷിക്കാർ, രണ്ടും മൂന്നും ഏക്കർ കൈവശമുള്ള കൃഷിക്കാർ മുൻപു കൊടുത്തിരുന്നതിൻെറ രണ്ടും മൂന്നും നാലും ഇരട്ടി കറണ്ടു ചാർജ് കൊടുക്കണം. എന്നാൽ അഞ്ചും പത്തും ഇരുപതും ഏക്കറുള്ള ഭൂസ്വാമിമാർക്കു മേലേക്കിടയിലുള്ള വർഗ്ഗങ്ങൾക്ക് നിലവിലുള്ള ഇലക്ട്രിസിററി ചാർജ് കൊടുത്താൽമതി. ഇതു നിങ്ങൾ പ്രതിനിധീകരിക്കുന്ന താൽപ്പര്യം എന്താണെന്നുള്ളത് വിളിച്ചറിയിക്കുന്നതിൻെറ വ്യക്തമായ ഉദാഹരണമാണ്. ഈ സംസ്ഥാനത്ത് ഒട്ടനവധിഅഴിമതികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഞാൻ അതിൻെറയൊന്നും നീണ്ടനീണ്ട പട്ടികയിലേക്കു കടക്കുന്നില്ല. ഈ ബഡ്ജററിൽ നിരവധി കോർപ്പറേഷനുകൾ രൂപീകരിക്കുവാൻ പോകുന്നതിനെസംബന്ധിച്ച് സൂചിപ്പിച്ചിട്ടുണ്ട്. പലതിനും ടോക്കൺ സംഖ്യയുംകൊള്ളിച്ചിട്ടുണ്ട്. അതു വിശദീകരിച്ചുകൊണ്ട് ധനകാര്യമന്ത്രി നടത്തിയ മറുപടി പ്രസംഗത്തിൽ ഇതെല്ലാം രൂപീകരിക്കുന്നതു നല്ലതാണ്, ഇൻസ്ററിററ്യൂഷണൽ ഫൈനാൻസിനെ ആശ്രയിച്ചുകൊണ്ട് ഈ സംസ്ഥാനത്ത് കുറെ മെച്ചപ്പെട്ട സ്ഥിതി വിശേഷം ഉണ്ടാകാൻ വേണ്ടിയാണ് എന്നും അല്ലാതെ സ്വന്തം കക്ഷിയിലുള്ള ആളുകളെ കുത്തിത്തിരുകാൻ അല്ലെന്നും പറഞ്ഞു വിശ്വസിപ്പിക്കുവാൻ ശ്രമിച്ചു. ഇതിനുമുമ്പ് നടന്നിട്ടുള്ള കഥകളൊന്നും ഞാൻ പറയുന്നില്ല. എന്നാൽ അടുത്ത കാലത്ത് നടന്ന ഒരുത്തരവ് ഈ ഗവൺമെൻറ് ഇനിയും ഏതുവഴിക്കാണ് ചലിക്കുകയെന്നുള്ളത് സ്പഷ്ടമാക്കിയിട്ടുണ്ട്. വെയർഹൗസിംഗ് കോർപ്പറേഷൻെറ ചെയർമാൻെറ ഒഴിവുവന്നു. ഇതിനു മുൻപു ചെയർമാനായിരുന്നത് കാർഷിക വകുപ്പിലെ അഡിഷണൽ സെക്രട്ടറിയായിരുന്ന ശ്രീ. വി. വി. സ്വാമിനാഥനായിരുന്നു. അതിന് റബ്ബർബോർഡ് ചെയർമാൻെറ കത്തോടുകൂടി തമ്പാൻ തോമസ് എന്നു പറയുന്ന ഇൻഡ്യൻ സോഷ്യലിസ്ററു പാർട്ടിയിലെ പ്രമുഖ നേതാവിനെ നിയമിച്ചു. ഇത് എന്താണു തെളിയിക്കുന്നത്? ഈ ഗവൺമെൻറു

LIBRARY ARCHIVES Kerala Legislative Assembly

സ്വന്തം കക്ഷിയിലുള്ള ആളുകളെ ഓരോ കോർപ്പറേഷനിലും തിരുകി കയറ്റുന്നു എന്നുള്ളതിന് ഉത്തമ ഉദാഹരണമാണ്. ഇന്നുള്ള കോർപ്പറേഷനിൽ സ്വന്തം താൽപ്പര്യങ്ങൾക്കനുസരിച്ച് നിയമനം നടത്താൻ ഒരു ജാഗ്രതയും ഇപ്പോതായിട്ടുണ്ട്. ഒരു സംഭവം ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഞാൻ ആരോപണങ്ങളുടെ പട്ടിക നിരത്തിവയ്ക്കുകയല്ല. ഈയൊരു സംഭവത്തെ സംബന്ധിച്ച് അന്വേഷിക്കാൻ മുഖ്യമന്ത്രി തയ്യാറുണ്ടോ? പ്ലാൻറേഷൻ കോർപ്പറേഷനെ സംബന്ധിച്ചു പറയുമ്പോൾ ഞങ്ങളുടെ രാഷ്ട്രീയ വിരോധം കൊണ്ടാണെന്നു പറയും. ഈ പ്ലാൻറേഷൻ കോർപ്പറേഷനിൽ നടന്ന ഒരു നിയമനത്തിൻെറ കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 16—10—69—ൽ പ്ലാൻറേഷൻ കോർപ്പറേഷനിൽ ഒരു ഡ്രൈവറെ നിയമിക്കുകയുണ്ടായി. ആർക്കുവേണ്ടിയാണ് നിയമിച്ചത്? അഡ്രസ് ഇതാണ്:

പി. എ. ജോർജ്ജ്, കെയർഓഫ്
റോസമ്മാപുന്നൂസ്, പുളിമൂട്ടിൽഹൗസ്,
തിരുവല്ല.

ഈ ഉത്തരവിൻെറ ഫോട്ടോസ്ററാററു കോപ്പി ആവശ്യമാണെങ്കിൽ ഒന്നു രണ്ടു ദിവസത്തിനകം ഹാജരാക്കാൻ ഞാൻ തയ്യാറാണ്. റോസമ്മാപുന്നൂസിൻെറ ഭർത്താവായ ശ്രീ. പി. ടി. പുന്നൂസിന് ഒരു കാറുണ്ട്. റോസമ്മാപുന്നൂസ് പ്ലാൻറേഷൻ കോർപ്പറേഷൻെറ ചെയർമാനാണ്. ശ്രീ. പി. ടി. പുന്നൂസിന് ഒരു ഡ്രൈവറെ നിയമിച്ചിരിക്കുന്നു. ഇൻറർവ്യൂ നടത്തിയിട്ടില്ല, അപേക്ഷ ക്ഷണിച്ചിട്ടില്ല. ഹെഡ്ക്വാർട്ടേഴ്സ് തിരുവല്ലയാണ്. തിരുവല്ലയും പ്ലാൻറേഷൻ കോർപ്പറേഷൻ ഹെഡ്ക്വാർട്ടേഴ്സുമായി യാതൊരു ബന്ധവുമില്ല. ഈ ഡ്രൈവറെ നിയമിച്ചിരിക്കുന്നത് തിരുവല്ലയിൽ പണിയെടുക്കാനാണ്. സർ, ശ്രീ. പി. ടി. പുന്നൂസിനു സ്വന്തമായുള്ള കാറിനു പ്ലാൻറേഷൻ കോർപ്പറേഷൻ ചെലവിൽ ഡ്രൈവറെ നിയമിക്കുന്നു.

അപേക്ഷ ക്ഷണിക്കേണ്ട, നോട്ടിഫിക്കേഷൻ നടത്തണ്ട, യാതൊരു ക്രമപ്രകാരമുള്ള നടപടിയും നടത്തണ്ട. നിയമനം നടത്തി. നിയമനം നടത്തിയതിനുശേഷമോ സർ, രസകരമായ സംഭവമാണ്. 16—10—69 ലാണ് നിയമനം നടന്നത്. ഈ സംസ്ഥാനത്ത് ഇതിനുമുമ്പ് ഇങ്ങനെ ഉണ്ടായിട്ടില്ലെയെന്ന് തോന്നിയേക്കാം. പക്ഷേ ഇത്രയും വ്യാപകമായിട്ടുള്ള അഴിമതി നടത്താൻ ഒരൊററയാളും തയ്യാറായിട്ടില്ല. 16—10—69-ൽ നടത്തിയിട്ടുള്ളതാണ് ഈ അപ്പോയിൻറ്മെൻറ് ആർഡർ. പക്ഷേ ഈ ഡ്രൈവർക്ക് പിൽക്കാലപ്രാബല്യത്തോടുകൂടി ശംബളം കൊടുത്തിരിക്കുകയാണ്. അതിൻെറ രേഖകൾ എൻെറകൈവശമുണ്ട്. തെളിയിക്കാൻ ഞാൻ തയ്യാറുമാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്: എന്നാണ് നിയമനം നടത്തിയത്?

ശ്രീ. എ. പി. കുര്യൻ: 16—10—69-ൽ.

ശ്രീ. ജോസഫ് ചാഴിക്കാട്: അന്ന് ആരാണ് ഭരിച്ചിരുന്നത്?

ശ്രീ എ. പി. കുര്യൻ: ഭരിച്ചിരുന്നവർ ആരോ ആകട്ടെ, പ്ലാൻറേഷൻ കാർപ്പറേഷൻെറ കാര്യമാണ് ഞാൻ പറയുന്നത്. അച്യുതമേനോൻെറ കക്ഷിയിൽപ്പെട്ട ശ്രീമാൻ എം. എൻ. ആയിരുന്നു അതിൻെറ മന്ത്രി. അന്ന് അതിൻെറ ചെയർമാനായിരുന്നത് ശ്രീമതി റോസമ്മാ പുന്നൂസായിരുന്നു. അവരുടെ ഭർത്താവിൻെറ കാറിനുവേണ്ടി ഒരു ഡ്രൈവറെ നിയമിച്ചു. അതിനു മന്ത്രിയെക്കൊണ്ടു പാസ്സാക്കി പായിപ്പിക്കുക, അതിനു പിൽക്കാലപ്രാബല്യം കൊടുക്കുക. അപേക്ഷ ക്ഷണിച്ചിട്ടില്ല. ഏതു തീയതിമുതലാണ് പിൽക്കാലപ്രാബല്യ

LIBRARY ARCHIVES Kerala Legislative Assembly

മെന്ന് കൃത്യമായി അറിഞ്ഞുകൂട. ഒരുമാസം മുമ്പേയുള്ള തീയതിവെച്ച് ശമ്പളംകൊടുക്കാൻ ഉത്തരവ് പാസ്സാക്കുക—അത് എവിടെ നടന്നിട്ടുള്ള കാര്യമാണ്. ഇത്ര പട്ടാപ്പകൽ നടത്തിയിട്ടുള്ള അഴിമതികൾ അവിടെ ചെയർമാൻ പദവി ഉപയോഗിച്ചുകൊണ്ട് ഒരു വലതു കമ്മ്യൂണിസ്റ്റുകാരൻ നടത്തുന്നുവെന്നുള്ളതാണ് എനിക്ക് പരമപ്രധാനമായി ഉദാഹരിക്കുവാനുള്ളത്. ഇതിനുപുറമേ ഒട്ടേറെ കഥകൾ വേറെയും കേൾക്കുന്നുണ്ട്. ചെയർമാൻ പദവി ഉപയോഗിച്ചുകൊണ്ട് പ്ലാന്റേഷൻകാർപ്പറേഷനിൽ അവരുടെ സ്വന്തം താത്പര്യങ്ങൾ നിലനിർത്തുന്നതിനുവേണ്ടി മാനേജിംഗ് ഡയറക്ടർക്കു താഴെയുള്ള ഉദ്യോഗസ്ഥൻമാരുടെ മേൽ സമ്മർദ്ദം ചെലുത്തുകയാണ്. കുറെ സത്യസന്ധനായ മാനേജിംഗ് ഡയറക്ടർ ഇതിനൊന്നും വിധേയനായിട്ടില്ല. അതിന്റെ ഫലമായിട്ട് ആയിരംരൂപാ ശമ്പളവും ഒട്ടേറെ ടി. ഏ. യും വാങ്ങിക്കൊണ്ടിരിക്കുന്ന ശ്രീമതി റോസമ്മാ പുന്നൂസ് മാനേജിംഗ് ഡയറക്ടറെ അവിടെനിന്നും മാററുന്നതിനുവേണ്ടി ഗൂഢാലോചനനടത്തിക്കൊണ്ടിരിക്കുകയാണെന്ന് അവിടത്തെ തോട്ടംതൊഴിലാളികളുടെ ഇടയിലും ഉദ്യോഗസ്ഥൻമാരുടെ ഇടയിലും സംസാരമുണ്ട്. ആ കഥകളൊന്നും വിവരിക്കാൻ ഞാനുദ്ദേശിക്കുന്നില്ല. ഇതാണ് ഈ രാജ്യത്ത് അഴിമതികൾ നടക്കുന്നതിന്റെ ഏകദേശരൂപം. ഈ ഗവൺമെൻറിലെ വിവിധ കക്ഷികൾ, ഘടകകക്ഷികളുടെ വിവിധ ആളുകൾ അഴിമതി ഒരു സ്ഥിരം ഏർപ്പാടായി നടത്തിക്കൊണ്ടിരിക്കുകയാണ്. സർ, ഇതിനെക്കുറിച്ചൊക്കെ അന്വേഷിക്കണം. ഇവിടെ ഒരു വിജിലൻസ് കമ്മിഷ്ണർ ഈ രാജ്യത്തുണ്ടായിരുന്നു; ശ്രീമാൻ രാമനാഥൻ പിള്ള. ഇന്ന് അദ്ദേഹമില്ല. അദ്ദേഹമില്ലെന്നുമാത്രമല്ല ആ വിജിലൻസ് കമ്മിഷ്ണറുടെ തസ്തികയും ഇല്ലാതാക്കിയിരിക്കുകയാണ്. കാരണമെന്താണ്? ശ്രീമാൻ രാമനാഥൻ പിള്ള അദ്ദേഹത്തിന്റെ വിജിലൻസ് കമ്മിഷ്ണർ എന്ന പദവി ഉപയോഗിച്ചുകൊണ്ട് ഇവിടെ ചില ആളുകൾ മൂടിവെയ്ക്കാൻ ആഗ്രഹിക്കുന്ന ചില അഴിമതിയാരോപണങ്ങൾ വെളിച്ചത്തു കൊണ്ടുവന്നേയ്ക്കുമോയെന്ന സംശയമുള്ളതുകൊണ്ടാണ് ഈ ഗവൺമെൻറ് വന്നതിനുശേഷം ഒരു ഭരണ പരിഷ്ക്കാരമെന്ന രീതിയിൽ ശ്രീമാൻ രാമനാഥൻപിള്ളയെ ആ സ്ഥാനത്തില്ലാതാക്കുകയും ആ തസ്തികതന്നെ ഇല്ലാതാക്കുകയും ചെയ്തത്. സ്വന്തം കക്ഷിയുടെ താത്പര്യത്തിനുവേണ്ടി അല്ലെങ്കിൽ തങ്ങൾ ഉദ്ദേശിക്കുന്ന അഴിമതിക്കാരായ ഉദ്യോഗസ്ഥൻമാരെ രക്ഷിക്കുന്നതിനുവേണ്ടി എന്തുംചെയ്യാൻ ഈ ഗവൺമെൻറിന് യാതൊരു മടിയുമില്ല. സർ, മലയാററൂർ രാമകൃഷ്ണന്റെ പേരിലുള്ള കേസ് ഇന്ന് എവിടെയാണ്. ആ കേസ് ഇല്ലാതാക്കിയിരിക്കുകയാണ്. അതിനെക്കുറിച്ചുള്ള പത്രപ്രസ്താവനയും വന്നിട്ടുണ്ട്. മലയാററൂർ രാമകൃഷ്ണന്റെ കാര്യം ഈ നിയമസഭയിൽതന്നെ വളരെയധികം സംവാദത്തിന്. ഇടയാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പേരിലുള്ള ഇടക്കാല അന്വേഷണറിപ്പോർട്ട് ഈ സംസ്ഥാനനിയമസഭയിൽതന്നെ പലവിധത്തിലുള്ള ചർച്ചയ്ക്ക് ഇടയാക്കിയിട്ടുണ്ട്. പക്ഷേ ഇപ്പോൾ അതിനെപ്പററിയുള്ള യാതൊരു റിപ്പോർട്ടും വെളിച്ചം കാണുന്നില്ല. ഇന്ന് മലയാററൂർ രാമകൃഷ്ണന്റെ പേരിലുള്ള എല്ലാ അന്വേഷണങ്ങളും നിറുത്തിയിരിക്കുന്നുവെന്നും അതെല്ലാം റദ്ദാക്കിയിരിക്കുന്നുവെന്നും മലയാററൂർ രാമകൃഷ്ണന്റെ പേരിലുള്ള എല്ലാ കേസ്സുകളും പിൻവലിച്ചിരിക്കുന്നുവെന്നുമാണ് അറിയുന്നത്. ഈ വിധത്തിൽ തങ്ങളുടെ താത്പര്യത്തിനും തങ്ങൾക്കുവേണ്ടി ശിങ്കിടി പാടുന്ന ഉദ്യോഗസ്ഥൻമാരെ രക്ഷിക്കുന്നതിനും അവരുടെപേരിലുള്ള ആരോപണങ്ങൾ മൂടിവെയ്ക്കാനും അതെല്ലാം ഇല്ലായ്മചെയ്യാനും എന്തും ചെയ്യാൻ തയ്യാറായിരിക്കുന്ന ഈ മന്ത്രിസഭയ്ക്ക് ശ്രീമാൻ പി. കെ. കുഞ്ഞിനെ ഒഴിവാക്കിനിറുത്തണമെന്ന് പറയാൻ എന്താണ് അർഹത. ശ്രീമാൻ പി. കെ. കുഞ്ഞ് അഴിമതിക്കാരനാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇവർക്ക് എന്താണ് ശ്രീമാൻ പി. കെ. കുഞ്ഞിനെ ഒഴിച്ചുനിറുത്തണമെന്നുപറയാനുള്ള അർഹത.

LIBRARY ARCHIVES Kerala Legislative Assembly

അത്രമാത്രം ഈ മന്ത്രിസഭയും ഇവരും അധ:പ്പതിച്ചുകഴിഞ്ഞിരിക്കുന്നു എന്നാണ് എനിക്ക് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുവാനുള്ളത്.

സർ, ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഒരു മിനിട്ടിനകം ഞാൻ അവസാനിപ്പിച്ചുകൊള്ളാം. ഭരണച്ചെലവ് ചുരുക്കാൻവേണ്ടിയെന്ന വ്യാജേന ഇവിടെയുണ്ടായിരുന്ന പ്ലാനിംഗ് ബോർഡിനെ പിരിച്ചുവിട്ടു. പൊതുഭരണത്തിനു ഭാരമെന്നുള്ളതുകൊണ്ടാണ് പിരിച്ചുവിട്ടതെന്ന അഭിപ്രായം ശരിയല്ല. അതിന്റെ കാരണത്തെപ്പററി ഈ സഭയിൽതന്നെ ചർച്ചചെയ്തിട്ടുണ്ട്. 1969—70 ൽ, കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഈ പ്ലാനിംഗ് ബോർഡിനെ പിരിച്ചുവിടുന്നതിന് മുമ്പായിട്ട് റിവൈസ്ഡ് എസ്ററിമേററടക്കം ഇതിനുവേണ്ടി ചെലവഴിച്ചിട്ടുള്ള സംഖ്യയും ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള സംഖ്യയും തമ്മിൽ ഒന്നു തട്ടിച്ചുനോക്കണം. 70—71 ൽ, പുതുതായി പുനസംഘടിപ്പിച്ചിട്ടുള്ള പ്ലാനിംഗ്ബോർഡിനുവേണ്ടി ശ്രീ അച്യുതമേനോന്റെ ഗവൺമെന്റ് കൊള്ളിച്ചിട്ടുള്ള അടങ്കൽ കഴിഞ്ഞവർഷം ഈ പ്ലാനിംഗ്ബോർഡിന്റെ റിവൈസ്ഡ് എസ്ററിമേററടക്കം ചിലവഴിച്ചിട്ടുള്ള സംഖ്യയുടെ നാലിരട്ടിയാണ്. ഇത് പരിശോധിക്കണമെന്ന് മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്. അധികച്ചെലവെന്നപേരിലാണ് പ്ലാനിംഗ്ബോർഡിനെ പിരിച്ചുവിട്ടത്. എന്നാൽ പിരിച്ചുവിട്ടത് രാഷ്ട്രീയമായ ഉദ്ദേശമാണെന്ന് ഈ രാജ്യത്ത് എല്ലാവർക്കും അറിയാം. ചെലവുകുറയ്ക്കാൻവേണ്ടിയെന്നുപറഞ്ഞിട്ട് കഴിഞ്ഞവർഷം ചെലവാക്കിയതിന്റെ നാലിരട്ടിസംഖ്യയാണ് ഇപ്പോൾ ഇതിനുവേണ്ടി കൊള്ളിച്ചിരിക്കുന്നത്. ഇതിന് എന്തു ന്യായീകരണമാണുള്ളത്. ഇങ്ങനെ അഴിമതിയും സ്വജനപക്ഷപാതവും നടത്തുന്ന ഒരു ഗവൺമെന്റാണ് ഇന്ന് ഈ രാജ്യത്ത് ഭരണം നടത്തുന്നത്. അതുകൊണ്ട് ശക്തിയായി ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ കെ. എ. ശിവരാമഭാരതി:</u> സർ, ഞാൻ പ്രധാനമായും ഒന്നുരണ്ടു കാര്യങ്ങളാണ് ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുദ്ദേശിക്കുന്നത്. സംസ്ഥാനാന്തര നദീജലത്തർക്കത്തെ സംബന്ധിച്ചിടത്തോളം അക്ഷന്തവ്യമായ ഒരു അപരാധമാണ് ഗവൺമെന്റ് നാളിതുവരെ കാണിച്ചിട്ടുള്ളതെന്ന ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

ഈ ബഡ്ജററുപ്രസംഗം നടത്തുന്ന അവസരത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിതന്നെ വാസ്തവവിരുദ്ധമായ ചില റിപ്പോർട്ടുകൾകൂടി ഈ നിയമസഭയിൽ നൽകിയിട്ടില്ലേയെന്ന് എനിക്ക് സംശയം തോന്നുന്നുണ്ട്. മാത്രമല്ല ഞാൻ വളരെ വ്യക്തമായി അതിൽ ഒരു വസ്തുത ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ജലസേചനത്തെപ്പററി അദ്ദേഹം പറഞ്ഞിട്ടുള്ളത് ''പെരിയാർ വാലിയും ചിററൂർപുഴയും 1970—71 ൽ തന്നെ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.'' എന്നാണ്. എന്തടിസ്ഥാനത്തിലാണ് അദ്ദേഹം ഇതു പറഞ്ഞതെന്ന് എനിക്ക് നിശ്ചയമില്ല. കാരണം ചിററൂർപുഴ പദ്ധതിയെന്നുപറഞ്ഞാൽ ഞാൻ മനസ്സിലാക്കിയിടത്തോളവും ഗവൺമെന്റുഭാഗത്തുനിന്നും കഴിഞ്ഞ സമ്മേളനത്തിൽ മറുപടി പറഞ്ഞപ്പോഴുമൊക്കെ എട്ടരക്കോടി രൂപയുടെതായിട്ടുള്ള മൂന്നു ഘട്ടങ്ങൾ ഇതിനുണ്ട്. അതിൽ ആദ്യത്തേതായിട്ടുള്ള ഘട്ടമാണ് ഇപ്പോൾ നടക്കുന്നത്. അതിൽതന്നെ ഒരുകോടിരൂപയിൽതാഴെ വരുന്ന സംഖ്യമാത്രമാണ് ചെലവുചെയ്യാൻ ഉദ്ദേശിക്കുന്നത്. രണ്ടാമത്തെ ഘട്ടത്തിന് നാലരക്കോടി രൂപയും മൂന്നാമത്തെ ഘട്ടത്തിന് മൂന്നുകോടിരൂപയുമാണ്. ഇങ്ങനെയാണ് ഈ പദ്ധതി വിവക്ഷിച്ചിട്ടുള്ളത്. ഇപ്പോഴത്തെ ആദ്യഘട്ടംതന്നെ മുഴുമിക്കാതിരിക്കുന്ന അവസരത്തിൽ, നാലഞ്ചുകൊല്ലമായി ഇതിന്റെ പ്രവർത്തനമാരംഭിച്ചിരുന്നാൽപോലും 1970—71 ൽ ഈ ചിററൂർപുഴ പദ്ധതിയുടെ പ്രവർത്തനം പൂർത്തിയാകുമെന്നുപറഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

അത് ഈ സഭയെ തെററിദ്ധരിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ലേ എന്ന് ഈ അവസരത്തിൽ മുഖ്യമന്ത്രിയോട് പ്രത്യേകം ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

സർ, ഈ പദ്ധതികളുടെ കാര്യത്തെസംബന്ധിച്ചിടത്തോളം കഴിഞ്ഞ ബഡ്ജററു പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി മറുപടി പറയുന്ന അവസരത്തിൽ പറഞ്ഞത് ഇതിനെല്ലാം തർക്കമുണ്ടെന്നും ഈ തർക്കങ്ങളെല്ലാം തീർന്നിട്ടില്ലെന്നും അതു തീർന്നുകഴിഞ്ഞാലെ പ്രവർത്തനം ആരംഭിക്കുകയുള്ളൂ എന്നുമാണ്. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിതന്നെ രണ്ടുതരത്തിൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഈ സഭയോട് ചെയ്ത നീതികേടല്ലേയെന്ന് എനിക്ക് ഈ അവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കാൻ തോന്നുകയാണ്. ഈ അവസരത്തിൽ നദീജലപ്രശ്നത്തെസംബന്ധിച്ചിടത്തോളം നമ്മുടെ ഗവൺമെൻറ് വേണ്ടിടത്തോളം നല്ല ഒരു കാഴ്ചപ്പാട് എടുത്തിട്ടില്ലെന്ന് വളരെ ശക്തിയായ ഒരു കുററാരോപണം എനിക്കുണ്ട്. സർ, നമ്മുടെ ഈ പറമ്പിക്കുളം ആളിയാർ പദ്ധതി തന്നെ ഇന്ന് നടപ്പിൽവരുത്തുന്നതിന് ആവശ്യമായിട്ടുള്ള വിധത്തിൽ പ്രാഥമികമായിട്ടുള്ള എല്ലാ സംഭാഷണങ്ങളും കഴിഞ്ഞിരിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽതന്നെയാണ് തമിഴ്നാട് ഗവൺമെൻറ് അവരുടെ ഭാഗത്തുള്ള നീരാറിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. അവർ അവിടെ ഡാമിന്റെ പണി നടത്തിക്കൊണ്ടിരിക്കുമ്പോൾ ചർച്ച ഇനിയും ആവശ്യമുണ്ടെന്നവിശ്വാസത്തോടുകൂടി നാം കാത്തിരിക്കുകയാണ്. എന്നാൽ ഇതും രണ്ടും ഒന്നിച്ചുള്ളതാണെന്നുള്ളകാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കിയിട്ടില്ലെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്. നീരാറിലെ ഡാമിന്റെ പണി അവർ നടത്തിക്കൊണ്ടിരിക്കുകയാണ്. കുര്യാർകുട്ടി പദ്ധതിയിലെ ചിററൂർ പുഴയുടെ രണ്ടാംഘട്ടവും ഇതുംകൂടി ഒന്നിച്ചുള്ളതാണെങ്കിൽ മദ്രാസ്ഗവൺമെൻറ് അവരുടെ പണി തുടങ്ങുമ്പോൾ അവിടെ നമ്മുടേത് തുടങ്ങാത്തത് എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

കഴിഞ്ഞ നിയമസഭയിലും ഞാൻ ഇതിനെപ്പററി പറയുകയുണ്ടായി, ഈ കാര്യത്തിൽ അടിയന്തിരമായ നടപടികൾ സ്വീകരിക്കണമെന്ന്. കേരളത്തിൽ ഏററവും കൂടുതൽ നെൽക്കൃഷി ചെയ്യുന്ന പാലക്കാടു ജില്ലയിലെ ഒരു ലക്ഷത്തിലധികം വരുന്ന കൃഷിക്ക് ജലസേചനസൗകര്യമുണ്ടാക്കാൻ പററുന്ന ഈ പദ്ധതിക്കുവേണ്ടതു ചെയ്യണമെന്നും അതിന്റെ ഡാം നിർമ്മിക്കുന്നകാര്യത്തിൽ വേണ്ടതുചെയ്യണമെന്നും അഭ്യർത്ഥിച്ചിരുന്നു. അത് ഇന്നും ഉണ്ടായിട്ടില്ല. ചിററൂർപുഴയുടെകാര്യത്തിൽ മദ്രാസിന്റെ പ്രവർത്തനം പൂർത്തിയാകുമ്പോൾ നമ്മുടെ ഭാഗത്ത് ഏതാണ്ട് അയ്യായിരം ഏക്കറോ പതിനായിരം ഏക്കറോ മുങ്ങിപ്പോകുമെന്നാണ് പറയുന്നത്. ആ കാര്യവും നമ്മുടെ ഗവൺമെൻറു ശ്രദ്ധിക്കുന്നില്ല. അതുപോലെതന്നെ പെരിയാർവാലിയുടേയും പ്രശ്നം അവസാനിച്ചതായിട്ടു തോന്നുന്നില്ല. ശീർവാണി വീണ്ടും കുഴഞ്ഞ നിലയിൽ എത്തിയിരിക്കുകയാണ്. തമിഴ്നാട് ഗവൺമെൻറിന്റെ പണി തീർന്നുകഴിഞ്ഞാൽ ചിററൂർ പുഴയിൽ വെള്ളം കിട്ടാതെ വരുമെന്ന ആരോപണം ശക്തിയായി പത്രങ്ങളിൽ വന്നിട്ടുണ്ട്. നമ്മുടെ ഗവൺമെൻറ് ഈ പ്രശ്നത്തെസംബന്ധിച്ചിടത്തോളം വേണ്ടിടത്തോളം ശ്രദ്ധിക്കുന്നില്ല. ഇതിനു പ്രാധാന്യം കൊടുക്കുന്നില്ലെന്നു ആക്ഷേപമുണ്ട്. ഈ നദീജലപ്രശ്നത്തെ സംബന്ധിച്ചിടത്തോളം കേരളത്തിലെ ഗവൺമെൻറ അടിയന്തിരമായി ശ്രദ്ധ പതിപ്പിക്കണമെന്നും കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായമാതിരിയുള്ള അനാസ്ഥ ഒരിക്കലും വരരുതെന്നും ഈ അടിസ്ഥാനത്തിൽ ലക്ഷക്കണക്കിന് ഏക്കർ വരുന്ന കേരളത്തിലെ നിലങ്ങൾക്ക് ഉപകാരപ്രദമായിത്തീരുന്ന ഈ പരിപാടി

LIBRARY ARCHIVES Kerala Legislative Assembly

കളുടെ കാര്യത്തിൽ കാലതാമസം വരുത്തുകയില്ലെന്നും ഞാൻ വിശ്വസിക്കുന്നു.

ഒരുകാര്യം. അതിപ്രധാനമായ ഒരു പ്രശ്നം കൂടി ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയുടെയും കാർഷികവകുപ്പു മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. [illegible] അടുത്തകാലത്ത് ഈ നാട്ടിലെ കൃഷിക്കാരോടു കാണിച്ചിട്ടുള്ള ഏററവും വലിയ അനീതിയെന്നു പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഈ അടുത്ത അവസരത്തിൽ കാർഷിക കടം പിരിച്ചെടുക്കുന്നതിനുവേണ്ടി ബ്ളാക്കുകൾവഴി സൊസൈററികൾക്കു കൊടുത്ത പണം പിരിച്ചെടുക്കുന്നതിനുവേണ്ടി പല സ്ഥലങ്ങളിലും ആർ. ആർ. ആക്ട് അനുസരിച്ചുള്ള നടപടികൾ എടുത്തിട്ടുണ്ട്. അതിനെ ഞാൻ എതിർക്കുകയാണ്. അതിനെത്തുടർന്ന് പല കൃഷിക്കാരുടേയും കന്നിനേയും കാളയേയും എല്ലാം ജപ്തിചെയ്തിരിക്കുകയാണ്. അങ്ങനെ കൃഷിക്കാരുടെ വീടുകളിൽ കടന്നുചെന്നിട്ട് ഉദ്യോഗസ്ഥൻമാർ പല തരത്തിലുള്ള വിക്രിയകളും നടത്തിയിട്ടുണ്ട്. ചിററൂരിൽ കഴിയാമ്പാറ സൊസൈററിയുടെ പരിസരത്തുള്ള പല വീടുകളിലും റവന്യൂ ഉദ്യോഗസ്ഥൻമാർ കടന്നുചെന്ന് ഈ നിലയിലുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ് സർ.

ജലസേചനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. ഒ. കോരൻ): ആ കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ട ഉടനെ അതു സ്റേറചെയ്തിട്ടുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. കെ. എ. ശിവരാമഭാരതി: ഏതായാലും ഇതുവരെ അവർക്ക് സാധനങ്ങൾ തിരിയെ കിട്ടിയിട്ടില്ല. കന്നിനെയും കാളയേയും എല്ലാം ജപ്തി ചെയ്തുകൊണ്ടുപോയത് ഇതുവരെ തിരിച്ചുകിട്ടിയിട്ടില്ല. ആവലാതിയുമായിട്ട് കളക്ടറെസമീപിച്ചിട്ടും പോലീസുദ്യോഗസ്ഥൻമാർക്ക് അനുകൂലമായിട്ട് അവർക്ക് അതു വാങ്ങിച്ചുകൊടുക്കാനുള്ള മനോഭാവം കാണിച്ചില്ല. കൃഷിക്കാരോട് നീതിചെയ്യണമെന്ന് ഈ ഗവണ്മെൻറിന് ആഗ്രഹമുണ്ടെങ്കിൽ, കടാശ്വാസ നിയമംകൊണ്ടുവന്ന് ആനുകൂല്യംകൊടുക്കണമെന്ന സദുദ്ദേശം നിലനിറുത്താൻ വേണ്ടിയിട്ട് ഈ ഗവണ്മെൻറ് ഈ കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കണം. അങ്ങനെ കൃഷിക്കാരുടെ ആവശ്യങ്ങളെ സംബന്ധിച്ചിടത്തോളം കൃഷിക്കാരുടെ ആവലാതികളെസംബന്ധിച്ചിടത്തോളം അവരുടെ പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് അടിയന്തിരമായ നടപടിസ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

മറെറാന്ന് ഈ പ്രൈവററ് അണക്കെട്ടുകളെസംബന്ധിച്ചിടത്തോളമുള്ള
10 A. M. താണ്. കുറെ അണക്കെട്ടുകൾ ഗവൺമെൻറ് ഏറെറടുക്കുമെന്നു പറയുകയുണ്ടായി. ചിററൂർ താലൂക്കിൽ എടുത്തിട്ടുള്ളത് ഒന്നു മാത്രമാണ്. മററുള്ള 13 അണക്കെട്ടുകൾ എടുക്കുന്നു എന്നു പറഞ്ഞതാണ്; നോട്ടിഫൈ ചെയ്തതാണ്. അതിനെസംബന്ധിച്ച നടപടിയൊന്നും ഇതുവരെയും ഉണ്ടായിട്ടില്ല. ആ ഏരിയായിലുള്ള 3 പഞ്ചായത്തേരിയാ കഴിഞ്ഞ ഏഴുവർഷമായി തുടർച്ചയായി വരൾച്ച അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതിനെസംബന്ധിച്ച് പല പ്രാവശ്യവും ഈ നിയമസഭയിൽ പരാമർശിച്ചിട്ടുണ്ട്. കൃഷിക്കാരുടെ താൽപര്യങ്ങൾ പരിഗണിച്ചുകൊണ്ട് എന്തെങ്കിലും ആനുകൂല്യങ്ങൾ ചെയ്യണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ ഇതുവരെ അതുണ്ടായില്ല. ഈ ഗവൺമെൻറ് അടിയന്തിരമായി ഈ 3 പഞ്ചായത്ത് ഏരിയായിലെയും അതായത് എരുത്തേമ്പതി, കൊഴിഞ്ഞാമ്പാറ, വടകരമ്പതി തുടങ്ങിയ വെള്ളത്തിനു യാതൊരു സൗകര്യവുമില്ലാത്ത, കുടിക്കുന്നതിനുപോലും വെള്ളം കിട്ടാത്ത പ്രദേശങ്ങളിലെ കാര്യം പ്രധാനമായി കണക്കിലെടുക്കണമെന്നും ഇതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഞാൻ ഗവൺമെൻറിനോടാവശ്യപ്പെടുകയാണ്. ഞാൻ നേരത്തെ പറഞ്ഞിട്ടുള്ള നദീജലപ്രശ്നത്തിൽ ഗവൺമെൻറ് കാലതാമസം

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ അടിയന്തിരമായി നടപടി സ്വീകരിച്ചുകൊണ്ട് ചുരുങ്ങിയ ദിവസത്തിനുള്ളിൽ കുരിയാർകുട്ടിയുടെ കാര്യത്തിൽ, അതിന്റെ ഡാമിന്റെ അസ്ഥിവാരക്കല്ല് ഇടുക എന്നുള്ള നടപടി എളുപ്പത്തിൽ സ്വീകരിച്ചുകൊണ്ട് അവിടെയുള്ള കൃഷിക്കാർക്ക് പ്രയോജനകരമായ വിധത്തിൽ നടപടിസ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, എത്രമിനിട്ടുണ്ട്?

മി. ചെയർമാൻ: 10 മിനിട്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, 1969 ഒക്ടോബർ 24—ാം തീയതി വരെ മാർക്സിസ്റ്റുകാരുടെ മേധാവിത്വത്തിലുള്ള ഒരു ഭരണം ഇവിടെ നടന്നിരുന്നു. ആ ഭരണം കൊണ്ട് രാജ്യത്തെ ജനങ്ങൾക്ക് അനേകവിധത്തിലുള്ള വിഷമങ്ങൾ ഉണ്ടായികൊണ്ടിരിക്കുന്നു എന്നും ഈ സപ്തമുന്നണി എന്നുപറയുന്ന കുരങ്ങ്, കഴുത, കടുവാ, ആന ഇതിനെയെല്ലാം ഭരിച്ചുകൊണ്ടുപോകുന്നതിനേക്കാൾ........

ശ്രീ. എസ്. ദാമോദരൻ: കുരങ്ങും കഴുതയുമൊക്കെ അവിടെയുണ്ടോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അതെല്ലാം അവനവൻ നോക്കി അവനവന്റെ കണ്ണാടിയിൽകൂടി കണ്ട് മനസ്സിലാക്കിക്കൊണ്ടാൽമതി. ഞാൻ പ്രത്യേകം പറയണമെന്നില്ല.

ആ ഭരണം ജനങ്ങൾക്ക് ദോഷകരമായി തോന്നിയിരുന്നു. എന്നാൽ ഈ ഐക്യമുന്നണിക്കൂടാരത്തിനകത്തുള്ള മൃഗങ്ങളെ എല്ലാവരെയും ശരിയായി സംഘടിപ്പിച്ച് കൊണ്ടുപോകുന്നതിന് സർക്കസ്മാസ്റ്റർക്ക് ശക്തിയില്ലാതെ വന്നു. അങ്ങനെ വന്നപ്പോൾ രണ്ടുമൂന്നുമാസം നല്ല കാലാവസ്ഥയിൽ താമസിച്ചു തിരിച്ചുവന്ന നമ്പൂരിശ്ശനുതോന്നി ഈ സപ്തമുന്നണിയെ ഇങ്ങനെ കൂട്ടിൽ ഇട്ടുകൊണ്ടുപോകുന്നത് പ്രയാസമാണ് എന്ന്. അങ്ങനെ അദ്ദേഹം ഒരു ഉച്ചയ്ക്ക് രാജിവച്ച് ഇറങ്ങിപ്പോയി. അദ്ദേഹത്തെ പോരം ചോദിക്കുകയോ ഒന്നും ചെയ്ത് ഇറക്കിവിട്ടതല്ല, സ്വന്തം മനസ്സാലേ അദ്ദേഹം രാജിവച്ചതാണ്. ഇനി അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിയും ചെയ്യേണ്ടത് അകലെപോയിരുന്ന് കുഴൽക്കണ്ണാടിവച്ചുകൊണ്ട് ഭരിക്കുന്ന കക്ഷിയിൽ എന്തെല്ലാം ന്യൂനതകളുണ്ടെന്നു നോക്കി രണ്ടുകൊല്ലക്കാലം ഭരിക്കാട്ടെ എന്നു വിചാരിച്ച് സ്വസ്ഥമായി ഇരിക്കുകയാണ്. ഇപ്പോൾ അണ്ടികളഞ്ഞ അണ്ണാനെപ്പോലെ നോക്കികൊണ്ടിരിക്കുകയാണ് മാർക്സിസ്റ്റു പാർട്ടി. അയ്യോടാ പോയല്ലോടാ, പററിയല്ലോടാ ഇതു രാജിവയ്ക്കേണ്ടതില്ലായിരുന്നു. എന്നുപറഞ്ഞു നോക്കികൊണ്ടിരിക്കുകയാണ്. അതു ശരിയല്ല. നിങ്ങൾ സ്വന്തമനസ്സാലേ രാജിവച്ചിറങ്ങിപ്പോയിരിക്കേ ഇവരുടെ ഭരണം ഒന്നു കാണട്ടെ എന്നുപറഞ്ഞുകൊണ്ട് ധൈര്യമായി മാറിയിരുന്നുകൊണ്ട് നിങ്ങൾ ശക്തിയായ പ്രതിപക്ഷമെന്നുള്ള സ്ഥിതിക്ക് ഒരൊന്നാന്തരം ഡെമോക്രസി ഈ രാജ്യത്ത് ഉണ്ടാക്കുകയാണ് വേണ്ടത്. ഇതിനുമുമ്പുള്ള പ്രതിപക്ഷത്തിന്റെകാര്യം ഓർക്കുന്നുണ്ടോ? കോൺഗ്രസ്എന്നുപറഞ്ഞ ഇങ്ങനെ (എന്തോ ആംഗ്യംകാണിച്ചു) ഇരിക്കും ; കേരളകോൺഗ്രസ് എന്നു പറഞ്ഞ് ഇങ്ങനെ (എന്തോ ആംഗ്യം കാണിച്ച്) ഇരിക്കും. ഒന്നും പറയാനുമറിഞ്ഞുകൂടാ, ശക്തിയുമില്ല. ഡെമോക്രസി വികസിപ്പിച്ച് വേണ്ടവിധത്തിൽ കൊണ്ടുപോകണമെങ്കിൽ പ്രതിപക്ഷം ഏഴും അഞ്ചും പന്ത്രണ്ട്, എട്ടും ആറും പതിന്നാല് ഈ വിധത്തിലായിരിക്കണം. ഭരിക്കുന്നകക്ഷിയും പ്രതിപക്ഷകക്ഷിയും ശക്തിയായിരുന്നെങ്കിൽമാത്രമേ ഭരിക്കുന്ന കക്ഷിയെ എല്ലായ്പ്പോഴും എല്ലാ കാര്യങ്ങളും ഗുണദോഷിക്കാനും നിരൂപണംചെയ്തു കൊണ്ടുപോകാനും സാധിക്കുകയുള്ളൂ. അങ്ങനെയുള്ള പ്രതിപക്ഷമായി

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ നിൽക്കുമ്പോൾ ദിവസവും കേറി ഒരുമാതിരി അലമ്പ് ഉണ്ടാക്കുന്ന തെന്തിനാണ്? നിങ്ങൾക്കു ശക്തിയുണ്ട്. അതുകൊണ്ട് ചുമ്മാ സ്പീക്കറുടെ കോലിൽ കേറി പിടിക്കുക (സഭയിൽ ചിരി). അതായത് ഈ ഭരിക്കുന്ന കോലേ, അത്. കടലാസ് വാരിക്കളയുക ഇതെല്ലാം കാണിച്ചുകൊണ്ട് ഒരുമാതിരി വൃത്തികേടുകൾ കാണിച്ച് സഭയുടെ അന്തസ്സ് നശിപ്പിക്കുന്ന രീതിയിലാണു പ്രവർത്തിക്കുന്നത്. ഇനി നിങ്ങൾ ഞാൻ പിഴയാളി, ഞാൻ പിഴയാളി ഇനിമേലാൽ ഞാൻ വൃത്തികേടു ചെയ്യുകയില്ല എന്നു ശപഥം ചെയ്തുകൊണ്ടു പോകുകയാണ് വേണ്ടത്. നമ്പൂരിശ്ശൻെറ ഗവൺമെൻറ് പോയിക്കഴിഞ്ഞ ഉടനേ ശ്രീ. അച്യുതമേനോൻ രാജ്യസഭയിൽ മെമ്പറായി സ്വസ്ഥമായി ഇരുന്ന രോഗിയായ മനുഷ്യനെ നിർബന്ധിച്ചു പിടിച്ചുകൊണ്ടുവന്ന് മന്ത്രിസഭ ഉണ്ടാക്കണമെന്നു മററുള്ളവരെല്ലാംകൂടി നിർബന്ധിച്ച് ഒരു മന്ത്രിസഭ ഉണ്ടായി. അത് വളരെ ഭംഗിയായും ശാന്തമായും ഭരിക്കുകയാണ്. ഇതു കാണുമ്പോഴാണ് പ്രതിപക്ഷത്തിന് ഏററവും വിഷമമുണ്ടാകുന്നത്. ശരിയായും ഭംഗിയായും ജനങ്ങൾക്കനുകൂലമായും രാജ്യം ഭരിച്ചുകൊണ്ടുപോകുന്നത് കണ്ടുകൊണ്ടിരിക്കുന്നതിന് പ്രതിപക്ഷത്തിനു ക്ഷമയില്ല. നിങ്ങൾ 31 മാസം ഭരിച്ചതിനേക്കാൾ വളരെ ഭംഗിയായി 31 ദിവസം കൊണ്ട് വളരെ സംഗതികൾ ഇന്നത്തെ ഗവൺമെൻറ് ചെയ്തുതീർത്തു എന്നു ഒരു ചെറിയ ബുക്ക് അടുത്തകാലത്തു പരസ്യം ചെയ്തത് ഞാൻ വായിച്ചിട്ടുണ്ട്. അതുവളരെ നേരായിരുന്നു. എന്നാൽ ഇന്നത്തെ ഗവൺമെൻറിൻെറ നട്ടെല്ലിന് അല്പം ഇളക്കം തട്ടിയതു പോലെ തോന്നുന്നുണ്ട്. ഭരിക്കുന്ന ഗവൺമെൻറ് അറിയാൻവേണ്ടിയാണ് ഞാൻ പറയുന്നത്. ഇവിടെ കാണിച്ച വൃത്തികേടിനുവേണ്ടി സ്പീക്കർ 5 മെമ്പർമാരെ ആ സൈഡിൽനിന്നു സസ്പെൻറുചെയ്തു. അതിൽ ഒരൊററ മനുഷ്യനെങ്കിലും എൻെറ സസ്പെൻഷൻ പിൻവലിക്കണമെന്ന് അപേക്ഷിക്കുന്നതിന് മുൻപുതന്നെ ഈ ഗവൺമെൻറ് അവരുടെ സസ്പെൻഷൻ പിൻവലിച്ചുകളഞ്ഞു. അതുകണ്ടപ്പോൾ വാസ്തവത്തിൽ എനിക്കു ലജ്ജ തോന്നി.

ശ്രീ. ഇ. എം. ജോർജ്: അതിനു വേറെ ആളിനെ നോക്കണം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: പിൻവലിച്ചപ്പോഴാണല്ലോ ഈ മിടുക്കൊക്കെ പറയുന്നത്. പിൻവലിക്കാതിരുന്നെങ്കിൽ നിങ്ങൾ മുട്ടേ നിന്നോണ്ടു പറഞ്ഞേനെ. എൻെറ സാറേ, നിങ്ങൾ പത്തുപത്തുപേർ പട്ടിണികിടന്നല്ലോ. വിശന്നപ്പോൾ എഴുന്നേററുപോയല്ലോ. സത്യഗ്രഹം നടത്താൻ പോയിരിക്കുന്നു. സത്യഗ്രഹം നടത്തുകയാണെങ്കിൽ അവിടെ കിടക്കണം. ചിലരൊക്കെ കഞ്ഞി കുടിച്ചു, ചിലരൊക്കെ സാനട്ടോജൻ കലക്കിക്കുടിച്ചു എന്നാണുപറയുന്നത്. കുറെ ദിവസമായപ്പോൾ എഴുന്നേററു പോയി. സത്യഗ്രഹം നടത്തിയാൽ തുടർച്ചയായി നടത്തേണ്ടേ?

ശ്രീ. കെ. ടി. ജോർജ്: സത്യഗ്രഹം നടത്തിയ ആളുകൾക്ക് അഞ്ചും അഞ്ചുരൂപ സംഭാവന കൊടുത്തതായി അറിയുന്നുണ്ടല്ലോ.

ശ്രീ. ജോസഫ് ചാഴിക്കാട്: ഉണ്ട്. ഞാൻ അവിടെ ചെന്നപ്പോൾ അവിടെ ഒരു പാത്രം വച്ചിട്ടുണ്ട്. ആര്യൻ പറഞ്ഞു സാറേ സാറും വല്ലതും തന്നേച്ചുപോകണമെന്ന്. നാലണയോ എട്ടണയോ ഇട്ടേച്ചുപോകേണ്ട എന്നു വിചാരിച്ച് ഞാൻ അഞ്ചുരൂപ കൊടുത്തു. ആളുമാറുമ്പോൾ കാപ്പി മേടിച്ചു കുടിച്ചോട്ടേ എന്നു വിചാരിച്ചു.

മി. ചെയർമാൻ: രണ്ടുമിനിട്ടേയുള്ളൂ.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: എൻെറ സാറേ, ഞാൻ തുടങ്ങിയതേയുള്ളൂ. ആതെങ്കിലും കുറച്ചു സമയം തരുമോ?

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ ഇവിടെ തൃപ്തികരമായ ഭരണം നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ ഒരു കുഴപ്പം ഉണ്ടാക്കാൻ നിങ്ങൾ പോകുന്നതു തെററാണ്. 52 വോട്ട് കഴിഞ്ഞ തവണ നിങ്ങൾക്കു കിട്ടിയല്ലോ. എന്നാൽ ഇതാ എഴുതിയിട്ടോ. ചാഴിക്കാടൻ പറഞ്ഞു 22 വോട്ടിൽ കൂടുതൽ ഇനി നിങ്ങൾക്കു കിട്ടുകയില്ലെന്ന്. ഇതു നമുക്കു കാണാം.

ശ്രീ. ഇ. എം. ജോർജ്: കേരള കോൺഗ്രസിന് കഴിഞ്ഞതവണ 5 സീററല്ലേ കിട്ടിയത്?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: കേരള കോൺഗ്രസിനു കിട്ടിയത് നിങ്ങൾക്കു വരാൻ പോകുന്നു എന്നാണു ഞാൻ പറയുന്നത്. അതു കൊണ്ട് നാം യോജിച്ച് ഈ ഭരണം ചൊവ്വേ മുന്നോട്ടുപോകുന്നതിന് സഹായിച്ചുകൊടുക്കുകയാണു വേണ്ടത്. മിസ്ററർ ശേഷൻ ഇവിടെ ഒരു ബഡ്ജററ് അവതരിപ്പിച്ചു. വളരെ നല്ല സംഗതിയാണ്. നാടകീയമായും ഭംഗിയായും അവതരിപ്പിച്ചു. ഒരു കലാകാരനെപ്പോലെ അവതരിപ്പിച്ചു. അതെപ്പററിയും സാരമായ എതിർപ്പുകളുണ്ടായി. അതിനെല്ലാം പ്രത്യേകമായി മറുപടിയും കൊടുത്തു. ആ ബഡ്ജററ് വളരെ തൃപ്തികരമായ ഒന്നാണ്. അതു കഴിഞ്ഞ് ഇപ്പോൾ പറയുന്നു, ശേഷനെ സ്പീക്കറാക്കാനും സ്പീക്കറെ മന്ത്രിയാക്കാനും പോകുന്നുഎന്ന്. ഐ. എസ്. പി. എന്നു പറയുന്ന പാർട്ടി ഗവൺമെൻറുകക്ഷിയാണ്. ചില കോഴി പാതിരായ്ക്ക് കൂകും ചിലത് ഏഴുവെളുപ്പിനു കൂകും. ചിലത് വെളുപ്പിനു കൂകും. നിങ്ങൾ യോജിച്ചു നിന്ന് ഒന്നായി മുന്നോട്ടുപോകുന്നതിന് ഐ. എസ്. പി. ക്കാർ ശ്രമിക്കണം. നിങ്ങളുടെ സ്റേറററുമെൻറുകൾ എല്ലാം കാണുമ്പോൾ ഞങ്ങൾക്കൊക്കെ വിഷമം തോന്നുന്നു.

ജനങ്ങളുടെയിടയിൽ സോപ്പിനും സ്വർണ്ണത്തിനും നികുതി കൂട്ടിയതിനെ സംബന്ധിച്ച് കുറച്ച് എതിർപ്പുണ്ടെന്നു കേട്ടു. ശേഷൻ തൻേറടത്തോടുകൂടി അതു രണ്ടും പിൻവലിച്ചിട്ടുണ്ട്. എനിക്കു ഒരു കാര്യം ഗവൺമെൻറിനോടു പറയാനുണ്ട്. നമ്മുടെ രാജ്യത്ത് കാർഷികകോളേജിൽനിന്നു ബി. എസ്. സി. പാസായ അനേകംപേർ ജോലിയില്ലാതെ നടപ്പുണ്ട്. ഗവൺമെൻറിൽനിന്ന് 5 ഏക്കർ ഭൂമിയെടുത്ത് ബി. എസ്. സി. പാസായ ഉദ്യോഗാർത്ഥികൾക്കു കൊടുത്ത് വെറുതെ നടക്കുന്ന ആളുകളെക്കൊണ്ട് കൃഷി ചെയ്യിക്കണം. ഇക്കാര്യം വളരെക്കാര്യമായി ആലോചിക്കണം.

മറെറാന്ന് സമരമാണ്. ഇവിടെ സമരം സമരം സമരം തന്നെ. എന്നും സമരം. ഈ സമരം ഗവൺമെൻറുണ്ടാക്കുന്നതാണ്. സമരം ഉണ്ടാക്കുന്നതിൻെറ കുററക്കാർ ഗവൺമെൻറ് ആണെന്നാണ് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നത്. എന്തുകൊണ്ട്? ഏതെങ്കിലും ഒരു പാർട്ടിക്ക് സങ്കടമുണ്ടെങ്കിൽ അവർ മെമ്മോറാണ്ടം തരും. അതുവായിച്ച് ഒന്നും രണ്ടും മൂന്നും യാതൊരു കാരണവശാലും അനുവദിക്കാൻ പാടില്ല. നാലും അഞ്ചും ആറും അനുവദിക്കാം. തൻേറടമായി നിന്നുകൊണ്ട് സമരത്തെ നേരിടണം. സമരത്തിന് കീഴ്പ്പെടരുത്. സമരത്തിന് എത്ര കീഴ്പ്പെടുന്നോ അത്രയും സമരം വർദ്ധിക്കും. സമരത്തിനു കീഴ്പ്പെട്ടു കീഴ്പ്പെട്ടു വരുമ്പോൾ സമരം കേറിക്കേറി വരും. സമരം ഇവിടെ ഇല്ലാതാക്കണം. Government must be a strong Government. ഗവൺമെൻറ് സമരക്കാർ കൊണ്ടുവരുന്ന നിർദ്ദേശങ്ങൾ കേട്ടുകൊണ്ട് ഒരിഞ്ചുപോലും കീഴ്പ്പെടാതിരുന്നാൽ ഇവിടെ സമരം കുറഞ്ഞു വരും.

ശ്രീ. ഇ. എം. ജോർജ്: സർ, ശ്രീ. സി. ബി. സി. വാര്യർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ ഞാൻ പിന്താങ്ങുകയാണ്. ഏതാനും നിമിഷം

LIBRARY ARCHIVES Kerala Legislative Assembly

സമയം മിനിഞ്ഞാന്ന് പാണ്ടനാട്ട് നടന്ന സംഭവത്തെപ്പററി പറയാൻ ഞാനാഗ്രഹിക്കുന്നു. ആ സംഭവത്തെ സംബന്ധിച്ച് ശ്രീമാൻ അച്യുതാനന്ദൻ അവതരിപ്പിച്ച ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട പോലീസ്മന്ത്രി ഇവിടെ ഒരു പ്രസ്താവന നടത്തി. അദ്ദേഹത്തിൽനിന്നും അതിൽക്കവിഞ്ഞ ഒരു പ്രസ്താവന ഞാൻ പ്രതീക്ഷിക്കുന്നില്ല. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം ഈ നിയമസഭയിൽ പോലീസ്മർദ്ദനങ്ങളെപ്പററിയും വെടിവയ്പ്പുകളെപ്പററിയും എപ്പോഴെല്ലാം ചർച്ച നടന്നിട്ടുണ്ടോ അപ്പോഴെല്ലാം പോലീസുകാർ എഴുതികൊടുക്കുന്നതായ സത്യവിരുദ്ധമായ കാര്യങ്ങൾ തുടർച്ചയായി അദ്ദേഹം ഈ സഭയിൽ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അതിൽ അവസാനസമയത്താണ് നമ്മുടെ തിരുവനന്തപുരത്തെ ഷട്ടർകഥയുംമററും പുറത്തു വന്നത്. പക്ഷേ ഇതിന്മുൻപ് പറഞ്ഞിട്ടുള്ള എല്ലാ കഥകളെക്കാളും സത്യവിരുദ്ധമായ കഥയാണ് ഇന്ന് മന്ത്രി ഇവിടെ അവതരിപ്പിച്ചത് എന്ന് അദ്ദേഹത്തെ ആദ്യമായി അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. ഇതിനു മുൻപു പറഞ്ഞിട്ടുള്ള കള്ളക്കഥകൾക്കൊക്കെ ഒരു കൊച്ചുകാശിൻെറയെങ്കിലും വിലയുണ്ടായിരുന്നെങ്കിൽ ഇന്നിവിടെ അവതരിപ്പിച്ച കഥ ഒരു നിമിഷം പോലും ജീവനോടെ നിൽക്കാൻ സാധ്യമല്ലാത്ത ഒരു കഥയാണെന്ന് ആദ്യമായി അറിയിച്ചുകൊണ്ട് ചില കാര്യങ്ങൾ സംസാരിക്കാൻ ഞാനാഗ്രഹിക്കുന്നു.

പാണ്ടനാട്ട് ഇക്കഴിഞ്ഞ രണ്ടുമൂന്നുമാസമായി ഒരു പോലീസ് ക്യാമ്പ് പ്രവർത്തിക്കുന്നുണ്ട്. ഈ പോലീസ് ക്യാമ്പ് എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നുള്ള കാര്യം ഗവൺമെൻറ് അന്വേഷിച്ചിട്ടുണ്ടോ? എല്ലാദിവസവും സ്ഥിരമായി കള്ളും ചാരായവും കുടിച്ചുകൊണ്ടാണ് അവിടത്തെ പോലീസുകാർ പുറത്തിറങ്ങി നടക്കുന്നത്. അവിടത്തെ കള്ളുഷാപ്പിലും ചാരായഷാപ്പിലും അന്വേഷിച്ചാൽഅറിയാം, അവർ തിന്നുന്ന താറാവിനും കോഴിക്കും കണക്കില്ല. നമ്മുടെ രാജ്യത്തെ പോലീസുകാർക്കു കിട്ടുന്ന ശമ്പളത്തിൻെറ തോതുവച്ചുകൊണ്ട് നോക്കിയാൽ അവർക്ക് ഇങ്ങനെ കള്ളും ചാരായവും കോഴിയും ദിവസവും കഴിക്കാൻ സാധിക്കുകയില്ല. പാണ്ടനാട്ടിലെ പണക്കാരാണ് അവർക്ക് ഇതൊക്കെ കൊടുക്കുന്നത്. പാണ്ടനാട്ടിലെ പോലീസുകാരുടെ സംരക്ഷണയിലാണ് അവിടത്തെ പോലീസ്ക്യാമ്പു പ്രവർത്തിക്കുന്നത്. അവരുടെ നിർദ്ദേശങ്ങളനുസരിച്ചാണ് അവർ പ്രവർത്തിക്കുന്നത് ഈ പോലീസ് ക്യാമ്പിന് തൊട്ടടുത്ത വീട്ടിൽവച്ചാണ് കർഷകത്തൊഴിലാളിയായ ശിവരാമനെ വെടിവച്ചുകൊന്നത്. എന്നിട്ട് അതിനെപ്പററി അന്വേഷിച്ചിട്ടില്ല; തോക്കുപോലും കണ്ടെടുത്തിട്ടില്ല. ഇതാണ് പോലീസ് ക്യാമ്പിൻെറ പ്രവർത്തനത്തിൻെറ കാര്യം. പാണ്ടനാട്ടിലെ പോലീസ് ക്യാമ്പിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പോലീസ് രണ്ടുമൂന്നാഴ്ചയായി കർഷകത്തൊഴിലാളികളുടെയും പാർട്ടിപ്രവർത്തകരുടെയും വീടുകൾ കൈയേറി മർദ്ദനങ്ങൾ നടത്തികൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ പാർട്ടിക്കുള്ളിലെ ഏററവും പ്രധാനപ്പെട്ട ഒരു പ്രവർത്തകനായ സഖാവ് ഉണ്ണിത്താൻെറ പേരിൽ ഒൻപതു കേസുകൾ ഉണ്ടായിരിക്കുകയാണ്. സഖാവ് ഉണ്ണിത്താൻ ജാമ്യം പോലും കിട്ടാതെ തടവിൽ കഴിയുകയാണ്. ഈ സംഭവം നടന്നതിൻെറ തൊട്ടടുത്ത ദിവസം അടുത്ത് അന്വേഷിക്കാൻ ചെന്നപ്പോൾ ഒരു എക്സൈസ് ഉദ്യോഗസ്ഥനെയും രണ്ടുപോലീസുകാരെയുമാണ് പോലീസ് പിടിച്ചത്. ഇന്നു മന്ത്രി പറഞ്ഞ കഥയെന്താണ്? മാർക്സിസ്ററുപാർട്ടിയിൽപ്പെട്ട 200 പേർ പോലീസ്പാർട്ടിയെ ആക്രമിച്ചു എന്നാണ്. കുഞ്ഞുകുഞ്ഞിൻെറ വീട് ആക്രമിക്കാൻ പോകുന്നുവെന്നറിഞ്ഞുകൊണ്ട് ചെന്ന പോലീസ് പാർട്ടിയെ മാർക്സിസ്ററുപാർട്ടിക്കാർ ആക്രമിച്ചുവെന്നാണ്. ഇന്നലെത്തന്നെ പൊളിഞ്ഞുപോയ കഥയാണിത്. ഇന്നലെ പോലീസ്വൃത്തങ്ങൾ പറഞ്ഞിട്ടുള്ള കഥയാണ് ഇരുന്നൂറ് എന്നുള്ളത്. പക്ഷേ ഈ ഇരുന്നൂറിൻെറ കാര്യം വില

LIBRARY ARCHIVES Kerala Legislative Assembly

പ്പോകുകയില്ലെന്നു മനസ്സിലാക്കിയപ്പോൾ ഇരുന്നൂറെന്നുള്ള എണ്ണം ക്രമേണ കുറഞ്ഞു കുറഞ്ഞു വന്നിരിക്കുകയാണ്. ഇരുന്നൂറെന്നു പറഞ്ഞാൽ അതു പൊളിഞ്ഞുപോകുമെന്നറിഞ്ഞുകൊണ്ട് പത്രക്കാർ അന്വേഷിച്ചപ്പോൾ ത്തന്നെ ആ സംഖ്യ 50 ആയി കുറഞ്ഞു. ഇന്നലെ അഖിലേന്ത്യാറേഡിയോയിൽക്കൂടി പറയുമ്പോൾ, അവിടത്തെ കൂടിയ മാർക്സിസ്റ്റുകാരുടെ എണ്ണം 20 ആയി കുറഞ്ഞു. ഇന്നുരാവിലെ അഖിലേന്ത്യാറേഡിയോയിൽക്കൂടി പറഞ്ഞപ്പോൾ അത് വീണ്ടും കുറഞ്ഞ് 16 ആയി. എന്തുകൊണ്ടാണ് അങ്ങനെ ഇരുന്നൂറെന്ന സംഖ്യ കുറഞ്ഞു കുറഞ്ഞ് ഇരുപത്തിനാലുമണിക്കൂറുകൊണ്ട് പതിനാറായത്?

<u>ശ്രീ ഇ. ജോൺജേക്കബ്:</u> സർ, ആരും ഇൻഡ്യാ റേഡിയോ പറയാത്ത കാര്യം പറഞ്ഞുവെന്നു പറയുന്നതു ശരിയാണോ?

<u>ശ്രീ. ഇ. എം. ജോർജ്ജ്:</u> ഇ. ജോൺ ജേക്കബ് കേൾക്കാത്തകാര്യം കേട്ടെന്നു ഞാൻ പറഞ്ഞില്ല. ഇ. ജോൺജേക്കബ് റേഡിയോകേട്ടെന്നല്ല പറഞ്ഞത്. അദ്ദേഹത്തെപ്പററി അങ്ങനെയൊരഭിപ്രായവും എനിക്കില്ല. അങ്ങനെ പതിനാറായി കുറഞ്ഞശേഷം ഇരുന്നൂറുപേരുണ്ടായിരുന്നു എന്നാണ് മന്ത്രിപറഞ്ഞിരിക്കുന്നത്. ഈ മന്ത്രിയോടു ഞാൻ ചോദിക്കട്ടെ, ഒരു ഹെഡ്കാൺസ്ററബിളും 4 കാൺസ്ററബിൾമാരുമാണ് സംഭവസ്ഥലത്തേയ്ക്കു പോയതെന്നു പറഞ്ഞല്ലോ ഇരുന്നൂറു മാർക്സിസ്ററുകാരുണ്ടെന്നറിഞ്ഞശേഷം 5 പേർ മാത്രം പോയി എന്നുള്ളത് പച്ചക്കള്ളമല്ലേ? ഇരുന്നൂറുപേരുണ്ടായിരുന്നെങ്കിൽ 5 പേർ—ഒരു ഹെഡ്കാൺസ്ററബിളും നാലു പോലീസുകാരും—മാത്രമാണോ പോകുന്നത്. അതുതന്നെ ഇതു കള്ളക്കഥയാണെന്നു വ്യക്തമാക്കുന്നുണ്ട്. പോലീസ് ക്യാമ്പിൽനിന്ന് ഒന്നരനാഴിക ദൂരെയാണ് കുഞ്ഞുകുഞ്ഞിന്റെ വീട്. സംഭവം നടന്നിരിക്കുന്നത് കുഞ്ഞുകുഞ്ഞിന്റെ വീടിനും പോലീസ്ക്യാമ്പിനും ഇടയ്ക്കാണ്. പോലീസിനെ ആക്രമിക്കാനായിരുന്നെങ്കിൽ ഞങ്ങൾക്കു പോലീസിനെ വിദൂരമായ സ്ഥലത്തുവരുത്തി ആക്രമിക്കാമായിരുന്നു. അല്ലാതെ അതിന്, ഒന്നരമൈൽമാത്രം ദൂരമുള്ള കുഞ്ഞുകുഞ്ഞിന്റെ വീട്ടിൽ വരുമ്പോഴല്ല ശ്രമിക്കുന്നത്. അതിനുപകരം പോലീസ് ക്യാമ്പിനടുത്തു വന്നാണോ ആക്രമിക്കുന്നത്? അതുകൊണ്ട് ഇത് കള്ളക്കഥയാണെന്നും പൊളിഞ്ഞുകഴിഞ്ഞ കഥയാണെന്നും വ്യക്തമാണ്. ഒരുപോലീസുകാരന്റെ കൈ പോയെന്നും ഒരാളുടെ രക്തധമനി പൊട്ടിയെന്നും പറഞ്ഞു. ഞാൻ ആ സ്ഥലം കണ്ടതാണ് ഞാൻ മാത്രമല്ല, ഗൗരിയമ്മയും അച്യുതാനന്ദനും പി. ജി. പുരുഷോത്തമനും പി. കെ. കുഞ്ഞച്ചനും ഞങ്ങളുടെ പാർട്ടിയുടെ സമുന്നത നേതാവായ സി. എച്ച്. കണാരനും എല്ലാം സംഭവസ്ഥലം കണ്ടതാണ്. നൂറുകണക്കിനാളുകൾ കണ്ടതാണ്. അവിടെ രണ്ടു സ്ഥലത്തു രക്തം കിടപ്പുണ്ട്; മൂന്നാമതൊരു സ്ഥലത്തു രക്തമില്ല. മരിച്ച രവിക്കും കോട്ടപ്പുറത്തു കുഞ്ഞുകുഞ്ഞിനും വെടിയേററ സ്ഥലത്തു മാത്രം രക്തമുണ്ട്. ഈ രണ്ടു സ്ഥലത്തല്ലാതെ മൂന്നാമതൊരു സ്ഥലത്തു രക്തമില്ല. ഇതു ഞാൻ പൂർണ്ണവിശ്വാസത്തോടുകൂടി പറയുകയാണ്. പോലീസുകാരന്റെ രക്തധമനി പൊട്ടിയിരുന്നുവെങ്കിൽ മൂന്നാമതൊരുസ്ഥലത്തു രക്തം കാണുകയില്ലായിരുന്നോ? മൂന്നാമതൊരുസ്ഥലത്തു രക്തമില്ല. മറെറാരു കഥയുണ്ട്, കല്ല് മാരകായുധമായി കണ്ടുപിടിച്ചതാണത്. ആ പ്രദേശത്തെങ്ങും കല്ലില്ല.

<u>ശ്രീ. ഇ. ജോൺജേക്കബ്:</u> കല്ലുള്ള സ്ഥലത്തുനിന്ന് കൊണ്ടുവന്നു കൂടേ?

<u>ശ്രീ. ഇ. എം. ജോർജ്ജ്:</u> കല്ല് ചുമന്നുകൊണ്ടുവന്നെന്നാണോ? അത് നിരണത്തേ നടക്കുകയുള്ളൂ..

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജോൺജേക്കബ്: സർ,.....................................

(ബഹളം)

ശ്രീ. ഇ. എം. ജോർജ്: നിങ്ങളീപ്പറയുന്നതു പച്ചക്കള്ളമാണ്; മദ്ധ്യ തിരുവിതാംകൂർ പ്രദേശത്തെ മനുഷ്യരെ കൊന്നതിന് കൂടുതൽഉത്തരവാദിത്വമുള്ളതു നിങ്ങൾക്കാണ്. ഒരു ചെറിയ കല്ലിന്റെ കഷണം ഒരു പട്ടിയെ എറിയാൻകിട്ടാത്ത സ്ഥലത്താണ് മാർക്സിസ്റ്റുകാർ മാരകായുധമായിട്ട് കല്ലു കൊണ്ടുപോയി എന്നുപറയുന്നത്. സംഭവം നടന്നശേഷം, പോലീസ് പാർട്ടി വന്നു വെടിവച്ചശേഷം ചുററുപാടുമുള്ള വീടുകളിൽ മുഴുവൻ കേറിപരിശോധിച്ച് പോലീസുകാർ എടുത്ത മാരകായുധങ്ങൾ എന്തൊക്കെയാണെന്നോ പോലീസുകാരുടെ കൈയിൽ ഇരിക്കുന്നത്? ചിരവ, കറിക്കത്തി, വെട്ടുകത്തി, കോടാലി ഇങ്ങനെയുള്ള മാരകായുധങ്ങളാണ് ചുററുപാടുമുള്ള വീടുകളിൽ നിന്ന് കിട്ടിയത്. മാർക്സിസ്റ്റുകാർ ആക്രമിച്ച് രക്തധമനിപൊട്ടിയെന്നു പറയുന്ന ആ പോലീസുകാരന്റെ ദേഹത്തു രക്തമില്ലായിരുന്നോ എന്നുഞാൻ ചോദിക്കുകയാണ്. ഈ ഗവൺമെന്റിൽനിന്ന് ഞാൻ ഇതിൽക്കൂടുതലൊന്നും പ്രതീക്ഷിക്കുന്നില്ല. ശ്രീമാൻ എ. എസ്. പുരുഷോത്തമനെ തല്ലിയതിനെപ്പററി മുഖ്യമന്ത്രി പറഞ്ഞു, ശ്രീ പുരുഷോത്തമനെ തല്ലിയെങ്കിൽ എനിക്കു ഖേദമുണ്ട് എന്ന്. എ. എസ്. പുരുഷോത്തമനെ തല്ലിയത് രാവിലെ 10 മണിക്കാണ്. അന്ന് തൃശ്ശൂർ പട്ടണത്തിൽ ഈ മുഖ്യമന്ത്രിചെന്ന് ഒരു ദിവസം മുഴുവൻ സ്ഥിരമായി കഴിഞ്ഞുകൂടിയിട്ടുണ്ടായിരുന്നു. എ. എസ്. പുരുഷോത്തമനെ പരസ്യമായി തല്ലിയ സംഭവം വലതുകമ്മ്യൂണിസ്ററുപാർട്ടിയിലെ ചിലർ അടുത്തുണ്ടായിരുന്ന ഒരു ഷാപ്പിന്റെ തട്ടിൽ ഇരുന്ന് കണ്ടു. സംഭവം നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ വലതുകമ്മ്യൂണിസ്ററുപാർട്ടിയുടെ ആഫീസിൽ ഫോൺവിളിച്ചു പറഞ്ഞിട്ടുണ്ട്. അവിടെപോയി അന്വേഷിക്കാനുള്ള മര്യാദപോലും കാണിക്കാതെ ഇവിടെവന്ന്, നമ്പീശനെ തല്ലിയെങ്കിൽ ഖേദമുണ്ട് എന്നു പറയുന്ന വലതുകമ്മ്യൂണിസ്ററുപാർട്ടിയുടെ ഭരണത്തിൻകീഴിൽ ഞാൻ ഇതല്ലാതെ ഒന്നും പ്രതീക്ഷിക്കുന്നില്ല. ഈ രാജ്യത്തെ ജനങ്ങൾ ഇതനുവദിക്കുകയില്ല. മുസ്ലീം ലീഗിനും കേരളാകോൺഗ്രസ്സിനും ഈ രാജ്യത്തെ ജനങ്ങളെപ്പററി അറിഞ്ഞുകൂടാ. പക്ഷേ വലതുകമ്മ്യൂണിസ്ററുപാർട്ടിക്കറിയാമല്ലോ. ഈ കേരളത്തിലെ ജനങ്ങൾ മർദ്ദനങ്ങൾക്കെതിരെ ധീരതയോടുകൂടി എഴുന്നേററുനിന്നു സമരം ചെയ്ത ചരിത്രമുള്ളവരാണ്. ആ ജനങ്ങൾ ഇത് ഒരുനിമിഷംപോലും അനുവദിക്കുകയില്ല. അതുകൊണ്ട് ആ പാരമ്പര്യമുള്ള കേരളത്തിന്റെ ചിത്രം ഇവിടെവച്ചുകൊണ്ട് ഇതു നിറുത്തു എന്ന് ഈ ഗവൺമെന്റിനോടാവശ്യപ്പെടാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. സി. അച്യുതമേനോൻ: ഇപ്പോൾ മി. ജോർജ് പറഞ്ഞത് സത്യത്തിന്റെ കണികപോലുമില്ലാത്ത കാര്യമാണ്. എന്നെ വിളിച്ചുപറഞ്ഞു എന്നും മററും പറഞ്ഞത് ശരിയല്ല.

ശ്രീ. ഇ. എം. ജോർജ്: രാമനിലയത്തിൽ നിങ്ങളുണ്ടായിരുന്നില്ലേ?

ശ്രീ. സി. അച്യുതമേനോൻ: രാമനിലയത്തിലുണ്ടായിരുന്നുവെന്നു പറഞ്ഞാൽ വിളിച്ചുപറഞ്ഞത് സത്യമാകുമോ? ആരും എന്നെ ഈ വിവരം അറിയിച്ചില്ല. മാർക്സിസ്ററുപാർട്ടിക്കാരോ മററാരെങ്കിലുമോ, എന്നല്ല, ഒരു പൗരൻപോലും ഈ വസ്തുത എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. ജോർജ് പറഞ്ഞതിനെ ഞാൻ ശക്തിപൂർവ്വം നിഷേധിക്കുകയാണ്.

ശ്രീ. ഇ. എം. ജോർജ്: നൂററിയൊന്നാമത്തെ കള്ളം!

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: സർ, ഇങ്ങനെ ഒരു മെംബർ കള്ളം കള്ളം എന്നു പറയുന്നത് ആർഡറിലാണോ?

ശ്രീ. ഇ. എം. ജോർജ്: ചുമ്മാതിരിക്കണം: അങ്ങനെതന്നെ പറയും.

ശ്രീ. ബി. മാധവൻനായർ: സർ, പൊതുഭരണത്തിനുവേണ്ടിയുള്ള ഈ ധനാഭ്യർത്ഥനയെ ഞാൻ ആനുകൂലിക്കുകയാണ്. ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് പ്രതിപക്ഷത്തുനിന്നുണ്ടായ വിമർശനങ്ങളുടെകൂട്ടത്തിൽ എന്റെ സുഹൃത്തു ശ്രീ. കുര്യൻ സൂചിപ്പിക്കുകയുണ്ടായി, അഴിമതി ചെയ്യുന്നതിനു പാർട്ടിയുടെ ആളുകളെ ഗവൺമെൻറു നിലവാരത്തിൽ നിയമിക്കുന്നു എന്ന്. സർ കഴിഞ്ഞകാലങ്ങളിൽ, ഈ ഗവൺമെൻറ് അധികാരത്തിൽ വരുന്നതിനു മുൻപ് ശ്രീ. ഇ. എം. എസ്സിന്റെ നേതൃത്വത്തിൽ ഈ രാജ്യത്ത് അധികാരത്തിലുണ്ടായിരുന്ന ഗവൺമെൻറിന്റെ കാലത്ത് ആ ഗവൺമെൻറ് നിശ്ചയിക്കുകയും നോമിനേററുചെയ്യുകയും ചെയ്ത ഒരാളാണ് വെയർഹൗസിംഗ് കോർപ്പറേഷൻ ചെയർമാൻ സ്ഥാനത്ത് വന്നിട്ടുള്ള ശ്രീ. തമ്പാൻ തോമസ് എന്നുള്ള വസ്തുത വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഈ ഗവൺമെൻറ് അധികാരത്തിൽവന്നശേഷം എന്റെ പാർട്ടിയിൽപ്പെട്ട തമ്പാൻ തോമസിനെ വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ചെയർമാനായി നാമനിർദ്ദേശം ചെയ്യുകയോ അദ്ദേഹത്തെ ആ സ്ഥാനത്തേയ്ക്ക് എടുക്കുകയോ നിയമിക്കുകയോ ചെയ്തിട്ടില്ല. മുൻഗവൺമെൻറ് നാമനിർദ്ദേശം നടത്തിയത് ഈ ഗവൺമെൻറ് നടപ്പാക്കി എന്നുള്ളതുമാത്രമാണ് വസ്തുത.

ശ്രീമതി. കെ. ആർ. ഗൗരി: ക്യാബിനററ് മെംബർമാരായിരുന്ന ഞങ്ങളാരും അറിഞ്ഞിട്ടില്ല.

ശ്രീ. ബി. മാധവൻനായർ: ചോദ്യത്തിനൊന്നും വഴങ്ങുന്നില്ല; പ്രതിപക്ഷ ഉപനേതാവിന് സംസാരിക്കാൻ അവസരം കിട്ടുമല്ലൊ. പാർട്ടിയിൽപ്പെട്ടയാളുകളെ ഗവൺമെൻറുനിലവാരത്തിലുള്ള നിയമനങ്ങളിൽ തന്നിഷ്ടം പോലെ കുത്തിത്തിരുകുകയാണ് മുൻഗവൺമെൻറു ചെയ്തത്. ജുഡിഷ്യറിയും എക്സിക്യൂട്ടീവും രണ്ടായി വേർതിരിച്ചിട്ടുണ്ടായിരിക്കെ ജഡ്ജിമാരുടെ നിയമനങ്ങളിൽപ്പോലും മുൻഗവൺമെൻറ് കൈകടത്തിയിട്ടുണ്ടായിരുന്നു എന്നുള്ള വസ്തുത പകൽപോലെ വ്യക്തമായ പരമാർത്ഥമാണ്. അതുപോലെ ഗവൺമെൻറ് പ്ലീഡർമാരുടെ നിയമനക്കാര്യത്തിലും മുന്നണിഗവൺമെൻറിലെ കൂട്ടുകക്ഷികളുമായി ബന്ധമുള്ള അഡ്വക്കേററുമാരെ രാഷ്ട്രീയപരിഗണനകരം വച്ചുകൊണ്ട് ഗവൺമെൻറ് നിയമിച്ചിരുന്നു എന്നുള്ളതും വിസ്മരിക്കാൻ സാധിക്കുകയില്ല.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ഒരു ചോദ്യം.

ശ്രീ. ബി. മാധവൻനായർ: വഴങ്ങുന്നില്ല. നീതിപൂർവകമായി നിയമനങ്ങരം നടത്തുന്നതിനും ആ അടിസ്ഥാനത്തിൽ ഈ രാജ്യത്തെ അഡ്മിനിസ്ട്രേഷൻ കൊണ്ടുപോകുന്നതിനും വേണ്ടിയുള്ള പബ്ലിക്ക് സർവ്വീസ് കമ്മീഷനിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്ന കാര്യത്തിലും മുൻഗവൺമെൻറ് രാഷ്ട്രീയം വച്ചുകൊണ്ട് പാർട്ടിപ്രവർത്തകരെ കുത്തിത്തിരുകിയിരുന്നു. ഗവൺമെൻറിന്റെ പ്രവർത്തനങ്ങരംക്കുള്ള ഒരു പ്രചരണോപാധിയെന്ന നിലയിൽ പ്രവർത്തിക്കുന്ന പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിലെ ഡയറക്ടറുടെ സ്ഥാനത്തും പാർട്ടിപ്രവർത്തകനെ നിയമിച്ചിരുന്നു. അന്ന് ഗവൺമെൻറ് രൂപീകരിച്ച കോർപ്പറേഷനുകളിലും ബോർഡുകളിലും ചെയർമാൻമാരായും മററും, രാഷ്ട്രീയരംഗത്തു പ്രവർത്തിക്കുന്നയാളുകളെ നിയമിച്ചിരുന്നു അതുമാത്രമല്ല, ഈ രാജ്യത്തുള്ള സർവ്വീസ് സംഘടനകരംക്ക് അംഗീകാരം നൽ

LIBRARY ARCHIVES Kerala Legislative Assembly

കുന്ന കാര്യത്തിൽ ഭരണകകക്ഷിയുടെ, പ്രത്യേകിച്ചും മുന്നണിയിലെ പ്രമുഖ കക്ഷിയായിരുന്ന മാർക്സിസ്ററുപാർട്ടിയുടെ നേതൃത്വത്തിലുള്ള സംഘടനകൾക്ക് കൂടുതലായി അംഗീകാരംകൊടുക്കുന്ന കാര്യത്തിൽ മുൻഗവൺമെൻറ് പരിശ്രമിച്ചിട്ടുണ്ടായിരുന്നു. അതുമാത്രമല്ല, പത്രങ്ങളിൽ പരസ്യംകൊടുക്കുന്ന കാര്യത്തിൽപോലും ഹിന്ദുസ്ഥാൻ സമാചാർ പോലുള്ള പത്രങ്ങളെ ധിക്കരിക്കുന്ന രീതിയിൽ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ഗവൺമെൻറ് രാഷ്ട്രീയപരിഗണന വച്ചുപുലർത്തിയിട്ടുണ്ട്. അങ്ങനെ രാഷ്ട്രീയമായ കാഴ്ചപ്പാടുകളോടുകൂടി മുൻ ഗവൺമെൻറ് പ്രവർത്തിച്ചിരുന്ന സ്ഥിതിക്ക്, ഈ ഗവൺമെൻറ് ഒരു പ്രത്യേകപാർട്ടിക്കാരനെ നിർദ്ദേശിച്ചു എന്നു പറയാൻ അവർക്കവകാശമില്ല. ഒരുകൈയില്ലാത്തവൻ ഒരു വിരലില്ലാത്തവനെ കുററം പറയുന്നതുപോലെ മാത്രമേ നമ്മുടെ മുൻപിൽ ആ അഭിപ്രായങ്ങൾക്ക് വില കൽപ്പിക്കപ്പെടുകയുള്ളു. പിരപ്പൻകോടു ശ്രീധരൻനായരെ പി. എസ്. സി. മെംബറായി നിയമിച്ചതും ചെറിയാനെ ട്രാൻസ്പോർട്ടു കോർപ്പറേഷൻ ചെയർമാനായി നിയമിച്ചതും ദേവസ്വംബോർഡുമെംബറായി ചന്ദ്രാനന്ദനെ നിയമിച്ചതും മുൻഗവൺമെൻറിൽ മുൻ തൂക്കമുണ്ടായിരുന്ന, വൻപാർട്ടിയായ, മാർക്സിസ്ററുപാർട്ടിയുടെ ഇഷ്ടാനുസരണമാണ്. അതിനിടയിൽ മററു ഘടകകക്ഷികൾക്ക് നക്കാപിച്ച എന്നമട്ടിൽ ചില പരിഗണനകൾ നൽകിക്കൊണ്ടുള്ള നിയമനങ്ങളും നടന്നിട്ടുണ്ടെന്നുള്ളതു ശരിയാണ്.

രാഷ്ട്രീയ പ്രവർത്തകൻമാരെ ഇങ്ങനെയുള്ള സ്ഥാനങ്ങളിൽ നിയമിക്കാൻ അയോഗ്യരാണെന്ന് ആരോപണം ഉന്നയിക്കുമ്പോൾ, നിങ്ങളുടെ കക്ഷി ഭരിച്ചിരുന്നപ്പോൾ കക്ഷിരാഷ്ട്രീയത്തിനതീതമായി സംശുദ്ധമായ ഒരു നിലപാട് സ്വീകരിച്ചിരുന്നുവെങ്കിൽ ഇങ്ങനെയുള്ള ആരോപണങ്ങൾ ഉന്നയിക്കുവാനുള്ള അവകാശം ഉണ്ടായിരുന്നേനേ. പക്ഷെ നിങ്ങൾക്കിപ്പോൾ ഇത്തരത്തിലുള്ള ആരോപണങ്ങൾ ഉന്നയിക്കുവാനുള്ള അവകാശമില്ല. ആ പ്രശ്നത്തിലേക്കൊന്നും ഞാൻ കൂടുതലായി കടക്കാൻ ആഗ്രഹിക്കുന്നില്ല.

സർ, മറെറാരു പ്രശ്നം എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം ഇവിടെ വരികയുണ്ടായി. അതായത് ഇപ്പോഴത്തെ ധനകാര്യമന്ത്രിയെസംബന്ധിച്ചാണ്. എന്റെ പാർട്ടി ജനാധിപത്യപരമായ രാഷ്ട്രീയ സിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്ന ഒരു കക്ഷിയാണ്. ഞങ്ങളുടെ പാർട്ടിക്കകത്ത് ഏതെങ്കിലും ഒരു വ്യക്തി നിർദ്ദേശിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം എഴുതപ്പെട്ട തത്വസംഹിത വച്ചുകൊണ്ടല്ല പ്രവർത്തിക്കുന്നത്. ജനാധിപത്യപരമായി പരസ്പരം ചർച്ച ചെയ്താണ് ഞങ്ങളുടെ പാർട്ടി രാഷ്ട്രീയ നയങ്ങളും തീരുമാനങ്ങളും എടുക്കാറുള്ളത്. അതിനെപ്പററി ചില കാര്യങ്ങൾ പത്രങ്ങളിൽ വരുമ്പോൾ ഐ. എസ്. പി. യ്ക്കകത്ത് അഭിപ്രായവ്യത്യാസം ഉണ്ട്, മുന്നണി തകർന്നുപോകാനുള്ള സാദ്ധ്യതകൾ ഉണ്ട് എന്നിങ്ങനെയുള്ള പ്രചാരവേലകൾ നടത്തുന്നതിനെ ഞങ്ങൾ നിഷേധിക്കുന്നു. ഞങ്ങളുടെ പാർട്ടി രാഷ്ട്രീയമായും ഈ ഗവൺമെൻറിൽ പങ്കാളിത്വം വഹിക്കുന്ന ഒരു പാർട്ടിയാണ്. ഈ ഗവൺമെൻറുമായി വിട്ടുപോകാനുള്ള തീരുമാനം എടുക്കാനുള്ള രാഷ്ട്രീയ സാഹചര്യം ഇന്നും ഈ അടുത്തകാലത്തും ഉണ്ടാകുമെന്ന് ഞങ്ങളുടെ പാർട്ടി വിശ്വസിക്കുന്നില്ല. അസന്നിഗ്ദ്ധമായി ഈ ഗവൺമെൻറിനെ നിലനിറുത്തുന്നതിനുള്ള എല്ലാ വിധ ത്യാഗങ്ങളും സഹിക്കാൻ എന്റെ പാർട്ടിയിലുള്ള എല്ലാ മെമ്പറൻമാരും തയാറാകുമെന്നും ഈഗവൺമെൻറിനെ നിലനിറുത്തുമെന്നും ഉറപ്പിച്ചും തറപ്പിച്ചും പറയാൻ ഞാനാഗ്രഹിക്കുന്നു.

(ഈ സമയം പ്രതിപക്ഷത്തുനിന്നും ഒന്നു രണ്ടു മെമ്പറൻമാർ എഴുന്നേററു നിന്നുകൊണ്ട് നിങ്ങളുടെ പാർട്ടി ഇപ്പോൾ ഏതാണ്, നിങ്ങളുടെ പാർട്ടിയിൽ ഇപ്പോൾ എത്രപേരുണ്ട് എന്നെല്ലാം വിളിച്ച് ചോദിക്കുകയുണ്ടായി.)

LIBRARY ARCHIVES Kerala Legislative Assembly

സർ, ഞാൻ ഈ ചോദ്യങ്ങൾക്കൊന്നുംതന്നെ വഴങ്ങുന്നില്ല. മുൻ ഗവൺമെന്റ് ഇവിടെ ഇരുന്നപ്പോൾ, ബഹുമാനപ്പെട്ട കുര്യനോടു ചോദിക്കുന്നു, തൊഴിലാളിവർഗ്ഗത്തിനുവേണ്ടി അങ്ങേയററം പരിശ്രമിച്ചയാളുകളെ, നിങ്ങൾ നിങ്ങളുടെ പാർട്ടിയിൽ നിന്നും പുറത്താക്കിയില്ലേ? ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിനെതിരായി മുദ്രാവാക്യം വിളിച്ചു എന്ന ഒരൊററ കാരണംകൊണ്ട് ഈ നിയമസഭയിലെ ഒരു മെമ്പറും മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയിലെ ഒരംഗവുമായ ശ്രീ. കോസലരാമദാസിനെ നിങ്ങളുടെ പാർട്ടിയിൽ നിന്നും സസ്പെൻഡു ചെയ്തില്ലേ? കമ്മ്യൂണിസ്ററു പ്രസ്ഥാനത്തിനുവേണ്ടി തൊഴിലാളിവർഗ്ഗത്തിനുവേണ്ടി അങ്ങേയററം പരിശ്രമിക്കുകയും സമരം ചെയ്യുകയും ചെയ്ത ശ്രീ. കെ. പി. ആർ. ഗോപാലനേയും ശ്രീ. അണ്ണനേയും അവർ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ വ്യക്തിത്വത്തെ ചോദ്യം ചെയ്തു എന്നു പറഞ്ഞുകൊണ്ട് അവരുടെ പേരിൽ നിങ്ങൾ നടപടികളെടുത്തിട്ടില്ലേ? സ്വന്തം പാർട്ടിക്കകത്തുതന്നെ അച്ചടക്കലംഘനവും അഭിപ്രായവ്യത്യാസങ്ങളും ഉണ്ടായിട്ടുള്ളത് ഈ നിയമസഭയിൽവച്ചുതന്നെ വിളിച്ചു പറയുകയും അഭിപ്രായപ്രകടനം നടത്തുകയും ചെയ്തിട്ട് മറെറാരു പാർട്ടിയുടെ നേരെ അവരുടെ നടപടികളെ വിരൽ ചൂണ്ടിക്കൊണ്ട് ചോദിക്കാൻ മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിക്ക് യാതൊരു അവകാശവുമില്ല.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, ഞങ്ങളുടെ പാർട്ടി മുദ്രാവാക്യം വിളിച്ചതിന്റെ പേരിൽ ഞങ്ങളുടെ പാർട്ടിയിൽ നിന്നും ഒരാളെ സസ്പെൻറു ചെയ്തു വെന്നും, മററു രണ്ടുപേരുടെ പേരിൽ നടപടികളെടുത്തുവെന്നും, ഞങ്ങൾ ചെയ്യാത്ത കാര്യങ്ങൾക്ക് എതിരായിട്ടു വേറൊരു പാർട്ടിയിലെ ഒരു ബഹുമാനപ്പെട്ട മെമ്പർ ഈ നിയമസഭയിൽവച്ചു പറയുന്നത് ശരിയാണോ?

മി. ചെയർമാൻ: അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞുവെന്നെയുള്ളു ഇതിൽ ഒരു പോയിന്റ് ഓഫ് ഓർഡറും ഇല്ല.

ശ്രീ. ബി. മാധവൻനായർ: ഞങ്ങളെ സംബന്ധിച്ചിടത്തോളം, ഞങ്ങളുടെ പാർട്ടിയെസംബന്ധിച്ചിടത്തോളം ജനാധിപത്യത്തിൽമാത്രം വിശ്വസിക്കുന്നവരാണ്. വലിയ അച്ചടക്കവും ഉരുക്കുകോട്ടയും ഒന്നുമില്ല. ഉരുക്കുകോട്ടയിൽനിന്നും പുറത്തുവന്നപ്പോൾ സ്വന്തം കക്ഷിക്കെതിരായി ആരോപണം വന്നപ്പോൾ, ആ വിഴുക്ക് ഇങ്ങോട്ട് അലക്കാൻ വരേണ്ട.

സർ, എനിക്ക് ഈ കാര്യത്തെസംബന്ധിച്ചിടത്തോളം പറയുവാനുള്ളത് ഏത് ഗവൺമെന്റായാലും അതിന്റെ പ്രവർത്തനം സംശുദ്ധമായ രീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നതിനുവേണ്ടി സെക്രട്ടറിയേററു നിലവാരത്തിലും ജില്ലാതലസ്ഥാനങ്ങളുടെ നിലവാരത്തിലും ജില്ലാകളക്ടറൻമാർ കൊടുക്കുന്ന നിർദ്ദേശങ്ങൾ പ്രാദേശികമായി ജനങ്ങൾക്ക് പകർന്നുകൊടുക്കുന്നത് വില്ലേജ് നിലവാരത്തിലും ബ്ലോക്ക് നിലവാരത്തിലും പ്രവർത്തിക്കുന്ന സ്ററാഫാണ്. അവർക്ക് കുറെക്കൂടി മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനം നടത്തുന്നതിന് സഹായിക്കത്തക്കരീതിയിലുള്ള ആത്മാർത്ഥമായ പരിശ്രമം നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ജില്ലാ നിലവാരത്തിലും മന്ത്രിസഭാനിലവാരത്തിലും ഉള്ള നന്ദിപ്രമേയ... നധാഭ്യർത്ഥന പാസാക്കുന്ന അവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ ഒരു കാര്യംപെടുത്താനുണ്ട്. നമ്മുടെ ഗവൺമെന്റിന്റെ നയങ്ങൾ ജനങ്ങളിലേക്ക് പകർന്നുകൊടുക്കുന്ന ഭരണസൗധത്തിന്റെ നെടുംതൂണുകളായി പ്രവർത്തിക്കുന്നത് വില്ലേജ് ഓഫീസുകളും അതിലെ പ്രവർത്തകരുമാണ്. അവർക്ക് ഇന്ന് ധാരാളം പരാതികളുണ്ട്. വില്ലേജ് സ്ററാഫ് ഇന്ന് സമരത്തിന്റെ ഘട്ട

ത്തിൽ എത്തിയിരിക്കുകയാണ്. അവർ ജനങ്ങളുമായി ബന്ധപ്പെട്ട് ഗവൺമെൻറിൻെറ നയം വളരെവേഗം ജനങ്ങളിലേക്ക് പകർത്തികൊടുക്കുന്നവരാണ്. അതുകൊണ്ട് അവരുടെ പ്രശ്നം പരിഹരിക്കുന്നതിന് ഗവൺമെൻറിൽനിന്നും ആത്മാർത്ഥമായി ശ്രമിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ജില്ലാ നിലവാരത്തിലും കളക്ടറേററുകളുടെ ആവശ്യത്തിനുമായിട്ട്—ധനകാര്യമന്ത്രി നിഷേധിക്കുമെങ്കിൽ വേണ്ട—ഒൻപത് ജില്ലകൾക്ക് നീക്കിവച്ചിട്ടുള്ള പൊതുമരാമത്തു പ്രവർത്തനങ്ങൾക്കും വികസനപ്രവർത്തനങ്ങൾക്കുമുള്ള സംഖ്യകൾ ഞാൻ കൂട്ടിനോക്കി. പ്രത്യേകം പ്രാദേശികമായ പരിഗണനകളോടുകൂടി പറയണമെന്ന് എനിക്ക് ഒരിക്കലും ആഗ്രഹമില്ല. എങ്കിലും പറയുകയാണ്. കഴിഞ്ഞ ബഡ്ജററിലും അതിനുമുമ്പു അവതരിപ്പിച്ച ബഡ്ജററിലും പ്രസിഡൻറ് ഭരണകാലത്തുണ്ടായിരുന്ന ബഡ്ജററിലും തിരുവനന്തപുരം ജില്ലയുടെ പ്രവർത്തനത്തിനുവേണ്ടി ഉൾപ്പെടുത്തിയിരുന്ന ടോക്കൺ ഹെഡ്പോലും ഈ ബഡ്ജററിൽ വെട്ടികളഞ്ഞിരിക്കുകയാണ്. കഴിഞ്ഞ മൂന്ന് ബഡ്ജററിലുണ്ടായിരുന്ന ജില്ലാവികസന പ്രവർത്തനങ്ങൾക്കും പൊതുമരാമത്തു പ്രവർത്തനങ്ങൾക്കും മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾക്കും റോഡു ടാർ ചെയ്യുന്നതിനും ഓടകൾ നിർമ്മിക്കുന്നതിനും വേണ്ടി മററു ജില്ലകളെ അപേക്ഷിച്ച് അൻപത് ശതമാനം കുറവാണ് ഈ ജില്ലയ്ക്കുവേണ്ടി നീക്കി വച്ചിരിക്കുന്നത്. എന്ന് വേദനയോടുകൂടി പറയാൻ ഞാനാഗ്രഹിക്കുകയാണ്. ജില്ലാ ഹെഡ് ക്വാർട്ടേഴ്സ് പണി കഴിപ്പിക്കുന്നതിനുവേണ്ടി—തിരുവനന്തപുരത്താണെങ്കിൽ സെക്രട്ടേറിയററു ഉള്ളതുകൊണ്ട് ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് ഇല്ല—നീക്കി വച്ചിരിക്കുന്ന തുകയിൽ തിരുവനന്തപുരം ജില്ലയ്ക്കു നീക്കിവച്ചിരിക്കുന്ന തുകയിൽ നിന്നാണ് സെക്രട്ടേറിയററിൻെറ മെയിൻറനൻസ്, രാജ് ഭവൻെറ മെയിൻറനൻസ്, അക്കൗണ്ടൻറ് ജനറൽ ഓഫീസിൻെറ മെയിൻറനൻസ് മ്യൂസിയത്തിൻെറ മെയിൻറനൻസ്, അതുപോലെതന്നെ സർക്കാരിൻെറ കീഴിലുള്ള വൻകിട മാളികകളുടെ മെയിൻറനൻസ് ഇവയെല്ലാം ജില്ലാ വികസനത്തിനുള്ള ഹെഡ്ഡിൽക്കൂടി കൂട്ടി കണക്കിൽ പറയാതെ ജില്ലയുടെ വികസന പ്രവർത്തനങ്ങളിൽ കൂടുതൽ താൽപര്യം കാണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ശ്രീ. ഇമ്പിച്ചിബാവ ട്രാൻസ്പോർട്ടു മന്ത്രിയായിരുന്നപ്പോൾ തിരുവനന്തപുരം ജില്ലയിൽ തമ്പാനൂരിൽ ഒരു സെൻട്രൽ ഓഫീസും ഒരു ഗ്യാരേജും പണികഴിപ്പിക്കുന്നതിന് ഉൾക്കൊള്ളിച്ചിരുന്ന പണം കോഴിക്കോട്ടേയ്ക്കും എറണാകുളത്തേക്കും ഡൈവർട്ടു ചെയ്യുകയുണ്ടായി. തിരുവനന്തപുരം ജില്ലയിൽ ഇവ പണി കഴിപ്പിക്കുന്നതിനുവേണ്ടി അക്വയർ ചെയ്തിട്ടിരിക്കുന്ന സ്ഥലം ആളുകൾ കയറി കുടികൾ കെട്ടാതെയും ദുരുപയോഗപ്പെടുത്തിക്കളയാതെയും ഇരിക്കുന്നതിനുവേണ്ടി ആവശ്യമായ പണം ഈ ബഡ്ജററിൽ തന്നെ ഉൾക്കൊള്ളിക്കുന്നതിന് പരിഗണിക്കണമെന്നാണ് എനിക്ക് ഉള്ള അഭ്യർത്ഥന.

മറെറാരു വസ്തുത എനിക്ക് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുവാനുള്ളത്, നമ്മുടെ മന്ത്രിസഭകളെ നിയന്ത്രിക്കുന്ന സെക്രട്ടറിയേററിലെ ഉദ്യോഗസ്ഥൻമാരുടെ പ്രവർത്തനങ്ങളെസംബന്ധിച്ചാണ്. മന്ത്രിമാർ ഇടുന്ന ഉത്തരവുകൾ ജില്ലാതലസ്ഥാനങ്ങളിലേക്കും അവിടെനിന്നും ജനങ്ങളിലേക്കും പകർന്നുകൊടുക്കുന്നതിൽ ഇന്ന് വളരെയധികം അലസത കാണുന്നുണ്ട്. പല മന്ത്രിമാരും അടിയന്തിരമായി നടപ്പിലാക്കുന്നതിനുവേണ്ടി, അതായത് ഭൂമി പതിച്ചു കൊടുക്കുക തുടങ്ങി വളരെ പ്രധാനപ്പെട്ട കാര്യങ്ങളിലിടുന്ന ഉത്തരവുകൾ ആഴ്ചകളോളം ഇവിടെ കെട്ടികിടന്നിട്ടാണ് ജില്ലാ ഓഫീസുകളിലേയ്ക്ക് അയയ്ക്കുന്നത്. സെക്രട്ടേറിയററിൽ കഴിഞ്ഞകാലത്തുള്ള മെഷീനറി പുനരുദ്ധരിക്കുന്നതിനും ചലിപ്പിക്കുന്നതിനും ഈ ഗവൺമെൻറ് ആത്മാർത്ഥമായി പരിശ്രമിക്കുമെന്നും, അതിനുവേണ്ടി തീരുമാനം എടുക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. താലൂക്ക് നിലവാരത്തിലുള്ള ഓഫീസു

LIBRARY ARCHIVES Kerala Legislative Assembly

കളിൽ പ്രത്യേകിച്ച് ഡെൻറൽ സർജൻമാരെയും ഡോക്ടറൻമാരെയും നിയമിക്കുന്നതിന് ഗവൺമെൻറുകൊണ്ടുവന്നിരിക്കുന്ന ബഡ്ജററിലുള്ള ടോക്കൺ എമൌണ്ട് ശരിയായ വിധം തക്കസമയത്തുതന്നെ ചെലവാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുമന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്ക് അദ്ദേഹത്തോടു അപേക്ഷിക്കുവാനുള്ളത്. രണ്ടു മൂന്നു വർഷങ്ങളായി അതിനുവേണ്ടി അനുവദിക്കുന്ന തുക ലാപ്സായിപോകുകയാണ്. ഇത്തവണയെങ്കിലും അത് ലാപ്സാകാതെ തക്കസമയത്തു ഉപയോഗപ്പെടുത്തുന്നതിന് ശ്രമിക്കേണ്ടതാണ്.

ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് എൻെറ വാക്കുകാം അവസാനിപ്പിച്ചുകൊള്ളാം. തലസ്ഥാനനഗരിയിലുള്ള ജനങ്ങാംക്ക് ഇപ്പോാം വെള്ളംകുടി മുട്ടിയിരിക്കുകയാണ്. തിരുവനന്തപുരം നിവാസികളായ ഞങ്ങളുടെ ഏക സമ്പത്താണ് രാജവാഴ്ചക്കാലത്തുണ്ടാക്കിയിട്ടുള്ള വാട്ടർസപ്ലൈ. തിരുവനന്തപുരം പട്ടണത്തിൽ രുചികരമായ ആഹാരം കിട്ടിയില്ലെങ്കിലും രുചികരമായ വെള്ളം കിട്ടുമെന്നുള്ളത് വളരെ പ്രസിദ്ധിയാണ്. എന്നാൽ ആ പട്ടണത്തിൽ ഇന്ന് ശുദ്ധജലം കിട്ടാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്. മുൻഗവൺമെൻറിൻെറ കാലത്ത് നടപ്പിലാക്കിയ വാട്ടർസപ്ലൈയുടെ പ്രവർത്തനത്തിലുള്ള പോരായ്മ കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. തിരുവനന്തപുരം വാട്ടർസപ്ലൈയുടെ മേൽനോട്ടം തിരുവനന്തപുരം കോർപ്പറേഷന് വിട്ടു കൊടുക്കണമെന്ന് തിരുവനന്തപുരം മേയറായിരുന്ന ശ്രീ. കോസലരാമദാസ് പരസ്യമായി തന്നെ ശ്രീ. ശങ്കരൻനമ്പൂതിരിപ്പാടിനോടു ചോദിച്ചപ്പോാം അദ്ദേഹത്തെ ആക്ഷേപിക്കുകയും പാർട്ടിയിൽനിന്നും പുറത്താക്കുകയും ചെയ്തു. ഇതേപ്പററി സെക്രട്ടേറിയററിൽ വച്ചു നടന്ന ഒരു കോൺഫറൻസിൽവച്ചും അവർ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായി. ഈ നാട്ടുകാർ ജീവിക്കുന്നതിനുവേണ്ടി തിരുവനന്തപുരം വാട്ടർ വർക്സിൻെറ വികസനപ്രവർത്തനത്തിൽ ഈ ഗവൺമെൻറു കൂടുതൽ ശ്രദ്ധപതിപ്പിക്കണമെന്നും അതിനാവശ്യമായ നടപടികളെടുക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: സർ, പൊതുധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. ഇന്ന് പൊതുഭരണത്തിൻെറ ചുമതല കൈകാര്യം ചെയ്യുന്ന മന്ത്രിമാർക്ക് ശമ്പളം കൊടുക്കേണ്ടതില്ലെന്നും അവർ മന്ത്രിമാരായിട്ടു തുടരരുതെന്നുമാണ് എനിക്ക് വിനീതമായി പറയുവാനുള്ളത്. ഈ മന്ത്രിമാർ ഇവിടെ മന്ത്രിമാരായിരിക്കുന്നിടത്തോളം കാലം ഈ നാട്ടിലെ സാധാരണജനങ്ങാംക്ക് വന്നിട്ടുള്ള അനുഭവങ്ങാം ഇവിടെ വിവരിക്കാൻ സാധിക്കുകയില്ല. ഇതിനുമുമ്പുതന്നെ എൻെറ സഹപ്രവർത്തകൻമാരായ പല നിയമസഭാസാമാജികൻമാരും ഇക്കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ സംസാരിച്ചിട്ടുണ്ടെന്നു പത്രങ്ങളിൽക്കൂടി മനസിലാക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. എന്നാൽ കൂടി എനിക്കും എൻെറ സഹപ്രവർത്തകൻമാർക്കും എൻെറ ജില്ലയിൽ—തൃശ്ശൂർ ജില്ലയിൽ—കഴിഞ്ഞ ഏതാനും ആഴ്ചകളായി പ്രത്യേകിച്ച് കഴിഞ്ഞ ഫെബ്രുവരി 9—ാം തീയതി മുതൽക്ക് പോലീസ് നടത്തിയിട്ടുള്ള നരനായാട്ടിനെസംബന്ധിച്ച് പത്തോ പതിനഞ്ചോമിനിററുകൊണ്ട് ഇവിടെ പറയാൻ കഴിയുകയില്ല. എന്നാൽ തന്നെയുംഇവിടെയുള്ള നിയമസഭാസമാജികൻമാർ ആലോചിക്കാൻ കഴിവുള്ളവരാണെങ്കിൽ, മന്ത്രിസ്ഥാനത്തിരിക്കുന്നവരും ഞങ്ങാംക്കുവേണ്ടി അവർ വിശ്വസിക്കുന്നുവെങ്കിൽ വിശ്വസിക്കട്ടെ, അല്ലെങ്കിൽ അവരുടെ മനസ്സിന് ബോദ്ധ്യപ്പെടുന്ന കാര്യങ്ങാം വേറെ നോക്കിക്കൊള്ളട്ടെ, ഏതാനും ചില കാര്യങ്ങാം പറയാൻ ഞാനാഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂരിൽ ഫെബ്രുവരി 9-ാം തീയതി മുതൽ 16-ാം തീയതിവരെ നടന്നിട്ടുള്ള പോലീസ് മർദ്ദനത്തിന്റെ വളരെ വ്യാകുലമായ കഥകൾ മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. ട്രാൻസ്പോർട്ട് സമരത്തോടനുബന്ധിച്ച് വളരെ സമാധാനപരമായ നിലയിൽ, ഇന്നുവരെ നടന്നിട്ടുള്ള ഏതു സമരങ്ങളെ അപേക്ഷിച്ചും ഏററവും സമാധാനം പാലിച്ചുകൊണ്ട്, യാതൊരുവിധത്തിലുള്ള പ്രകോപനവും കൂടാതെ സമരം നടത്തിയവരെ അറസ്ററു ചെയ്തപ്പോൾ അറസ്ററിന് വഴങ്ങിയിട്ട് കേവലം മുദ്രാവാക്യം വിളിച്ചുവെന്നുള്ള ഒരൊററ കാരണംകൊണ്ട് ഭീകരമായി പോലീസു മർദ്ദനത്തിന് വിധേയമായിട്ടുള്ള ഡസൻകണക്കിന് ആളുകളുടെ പേര് ഞാൻ പറയാം. പലരും ഇന്ന് ആശുപത്രിയിലാണ്. ആശുപത്രിയിൽനിന്നും പോയിട്ടുള്ളവർ തന്നെ പലരും ഉഴിച്ചിലിനും മററു ആയുർവേദ ചികിൽസയ്ക്കുമായി ചെറുതുരുത്തി ആയുർവേദ ആശുപത്രിയിലും മററും കിടക്കുകയാണ്. തൃശ്ശൂർ ജില്ലയിലെ പ്രത്യേകതയാണോ എന്നറിഞ്ഞുകൂടാ പിക്കററു ചെയ്തവരെ പോലീസു അറസ്ററു ചെയ്തു ട്രാൻസ്പോർട്ട് ബസ്സിലാണ് കൊണ്ടുപോയത്. ബസ്സിൽ കൊണ്ടുപോകുമ്പോൾ അവർ സീററിനടിയിൽ ഇരിക്കണം. അങ്ങനെ സീററിനടിയിൽ ഇരിക്കാൻ വിസമ്മതിച്ചുകൊണ്ട് ആരെങ്കിലും സീററിൽ കയറി ഇരിക്കുകയാണെങ്കിൽ അവരെ അതിനകത്തിട്ടു തല്ലിച്ചതയ്ക്കുന്ന ദീനരോദനം പുറത്തുകൂടി പോകുന്നവർക്ക് കേൾക്കാമായിരുന്നു. ഇങ്ങനെയെല്ലാം ചെയ്യുന്നതുകൊണ്ട് ജീവനിൽ ഭയന്ന് അവർ ബസ്സിന്റെ സീററിനടിയിൽ ഇരിക്കും. 1950-നുശേഷം ഈ സംസ്ഥാനത്ത് നിലവിൽ വന്നിട്ടുള്ള ഏതു് ഗവൺമെൻറിന്റെ കാലത്തും സമരത്തിൽ പങ്കെടുത്തവരേയും പിക്കററു ചെയ്യുന്നവരേയും അറസ്ററു ചെയ്തു വാനിലിട്ടു കൊണ്ടുപോകുമ്പോൾ സ്വതന്ത്രമായി മുദ്രാവാക്യം വിളിക്കാൻ അനുവദിച്ചിരുന്നു. ശ്രീ. ഇ. എം. എസ്. മുഖ്യമന്ത്രിയായിരുന്നപ്പോഴും, ശ്രീ. പട്ടംതാണുപിള്ള മുഖ്യമന്ത്രിയായിരുന്നപ്പോഴും പ്രസിഡൻറു ഭരണകാലത്തും എല്ലാംതന്നെ നിരവധി സമരങ്ങൾ കാണാനും അതിൽ പങ്കെടുക്കാനും കഴിഞ്ഞിട്ടുള്ള ഒരാളാണ് ഞാൻ. അന്നൊന്നും ഉണ്ടാകാത്ത വിധത്തിൽ അറസ്ററു ചെയ്തുകൊണ്ടുപോകുമ്പോൾ ബസ്സിന്റെ സീററിൽ ഇരിക്കാൻ പാടില്ല, മുദ്രാവാക്യം വിളിക്കാൻ പാടില്ല എന്നീ കർശനമായ നടപടികളൊന്നും തന്നെ ഉണ്ടായിരുന്നില്ല. ഇന്ന് അത്തരം നടപടികളെ ലംഘിച്ചതുകൊണ്ട് ഈ നിയമസഭയിലെ ഒരു എളിയ അംഗമായ എനിക്ക് ഉണ്ടായ ചില അനുഭവങ്ങൾ ഞാൻ പറയാം. എന്നെ പോലീസു മർദ്ദിച്ചതിന്റെ ഫലമായിട്ട് രണ്ടുമൂന്ന് മാസം ചികിൽസിച്ചാലും തീരാത്ത അപകടങ്ങളുണ്ടായിട്ടുണ്ട്. എന്റെ വാരിയെല്ലിന് അടികൊണ്ടതിന്റെ ഫലമായി കേടുവന്നിരിക്കുകയാണ്. ഞാൻ ഇവിടെ ഇന്നു വന്നിട്ടുള്ളത് തന്നെ ഇക്കാര്യം പറയുന്നതിനുവേണ്ടിമാത്രമാണ്. എന്റെ ഇടതുഭാഗത്തെ വാരിയെല്ലു അടികൊണ്ടതിന്റെ ഫലമായി ഒടിഞ്ഞിരിക്കുകയാണ്. അത് അങ്ങോട്ടുമിങ്ങോട്ടും ഇളകുമ്പോൾ ചതഞ്ഞഭാഗത്ത് വേദനയുണ്ടാകും. വേദന ഒതുക്കി നിറുത്തുന്നതിനുവേണ്ടി ഡോക്ടർമാർ സ്ട്രാപ്പ് ചെയ്തിരിക്കുകയാണ്. വാരിയെല്ലു ഒടിഞ്ഞിരിക്കുന്നത് വേണമെങ്കിൽ കെട്ടഴിച്ച് ഞാൻ സഭാദ്ധ്യക്ഷനെ കാണിക്കാനും തയ്യാറാണ്. (അദ്ദേഹം ഷർട്ടു മാററി കെട്ടിവച്ചിരിക്കുന്ന ഭാഗം എല്ലാവരേയും കാണിക്കുയുണ്ടായി) സ്ട്രാപ്പ് അഴിക്കുന്നതിനുതന്നെ ഒന്നുരണ്ടാഴ്ച വേണമെന്നാണ് ഡോക്ടർമാർ പറയുന്നത്. പിന്നെയും രണ്ടുമൂന്നു മാസം വിശ്രമം എടുക്കണമെന്നും പറഞ്ഞിട്ടുണ്ട്. അവിടെനിന്നും വരാൻ പാടില്ലെന്നാണ് ഡോക്ടൻമാർ പറഞ്ഞിരുന്നത്. അവരുടെ നിർദ്ദേശത്തെ നിരാകരിച്ചുകൊണ്ട് ഇത് പറയാൻവേണ്ടിമാത്രമാണ് ഞാനിവിടെ വന്നത്. ഇന്നലെയുള്ള ട്രെയിനിലാണ് ഞാൻ തിരുവനന്തപുരത്തുവന്നത്.

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് പ്രത്യേകമായി ചൂണ്ടിക്കാണിക്കാനുള്ള ഒരു കാര്യം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലയിൽ കൈയും വച്ചു കുനിഞ്ഞിരിക്കുകയാണ്, അദ്ദേഹത്തിന് എന്നെ നോക്കുന്നതിന് സാധിക്കുകയില്ല, അതിന് അദ്ദേഹത്തിന്റെ മനസാക്ഷി അനുവദിക്കുകയില്ല. 1949—50—ൽ സർക്കാർ ഹൈസ്കൂളിൽ ഒരു ഗ്രാഡുവേററു അദ്ധ്യാപകനായിരുന്നു ഞാൻ. കമ്മ്യൂണിസ്ററുകാർക്കു എതിരായി പോലീസ് ഉഗ്രമായ നരനായാട്ടു നടത്തിയിരുന്ന സന്ദർഭമായിരുന്നു. ആ നരനായാട്ടിൽ ശ്രീ. അച്യുതമേനോനും, ഈ സഭയിലെ ശ്രീ. പി. എസ്. നമ്പൂതിരിയും മററുള്ള പലരും വിധേയമാകുകയുണ്ടായ കാലഘട്ടം. ആ കാലഘട്ടത്തിൽ അവർക്ക് ആവശ്യമായ അഭയസങ്കേതങ്ങൾ സംഘടിപ്പിക്കുക, അവർക്കാവശ്യമായ ഭക്ഷണവും പണവും ശേഖരിച്ചുകൊടുക്കുക ഇതെല്ലാം ഞാൻ ചെയ്തിരുന്നു. ഞാൻ ഇതെല്ലാം ചെയ്യുന്നതറിഞ്ഞുകൊണ്ട് പോലീസു എന്നെ അറസ്ററു ചെയ്തു തൃശ്ശൂർ ടൗൺസ്റേറഷനിൽ കൊണ്ടുപോകുകയും വളരെ ദയനീയമായ പോലീസു മർദ്ദനത്തിന് ഞാൻ വിധേയനാകുകയും ചെയ്തിട്ടുണ്ട്. അന്ന് ഞാൻ സർക്കാർ ജോലിയിലിരിക്കുകയായിരുന്നു.

അന്ന് ചുമരിൽ ചാരിനിറുത്തി തോക്കിന്റെ പാത്തികൊണ്ട് നെഞ്ചിൻമേൽ അടിച്ചാണ് മർദ്ദനം നടത്തിയിട്ടുള്ളത്. ഇന്നു അതിനേക്കാൾ ഭയങ്കരമായ രീതിയിലാണ് മർദ്ദിച്ചിട്ടുള്ളത്. ഇന്ന് ടൗൺ പോലീസു സ്റേറഷന്റെ സ്ഥലം മാറിയിട്ടുണ്ടെങ്കിലും ആ ടൗൺ പോലീസ് സ്റേറഷനിൽവച്ചുതന്നെ നമ്മുടെ മുഖ്യമന്ത്രി അച്യുതമേനോൻ രാമനിലയത്തിൽ ക്യാമ്പു ചെയ്യുന്ന അവസരത്തിൽ, 14, 15, 16 എന്നീ തീയതികളിൽ മുഖ്യമന്ത്രി തൃശ്ശൂർ ഡിസ്ട്രിക്ടിലായിരുന്നു, രാമനിലയത്തിലായിരുന്നു ക്യാമ്പു ചെയ്തിരുന്നത്, എന്റെ നേരെയുണ്ടായ മർദ്ദനത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹം ചില പരാമർശനങ്ങൾ നടത്തിയതായി പത്രത്തിൽനിന്നു വായിച്ചു മനസിലാക്കാൻ കഴിഞ്ഞത്, അങ്ങനെ നമ്പീശന് സംഭവിച്ചിട്ടുണ്ടെങ്കിൽ എനിക്ക് വ്യസനമുണ്ട് എന്നു പറഞ്ഞ് വ്യസനം രേഖപ്പെടുത്തിയതായിട്ടാണ്. നമ്മുടെ പോലീസുമന്ത്രിയും അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ കാര്യത്തിൽ വ്യസനമുണ്ടെന്നാണ് പറഞ്ഞത്. പക്ഷേ ഇവിടെ ഞങ്ങളുടെ പാർട്ടിയുടെ നേതാവായ ഇ. എം. എസ്. നമ്പൂതിരിപ്പാടും, ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട പല നിയമസഭാ സമാജികൻമാരും ഇങ്ങനെ സംഭവിച്ചിട്ടുണ്ട്, അതിന് ഞങ്ങൾ ദൃക്സാക്ഷികളാണ് എന്നു അസംബ്ളിയിൽ പറഞ്ഞിട്ടും, ശ്രീ. എ. കെ. ഗോപാലൻ മുഖ്യമന്ത്രിക്ക് കത്തെഴുതിയിട്ടും എല്ലാം ഈ പറയുന്ന കാര്യങ്ങളെല്ലാം ശരിയല്ലെന്നു പറഞ്ഞു സംശയം പ്രകടിപ്പിക്കുകയാണ് ചെയ്തത്. മുഖ്യമന്ത്രിയും, ആഭ്യന്തരമന്ത്രിയും തൃശ്ശൂർവഴി പലപ്രാവശ്യവും പോയിട്ടുണ്ടല്ലോ, ആഭ്യന്തരമന്ത്രിയും മുഖ്യമന്ത്രി സംഭവത്തിന്റെ അന്നുതന്നെ തൃശ്ശൂരിലുണ്ടായിരുന്നല്ലോ. എന്നിട്ട് ഈ സംഭവത്തെക്കുറിച്ച് ഒന്നു അന്വേഷിക്കാനോ മനസിലാക്കാനോ എന്തെങ്കിലും ശരിയുണ്ടെന്നറിയുന്നതിനോ തുനിഞ്ഞിട്ടുണ്ടോ? അത് നട്ടെല്ല് ഇല്ലായ്മയാണ്. ഈ കാര്യത്തെ സംബന്ധിച്ച് ഡിസ്ട്രിക്ട് മെഡിക്കലാഫീസറോട് അന്വേഷിക്കാനുള്ള സൗമനസ്യം അദ്ദേഹം കാണിക്കാത്തത് എന്താണെന്നുള്ളത് എന്റെ മുൻപിൽ ഒരു ചോദ്യചിഹ്നമായിരിക്കുകയാണ്. ഞാൻ ചെയ്ത അപരാധം എന്താണെന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. പോലീസ് എന്നെ അറസ്ററു ചെയ്യുന്ന അവസരത്തിൽ ഞാൻ യാതൊരു എതിർപ്പും കാണിച്ചില്ല. ഞാനാണ് പിക്കററിംഗിന് നേതൃത്വം കൊടുക്കുന്നതെന്ന് തലേദിവസം ആ സ്ഥലത്തുവച്ച് വാളൻറിയർമാരോട് പ്രഖ്യാപിച്ചിരുന്നതാണ് അന്നു രാവിലെ 11 മണിക്ക് പാർട്ടിയാഫീസിൽ നിന്ന് ജാഥയായി പുറപ്പെട്ട് കുറേനേരം ടൗണിൽ പ്രകടനം നടത്തിയതിനുശേഷം ട്രാൻസ്പോർട്ടു ബസ് സ്റേറഷനിലേക്കു തിരിച്ചു. ഞങ്ങളെ അറസ്ററു ചെയ്യാൻ വന്നത് മനുഷ്യത്വത്തിന്റെ ഒരു അംശംപോലും കണികാണാത്ത സി. ആർ. പി. കാർ മാത്രമായി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. ലോക്കൽപോലീസിലെ ഒരു ഹെഡ്കാൺസ്ററബിളിന്റെ ചുമതലയിലായിരുന്നു ഈ സി. ആർ. പി.ക്കാർ അവിടെ പ്രവർത്തിച്ചിരുന്നതെന്നു പറയപ്പെടുന്നു. ലോക്കൽപോലീസിലെ ഹെഡ്കാൺസ്ററബിൾ പറഞ്ഞാൽ പോലും വകവയ്ക്കാത്ത കിരാതമായ രീതിയിലാണ് സി. ആർ. പി.ക്കാർ മർദ്ദിച്ചത്. ആ ഹെഡ്കാൺസ്ററബിൾ എം. എൽ. എ. ആണ് തല്ലരുതെന്നു സി. ആർ. പി.ക്കാരോടു പറഞ്ഞപ്പോൾ എം. എൽ. എ.യായാലും ആരായാലും ഞങ്ങൾക്കൊന്നുമില്ല, ഞങ്ങൾ ആരേയും തല്ലും എന്നാണ് അവർ പറഞ്ഞത്. ഇങ്ങനെ പറഞ്ഞ സി. ആർ. പി. ക്കാരിൽ മിക്കവരും മലയാളികളായിരുന്നു, ഒന്നോ രണ്ടോ പേർ മാത്രമാണ് തമിഴിലും ഹിന്ദിയിലും സംസാരിച്ചത്. എം. എൽ. എ.യല്ല ഈ. എം. എസ്സിനെയല്ല, അവന്റെ തന്തയുടെ തന്തയേയും ഞങ്ങൾ തല്ലുമെന്നാണ് അവർ പറഞ്ഞത്. ഇത്രയും പറഞ്ഞ് ഞങ്ങളെ തല്ലിച്ചതച്ച് വാനിൽകയററി. വാനിൽ കയററുന്ന അവസരത്തിൽ നൂറു കണക്കിനുള്ള ആളുകളെ ലാത്തികൊണ്ടും കൈമുട്ടുകൊണ്ടും ഇടിച്ചാണ് തള്ളിക്കയററിയത്. ബസ്സിൽ കയറിയിട്ട് ഞാൻ ഒരു സീററിലിരുന്നപ്പോൾ എന്നോട് സീററിലിരിക്കാൻ പാടില്ലെന്നു പറഞ്ഞു. പത്തൻപതു ആളുകൾക്കിരിക്കാൻ സ്ഥലമുള്ള ബസിന്റെ സീററിലിരിക്കാൻ പാടില്ല, സീററിന്റെ അടിയിലിരിക്കണമെന്നു പറഞ്ഞതിനെ വകവയ്ക്കാതെ ഞാൻ സീററിലിരുന്നു. രണ്ടുമൂന്നു സി. ആർ.പി. ക്കാർ ആ സമയം എന്റെ മേൽ ലാത്തിയുമായി ചാടിവീണു. എവിടെയെല്ലാമാണ് അടിച്ചതെന്നു പറയാൻ സാധിക്കുകയില്ല. അടികൊണ്ടു വീണപ്പോൾ ഉച്ചത്തിൽ മുദ്രാവാക്യം വിളിക്കാൻ തുടങ്ങി. അപ്പോൾ മുദ്രാവാക്യം വിളിക്കാൻ പാടില്ലെന്നു പറഞ്ഞു. മുദ്രാവാക്യം വിളിക്കാൻ പാടില്ലെന്നു പറഞ്ഞാൽ അയ്യോ എന്നു വിളിക്കണമോ? ഞാൻ അങ്ങനെ വിളിക്കാൻ ശീലിച്ചിട്ടില്ല. ഈ രാജ്യത്ത് സമാധാനപരമായി സമരം ചെയ്യുന്ന വാളൻറിയർമാരെ അറസ്ററുചെയ്തു വാനിലിട്ടു മർദ്ദിക്കുമ്പോൾ മുദ്രാവാക്യം വിളിക്കാൻ പാടില്ലെന്നു പറഞ്ഞാൽ അത് കേൾക്കണമെന്നു ഞങ്ങളെ ആരും പഠിപ്പിച്ചിട്ടില്ല, അച്യുതമേനോൻ ഞങ്ങളെ അങ്ങനെ പഠിപ്പിച്ചിട്ടില്ല. ഞങ്ങളെ മർദ്ദിച്ചാലും എന്തു ചെയ്താലും ശരി അവസാനംവരെ മുദ്രാവാക്യം വിളിക്കുമെന്നു പറഞ്ഞു. ടൗൺപോലീസ് സ്റേറഷനിൽ എത്തുന്നതുവരെ രണ്ടു സീററിന്റേയും ഇടയിൽ പിടിച്ചുകിടത്തി എന്തെല്ലാം രീതിയിലുള്ള മർദ്ദനങ്ങളാണ് നടത്തിയതെന്നു പറയാൻ സാധിക്കുകയില്ല. അതിനുശേഷം സീററിന്റെ ഇടയിൽകൂടി വലിച്ചു പുറത്തു താഴോട്ടു എറിയുകയും ലാത്തികൊണ്ട് അങ്ങുമിങ്ങും ഒക്കെ കുത്തുകയുംചെയ്തു. ലോക്കൽപോലീസിലെ ഹെഡ്കാൺസ്ററബിൾ അവരെ തടഞ്ഞു എന്നാണ് അറിയാൻ കഴിഞ്ഞത്. എന്തെല്ലാം ചെയ്തു എന്ന് എനിക്കറിയാൻ കഴിഞ്ഞിട്ടില്ല. ലാത്തികൊണ്ട് അടിച്ചു കുറേസ്ഥലത്തെ തൊലിപോയി, ഷർട്ടും മുണ്ടും കീറി, തലയിൽഓറഞ്ചിന്റെ വലുപ്പത്തിൽ വീർത്തു, കാലിന് നല്ലവേദനയുണ്ടായിരുന്നു. എന്റെ സഹപ്രവർത്തകരേയും ഇതേ രീതിയിൽ മർദ്ദിച്ചു എന്നാണ് അറിയാൻ കഴിഞ്ഞത്. ഡി. എസ്. പി. യും ചുമതലപ്പെട്ട പോലീസുദ്യോഗസ്ഥൻമാരും വന്നാണ് പിന്നീട് ചികിൽസക്കായി ആശുപത്രിയിൽ അയച്ചത്. ഇവിടെ ഇതേക്കുറിച്ച് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറഞ്ഞത്, അന്വേഷണം നടത്തിവരുന്നുണ്ടെന്നാണ്. ഈ 22 ദിവസം കൊണ്ട് അവിടെ യാതൊരു അന്വേഷണവും നടന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല. ഈ അന്വേഷണം തിരുവനന്തപുരത്തു നിന്ന് തൃശ്ശൂരിൽ എത്താനുള്ള താമസംകൊണ്ടായിരിക്കാം ഇതുവരെ യാതൊരു അന്വേഷണവും നടക്കാത്തതെന്നു തോന്നുന്നു. ഇത്തരം ഒരു സംഭവത്തെ സംബന്ധിച്ചിടത്തോളം, നിയമസഭയിലെ ഒരു മെമ്പറെ പോലീസു പട്ടാപകൽ ആയിരകണക്കിന് ആളുകൾ കടന്നുപോകുന്ന റോഡിന്റെ മുൻപിൽവച്ച് മർദ്ദിച്ചിട്ട് അതേപ്പററി ഈ നയം നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആർ. ഡി. ഓ.യെ കൊണ്ട് അന്വേഷിപ്പിക്കുമെന്നു പറയുന്നത് പരിഹാസ്യമാണ്; യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

പ്രയോജനവും ഉണ്ടാകാത്ത കാര്യമാണ്. അതുകൊണ്ട് ഈ കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, ഉദ്ദേശിക്കുന്നണ്ടെന്ന ധാരണ എനിക്കില്ല, എന്തു ചെയ്യാനും ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുത്തുകൊണ്ട് എന്തു ചെയ്താലും നിങ്ങളെ രക്ഷിക്കാനും, മാർക്സിസ്റ്റുപാർട്ടിയെ അടിച്ചമർത്താനും പോലീസിനെ കയറൂരി വിട്ടിരിക്കുകയും, പോലീസിന്റെ കയ്യിലുള്ളത് ഓടക്കുഴലല്ല ലാത്തിയാണ് എന്ന് ഒരു മന്ത്രിപ്രസ്താവിക്കുകയും ചെയ്തിട്ടുള്ള ഈ രാജ്യത്ത് പോലീസുകാർ വെടിവയ്പു നടത്തിയാലും ആളുകളെ മൃഗീയമായി മർദ്ദിച്ച് ജീവനാശം വരുത്തിയാലും അതേക്കുറിച്ച് അന്വേഷണം നടത്തിയതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. വടക്കാഞ്ചേരിയിലെ കാർഷികത്തൊഴിലാളി യൂണിയൻ പ്രസിഡൻറായ ശങ്കരനെ പട്ടാപകൽ മുണ്ടഴിച്ച് നഗ്നമായി തെങ്ങിൽ പിടിച്ചുകെട്ടി അടിച്ചതും അയാളെ സഹായിച്ച കോരൻ എന്ന മറെറാരു തൊഴിലാളിയെ തല്ലിച്ചതച്ചതും ഈ രാജ്യത്തു നടന്ന സംഭവമാണ്. ഇതൊന്നും പ്രസിദ്ധീകരിക്കാത്ത പത്രങ്ങളാണ് പോലീസ് മർദ്ദനങ്ങളെ സംബന്ധിച്ച് പറയുമ്പോൾ ചർച്ച വിരസമാണെന്നു പറഞ്ഞു എഴുതികൂട്ടുന്നത്. ഇവിടെ ശ്രീ. മൊയ്തീൻകുട്ടിഹാജി പ്രസംഗിച്ചതായി പത്രത്തിൽ വായിച്ചുകേട്ടു, നമ്പീശന് തല്ലുകൊണ്ടിട്ടുണ്ടെങ്കിൽ കഷ്ടമാണ്, പക്ഷേ അങ്ങനെ തല്ലുകൊള്ളാൻ പോകരുതെന്ന്. ശ്രീ. ഹാജി തല്ലുകൊള്ളാൻപോകുകയില്ലെന്നറിയാം. കർഷകത്തൊഴിലാളി പ്രക്ഷോഭണങ്ങളേയും, മററു സമരങ്ങളേയും അടിച്ചമർത്തുന്നതിനുവേണ്ടി അല്ലെങ്കിൽ അത് നേരിടുന്നതിനുവേണ്ടി ഏതു ഗവൺമെൻറായാലും മററാരായാലും മുന്നോട്ടു വന്നാൽ അതിനെതിരായി സമാധാനപരമായ പിക്കററിംഗിനുപോലും പോകരുതെന്നുള്ള ശ്രീ. ഹാജിയുടെ ഉപദേശം സദുദ്ദേശത്തോടുകൂടിയതാണെങ്കിലും വളരെ സ്നേഹത്തോടുകൂടി അത് സ്വീകരിക്കാൻ തയ്യാറല്ലെന്നു ഞാൻ പറയുകയാണ്.

ഏതായാലും സമയകുറവുകൊണ്ട്, മററു പല കാര്യങ്ങളും പറയാനുണ്ടെങ്കിലും ഞാൻ യാതൊന്നും പറയുന്നില്ല. ഈ പൊതുഭരണത്തിനു വേണ്ടിയുള്ള ധനാഭ്യർത്ഥനകളെ ശക്തിയായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ
11 A.M. അനുകൂലിക്കുകയാണ്. ഇൻഡ്യയിൽ മററു യാതൊരു സ്റേററ് ഗവൺമൻറുകൾക്കും നേരിടേണ്ടതായിട്ടില്ലാത്ത സാഹചര്യമാണ് കേരളത്തിലെ ഗവൺമെൻറിന് നേരിടാനുള്ളത്. സുശക്തമായ ഒരു പ്രതിപക്ഷം, ഈ ഗവൺമെൻറിനെ മറിച്ചിട്ടല്ലാതെ അടങ്ങുകയില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് അതിനുള്ള സമരത്തിന് ഏതുമാർഗ്ഗവും സ്വീകരിക്കുന്നതിനെ ഞങ്ങൾ അനുകൂലിക്കുകയെയുള്ളു, എത്ര പൈശാചികമായാലും അതിനെ അപലപിക്കാൻ തയ്യാറല്ലെന്നു പ്രഖ്യാപിച്ചുകൊണ്ട് വിമോചനസമരം നടത്തികൊണ്ടിരിക്കുന്ന അവർതന്നെയാണ് ഈ സംഭവങ്ങൾക്കെല്ലാം കാരണക്കാർ. ഇൻഡ്യയിലെ മററു സ്റേററുകളിലും പ്രതിപക്ഷം പ്രവർത്തിക്കുന്നുണ്ട്, ഗവൺമെൻറിന്റെ നടപടിയെ നിശിതമായി വിമർശിക്കുന്നുണ്ട്. പക്ഷേ പാർലമെൻററി ജനാധിപത്യത്തിൽ വിശ്വസിച്ചുകൊണ്ട് ഇന്നത്തെ അധികാരത്തിലിരിക്കുന്ന ഗവൺമെൻറുകൾ കൈക്കൊള്ളുന്ന നയങ്ങൾ തെററാണെങ്കിൽ തീർച്ചയായും അടുത്ത തിരഞ്ഞെടുപ്പിൽ പരാജയപ്പെടുത്താമെന്നു വിശ്വസിച്ചുകൊണ്ട് ഇൻഡ്യയിലെ മററു സ്റേററുകളിൽ പ്രതിപക്ഷം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കേരളത്തിലാകട്ടെ ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന ദിവസം മുതൽ ഏതു മാർഗ്ഗം ഉപയോഗിച്ചും ഉടനടി ഈ ഗവൺമെൻറിനെ വീഴിക്കുകയെന്ന ഏക ലക്ഷ്യത്തോടുകൂടി പിശാചിനെപ്പോലും കൂട്ടുപിടിക്കുമെന്നു പ്രഖ്യാപിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരത്തിലുള്ള മാർഗ്ഗം അവലംബിച്ചു പ്രവർത്തിക്കുന്ന പ്രതിപക്ഷം കേരളത്തിൽ മാത്രമാണുള്ളത്. കഴിഞ്ഞ ഐക്യമുന്നണി ഗവൺമെന്റ് അധികാരം ഒഴിഞ്ഞ 1969—ഒക്ടോബർ 24—ാം തീയതി ആരംഭിച്ചതാണ് ഈ നടപടി. 1969—ഒക്ടോബർ 24—ാം തീയതി എന്റെ നിയോജകമണ്ഡലത്തിൽ നടന്ന ഒരു സംഭവം ഞാനിപ്പോൾ ഓർക്കുകയാണ്. ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ മന്ത്രിസഭ രാജിവച്ചുവെന്ന് റേഡിയോവിൽ പ്രഖ്യാപനം കേട്ട സമയത്തുതന്നെ അവിടത്തെ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടിക്കാർ സകല ബസ്സുകളും തടഞ്ഞു നിറുത്തി യാത്രക്കാരെയിറക്കി ഗുരുതരമായി മർദ്ദിക്കാൻ തുടങ്ങി. അങ്ങനെ ബസ്സിൽനിന്നിറക്കിയ യാത്രക്കാരിൽ ചിലർ കോൺഗ്രസ്സുകാരായിരുന്നു. അവരിൽ കുറെ സ്വാധീനശക്തിയുള്ള ആളുകളും ഉണ്ടായിരുന്നു. അവർ അവിടെ വച്ചു പ്രഖ്യാപിച്ചു, ഞങ്ങൾ പ്രതികാരം ചോദിക്കുമെന്ന്. അടുത്ത കുറെദിവസത്തിനകം അവർ മാർക്സിസ്റ്റുകാരുമായി ഏററുമുട്ടൽ നടത്തി. മാർക്സിസ്റ്റുകാർ നൽകിയ അതെ നാണയത്തിൽ തന്നെ അവർ തിരിച്ചടി നൽകുകയും ചെയ്തു. ഏതായാലും അങ്ങനെ ജനങ്ങൾക്കെതിരായി, നിരാപരാധികളായ യാത്രക്കാരെ വലിച്ചിറക്കി മർദ്ദിച്ച് അവരെ അവശരാക്കി മാർക്സിസ്റ്റു പാർട്ടി രാജ്യത്തെ വിമോചനസമരം അന്നുമുതൽ ആരംഭിച്ചതാണ്. 1969—നവംബർ ഒന്നാം തീയതി അച്യുതമേനോൻ മന്ത്രിസഭ അധികാരമേറെറടുത്തതിന്റെ പിറേറ ദിവസം തന്നെ നാസിജർമ്മനിയിൽ നടക്കാത്തരീതിയിലുള്ള ക്രൂരമായ മർദ്ദനങ്ങളാണ് കേരളത്തിൽ നടക്കുന്നതെന്നു പ്രസ്താവിക്കാൻ മടിക്കാത്ത നേതാക്കൻമാരാണ് മാർക്സിസ്റ്റുപാർട്ടിയിലുള്ളത്. അങ്ങനെ തോക്കുകൊണ്ടും ലാത്തികൊണ്ടും മാത്രമേ ഈ രാജ്യം ഭരിക്കാൻ കഴിയുകയുള്ളുവെന്നു പ്രഖ്യാപിച്ചുകൊണ്ട് അതിനനുസരണമായ ക്രൂരമായ കൃത്യങ്ങളിലേക്ക് നീങ്ങുന്ന ഒരു പ്രതിപക്ഷമാണ് ഈ രാജ്യത്തുള്ളത്. വളരെ സമാധാനപരമായി നടന്ന ട്രാൻസ്പോർട്ടു സമരത്തെക്കുറിച്ച് സഖാവ് നമ്പീശൻ മാസ്ററർ ഇവിടെ പ്രസംഗിക്കുന്നതുകേട്ടു. തൃശ്ശൂരിൽ നടന്നതെന്താണെന്ന് ഞാൻ കാണുകയുണ്ടായില്ല. പക്ഷേ ട്രാൻസ്പോർട്ടു ബസ്സുകൾ തീകൊളുത്തിയ സംഭവം എന്റെ മുന്നിലുണ്ട്. ആലപ്പുഴ ബസ്സ്റേറഷന്റെ മുന്നിൽ മുദ്രാവാക്യം വിളിച്ചുകൊണ്ട് സമരം നടത്തിയപ്പോൾ അവർ വിളിച്ച മുദ്രാവാക്യങ്ങൾ ചിലതെല്ലാം ഞാനും കേൾക്കുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ ട്രാൻസ്പോർട്ടു ബസ്സ്റേറഷനിൽവച്ച് പല പ്രാവശ്യവും ഞാൻ ഈ മുദ്രാവാക്യംവിളി കേൾക്കുകയുണ്ടായി. ആവർത്തിച്ചാവർത്തിച്ച് അവർ വിളിച്ച മുദ്രാവാക്യം അരിവാൾ ഞങ്ങൾ കൈയിലെടുക്കും, സി. എച്ച്. മുഹമ്മദുകോയയുടെ മയ്യത്തെടുക്കും, കെ. എം. ജോർജിന്റെ പെട്ടിയെടുക്കും എന്നീ വിധത്തിലാണ്. അവർ ഈ വിധത്തിൽ ആവർത്തിച്ചാവർത്തിച്ച് മുദ്രാവാക്യം വിളിക്കുന്നത് ഞാനെന്റെ സ്വന്തം ചെവികൊണ്ടു കേട്ടതാണ്. കെ. എം. ജോർജിന്റെ പെട്ടിയെടുക്കുമെന്ന് പറയുന്നതിന്റെ അർത്ഥം ആ സമയത്ത് എനിക്കു മനസ്സിലായില്ല. ഞാൻ ആദ്യം വിചാരിച്ചത് സൂട്ട്കേസ് എടുക്കുമെന്നോ മറേറാ ആയിരിക്കുമെന്നാണ്. സി. എച്ച്. മുഹമ്മദുകോയയുടെ മയ്യത്തെടുക്കുമെന്നു പറഞ്ഞപ്പോൾ കെ. എം. ജോർജിന്റെ പെട്ടിയെടുക്കുമെന്നു പറയുന്നതിന്റെ അർത്ഥം എനിക്കു വ്യക്തമായി. ബഹുമാനപ്പെട്ട മന്ത്രി സി. എച്ച്. മുഹമ്മദുകോയയുടെ നേരെ ഒരു ഉന്നതമാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടി പ്രവർത്തകൻ നടത്തിയ ആക്രമണത്തിന്റെ പശ്ചാതലത്തിൽ നോക്കുമ്പോൾ ഇത് മുദ്രാവാക്യം വിളിയിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ലെന്നു നമുക്കു വ്യക്തമാവുകയും ചെയ്യും. അങ്ങനെ ഒരു വിമോചനസമരത്തിലേർപ്പെട്ടിട്ടുള്ള പ്രതിപക്ഷം, സുശക്തമായ പ്രതിപക്ഷം ഈ രാജ്യത്ത് ആക്രമണപ്രവർത്തനം നടത്തുന്ന ഒരു കാലഘട്ടത്തിൽ എത്ര സമാധാനപരമായി ഭരണം നടത്തണമെന്ന് ഒരു ഗവൺമെന്റ് ആഗ്രഹിച്ചാലും അതു സാധിക്കുകയില്ലെന്നുള്ളത് അനുഭവം കൊണ്ട് തെളി

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞിരിക്കുകയാണെന്നുള്ള കാര്യം പ്രതിപക്ഷത്തിരിക്കുന്ന മെമ്പറൻമാരെ ഞാൻ ഓർമ്മിപ്പിക്കുകയാണ്. 1957—ൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്ററു ഗവൺമെൻറു വളരെ വ്യക്തമായി ഒരു നയപ്രഖ്യാപനം നടത്തുകയുണ്ടായി. കഴിവതും പോലീസിനെ യാതൊരു വിധ സമരങ്ങളിലും ഇട പെടുവിക്കുകയില്ലെന്ന് പ്രഖ്യാപനം നടത്തുകയുണ്ടായി. പോലീസിനെ നിർവീര്യമാക്കുന്നുയെന്നുള്ള ആരോപണമാണ് അന്ന് പ്രതിപക്ഷത്തുനിന്നുണ്ടായത്. കഴിവതും നിർവീര്യമാക്കിതന്നെ പോലീസിൻെറ സഹായം കൂടാതെ ജനങ്ങളുടെ സഹകരണംകൊണ്ട് സമാധാനപരമായി, നീതിപൂർവ്വകമായി ഭരണം നടത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നുയെന്ന് അന്നത്തെ ഗവൺമെൻറ് വ്യക്തമാക്കിയിട്ടുള്ളതാണ്. പക്ഷേ ഈ രാജ്യത്ത് അക്രമമാർഗ്ഗങ്ങൾ ഉപേക്ഷിച്ചുകൊണ്ട് വിമോചനസമരം നടന്നപ്പോൾ ആ ഗവൺമെൻറിന് മനസ്സില്ലാമനസ്സോടെയാണെങ്കിലും ബലപ്രയോഗം നടത്തേണ്ടിവന്നു, വെടിവയ്പ്പുനടത്തേണ്ടിവന്നു, അനേകം ജീവൻ നഷ്ടപ്പെടുത്തേണ്ടി വന്നു. ഇന്നിവിടെ സുശക്തമായ ഒരു പ്രതിപക്ഷം വിമോചനസമരം നടത്തുന്നതിനു അക്രമമാർഗ്ഗങ്ങളുമായി മുന്നോട്ടു നീങ്ങുന്നസന്ദർഭത്തിൽ, ബലപ്രയോഗം പാടില്ല, പോലീസിനെ ഉപയോഗിക്കാൻ പാടില്ല, വെടിവയ്പ്പു പാടില്ല, ലാത്തിച്ചാർജ് പാടില്ല എന്നൊക്കെ ഈ ഗവൺമെൻറു എത്രതന്നെ ആഗ്രഹിച്ചാലും അതിനു നിർവ്വാഹമില്ലാത്ത ഒരു സാഹചര്യം സൃഷ്ടിക്കുന്ന പ്രതിപക്ഷമാണ് അതിനെല്ലാം ഉത്തരവാദിത്വം വഹിക്കേണ്ടതെന്നു ഇവിടെ ഉത്തരവാദിത്വത്തോടുകൂടി തന്നെ പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ സ്ററേററിൽ 1969—നവംബർ ഒന്നാം തീയതിക്കുശേഷം എവിടെയെല്ലാം പോലീസു ലാത്തിച്ചാർജുകളും, വെടിവയ്പ്പുകളും, മർദ്ദനങ്ങളും നടന്നിട്ടുണ്ടോ അതിൻെറയെല്ലാം ഉത്തരവാദിത്വം ഈ രാജ്യത്തിലെ പ്രതിപക്ഷകക്ഷികളായ മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടിക്കാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ രാജ്യത്തെ എന്തു മാർഗ്ഗവും ഉപയോഗിച്ചുകൊണ്ടായാലും എന്തു ആക്രമണം നടത്തികൊണ്ടായാലും ഈ ഗവൺമെൻറിനെ താഴെയിറക്കിയാലല്ലാതെ അടങ്ങിയിരിക്കുകയില്ലെന്ന് പ്രഖ്യാപിക്കുന്ന എ. കെ. ഗോപാലനും, ഇ. എം. എസും. ഉൾപ്പെടെയുള്ള നേതാക്കൻമാർ ഇതിനെല്ലാം സമാധാനം പറയണം. അവർ ഈ രാജ്യത്തോടും ജനങ്ങളോടും ചരിത്രത്തോടും സമാധാനം പറയണമെന്നാണ് എനിക്കു പറയാനുള്ളത്. അങ്ങനെ പറയുന്ന സന്ദർഭത്തിൽ ഗവൺമെൻറിൻെറ നയങ്ങൾപൂർണ്ണമായി അതേപടിയാണ് എല്ലാ ഉദ്യോഗസ്ഥൻമാരും നടപ്പിൽ വരുത്തുന്നതെന്നു പറയാൻ ഞാനാഗ്രഹിക്കുന്നില്ല. അങ്ങനെ ആരുംതന്നെ അവകാശപ്പെടുന്നുവെന്നും തോന്നുന്നില്ല. കാരണം നമുക്കറിയാം. ഈ പോലീസ് സേന മാത്രമല്ല മററു ഉദ്യോഗസ്ഥമണ്ഡലവും ഗവൺമെൻറിൻെറ നയപരിപാടികളിൽനിന്ന് വ്യതിചലിച്ചുകൊണ്ടാണ് പല സന്ദർഭങ്ങളിലും പ്രവർത്തിക്കുന്നതെന്നും. സദുദ്ദേശത്തോടുകൂടി ഗവൺമെൻറു ആവിഷ്കരിക്കുന്നതായ പല നടപടികളും ജനതാമധ്യത്തിലേക്ക് ഉദ്യോഗസ്ഥൻമാർ മുഖേന പകർത്തുന്ന സന്ദർഭത്തിൽ ഗവൺമെൻറ് ഉദ്ദേശിക്കുന്ന വിധത്തിലുള്ള ആശയങ്ങൾ നഷ്ടപ്പെട്ട് ജനദ്രോഹകരമായ രീതിയിലാണ് അനുഭവപ്പെടുക. ഉയർന്ന ഉദ്യോഗസ്ഥരായാലും താഴെക്കിടയിലുള്ള ഉദ്യോഗസ്ഥൻമാരായാലും ഈ അനുഭവം ഉണ്ടാകുന്നുണ്ട്. അതേസമയത്തു തന്നെ കഴിവുള്ളവരും ആത്മാർത്ഥതയുള്ളവരും ജനസേവനതൽപ്പരരായുള്ളവരുമായ വലിയൊരു വിഭാഗം ഉദ്യോഗസ്ഥൻമാരുണ്ടെന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. ഉയർന്ന ഉദ്യോഗസ്ഥൻമാരെയെല്ലാം ജനദ്രോഹികളെന്നും, താഴെക്കിടയിലുള്ള ഉദ്യോഗസ്ഥൻമാരെല്ലാം തന്നെ ജനസേവനതൽപ്പരതയുള്ളവരെന്നും വേർതിരിക്കാൻ തയ്യാറില്ല. എൻെറ അനുഭവം വച്ചുനോക്കുമ്പോൾ എൻ. ജി. ഓ. മാരിൽ തന്നെ ആത്മാർത്ഥതയുള്ള ആളുകളുണ്ട്; അവരിൽ തന്നെ തിക്തമായ അനുഭവങ്ങൾ നൽകിയിട്ടുള്ള ആളുകളുണ്ട്. അതുപോലെ തന്നെ ഐ. പി. എസ്. ഉദ്യോഗസ്ഥൻ

LIBRARY ARCHIVES Kerala Legislative Assembly

മാരിൽ ജനസേവനതൽപ്പരതയോടുകൂടി പതിനെട്ടും ഇരുപതും മണിക്കൂർ ജോലി ചെയ്യുന്ന ആത്മാർത്ഥതയുള്ള ഉദ്യോഗസ്ഥൻമാരുണ്ട്. സ്വാർത്ഥമതികളായ ഉദ്യോഗസ്ഥൻമാരും ജനസേവനത്തെ ലാക്കാക്കാതെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാരും ഉണ്ട്. അങ്ങനെ ഈ ഉദ്യോഗസ്ഥമണ്ഡലം ഗവൺമെൻറിൻെറ നയപരിപാടികൾ നടപ്പിൽ വരുത്തുമ്പോൾ പലപ്പോഴും ഗവൺമെൻറുദ്ദേശിക്കുന്ന രീതിയിലല്ല നടപ്പിൽവരുത്തുന്നതെന്നുള്ള തിക്തമായ അനുഭവം ഉണ്ടാകുന്നുണ്ട്. പോലീസിൻെറ മേൽ മാത്രം ആ രീതിയിലുള്ള പഴി വച്ചുകെട്ടിയിട്ടു കാര്യമില്ല. അതുകൊണ്ട് ഗവൺമെൻറിൻെറ നയങ്ങളിൽ നിന്ന് വ്യത്യസ്തമായ രീതിയിൽ, ഗവൺമെൻറിൻെറ നയങ്ങളെ പരാജയപ്പെടുത്തുന്ന രീതിയിൽ തെററി നടന്നിട്ടുള്ള ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ച് പ്രത്യേകിച്ച് പോലീസിൻെറ അക്രമണത്തെ സംബന്ധിച്ച് അന്വേഷിക്കുമെന്ന് അസന്നിഗ്ദ്ധമായിതന്നെ ഈ നിയമസഭയിൽ മുഖ്യമന്ത്രി ഉറപ്പ് നൽകിയിട്ടുള്ളതാണ്. ഇന്നു രാവിലെതന്നെ ചെങ്ങന്നൂർ നടന്ന വെടിവയ്പ്പിനെസംബന്ധിച്ച് ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പർ അദ്ദേഹത്തിനു കിട്ടിയ വസ്തുതകൾ വച്ചുകൊണ്ട് അതു ശരിയാണെന്നുള്ള രീതിയിൽ ഇവിടെ നിരത്തി വയ്ക്കുകയുണ്ടായി. ഗവൺമെൻറിനു കിട്ടിയ അഭിപ്രായം, ഉദ്യോഗസ്ഥൻമാരിൽനിന്നു കിട്ടിയ അഭിപ്രായം, അതു വസ്തുതയാണെന്നു പറഞ്ഞുകൊണ്ട് ഗവൺമെൻറ് ഭാഗത്തുനിന്ന് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ഇവിടെ വയ്ക്കുകയുണ്ടായി. പക്ഷേ അതേ സമയത്തുതന്നെ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി മാറെറാരുകാര്യം കൂടി ഇവിടെ പറയുകയുണ്ടായി. ഈ രണ്ടു അഭിപ്രായങ്ങളും വ്യത്യസ്തമാണ്, വിരുദ്ധമാണ് എന്നുള്ളത് കണക്കിലെടുത്തുകൊണ്ട് ശരിയായി അവിടെ നടന്നത് എന്താണെന്നു അറിയുന്നതിനു വേണ്ടിയിട്ടു ഈ കാര്യത്തിൽ ആരുടെ ഭാഗത്തുനിന്നാണ് വീഴ്ചപററിയിട്ടുള്ളതെന്ന് അറിയുന്നതിനുവേണ്ടിയിട്ട്, അങ്ങനെ വീഴ്ചപററിയിട്ടുള്ളത് ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നാണെങ്കിൽ അവരുടെ പേരിൽ നടപടികൾ എടുക്കുന്നതിനുവേണ്ടി ഒരു അന്വേഷണം നടത്താമെന്ന് അദ്ദേഹം നിയമസഭയ്ക്കു ഉറപ്പു നൽകുകയും ചെയ്തു. ഇതിൽ കവിഞ്ഞ് ഗവൺമെൻറിന് ഒന്നും പ്രവർത്തിക്കാൻ സാധ്യമല്ല. എല്ലാം ഉദ്യോഗസ്ഥൻമാരും ഐക്യമുന്നണിഗവൺമെൻറിൻെറ നയം നടപ്പിൽ വരുത്തുന്നതിനുവേണ്ടി പ്രവർത്തിക്കുമെന്നുള്ള ഉറപ്പ് ഇന്നത്തെ സാഹചര്യത്തിൽ നൽകാൻ നിവൃത്തിയില്ല. ആ രീതിയിൽ പ്രവർത്തിക്കുന്നതായുള്ള ഒരു ഉദ്യോഗസ്ഥമണ്ഡലമല്ല നമ്മുടെ രാജ്യത്തുള്ളത്. എല്ലാതലത്തിലും ഉദ്യോഗസ്ഥൻമാരെ നിയന്ത്രിക്കുന്നതിനുവേണ്ടിയിട്ടുള്ള ജനകീയസമ്മർദ്ദം ഉണ്ടായാൽ മാത്രമേ ആ രീതിയിൽ ഏറെക്കുറെ നിർവ്വഹിക്കാൻ സാധിക്കുകയുള്ളു. അതുകൊണ്ടാണ് പഞ്ചായത്തീരാജ്ബിൽ ജില്ലാ നിലവാരത്തിൽ ഉദ്യോഗസ്ഥൻമാരുടെ പ്രവർത്തനത്തെ വേണ്ട രീതിയിൽ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ടി നമ്മുടെ നിയമസഭ അടുത്തുതന്നെ പാസ്സാക്കാൻ പോകുന്നത്. എന്നിരുന്നാലും പൂർണ്ണമായ രീതിയിൽ കാര്യങ്ങൾ നീങ്ങുമെന്ന് വിശ്വസിക്കാൻ നിവൃത്തിയില്ല. അങ്ങനെ നീങ്ങണമെങ്കിൽ ഈ രാജ്യത്തിലെ പ്രശ്നങ്ങളുടെ വൈപുല്യം കണക്കിലെടുത്തുകൊണ്ട്, ഈ രാജ്യത്തിലെ പ്രശ്നങ്ങളുടെ ആഴം കണക്കിലെടുത്തുകൊണ്ട് ഇതെല്ലാം പരിഹരിക്കുന്നതിന് ഏകമനസ്സോടുകൂടിയുള്ള പ്രവർത്തനം ആവശ്യമാണെന്ന് എല്ലാ വിഭാഗം ജനങ്ങളും എല്ലാ രാഷ്ട്രീയ പാർട്ടികളും മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന ഘട്ടത്തിൽ മാത്രമേ സാധിക്കുകയുള്ളു. ഏതാണ്ട് രണ്ടു നൂററാണ്ടു കാലത്തോളം ബ്രിട്ടീഷ് സാമ്രാജ്യത്വം രക്തവും മാംസവും മജ്ജയും ഊററിക്കുടിച്ച് പിൺഡമാക്കിയ ഭാരതത്തെയാണ് സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം നമുക്ക് നേരിടേണ്ടിവന്നത്. അത്തരത്തിൽ പിൺഡമാക്കി മാററിയ ഭാരതനാട്ടിലെ ഒരു കൊച്ചു സംസ്ഥാനമായ കേരളത്തെയാണ് ഈ ഗവൺമെൻറിനു നേരിടാനുള്ളത്. അങ്ങനെയുള്ള ഈ സംസ്ഥാനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ജീവൻ നൽകുന്നതിൽ സഹകരിക്കേണ്ടത് എല്ലാ ജനങ്ങളുടേയും ചുമതലയാണ്. ഒരു രാഷ്ട്രീയകക്ഷി അധികാരമേററെടുക്കുമ്പോഠം മററൊരുകക്ഷി രാഷ്ട്രീയ വൈരനിര്യാതന ബുദ്ധിയോടുകൂടി അതിനെ എതിർത്തു തോൽപ്പിക്കാൻ ശ്രമിക്കുകയാണെങ്കിൽ ആ രാജ്യം അധ:പതനത്തിലാകുകയേയുള്ളു. ഇന്നു ഇൻഡ്യയെ സംബന്ധിച്ചിടത്തോളം, കേരളത്തെ സംബന്ധിച്ചിടത്തോളം വിശേഷിച്ച് ഈ രാജ്യത്തിലെ മുഴുവൻ ജനവിഭാഗങ്ങളേയും ഒന്നിച്ചുകൊണ്ട് നാമെല്ലാവരും അംഗീകരിക്കുന്നതായ പരിപാടികഠം നടപ്പിൽ വരുത്തുന്നതിന് ശ്രമിക്കേണ്ടതാണ്.

ശ്രീ. എ. പി. കുര്യൻ: നിങ്ങളുടെ പാർട്ടിയുടെ അഭിപ്രായമാണോ?

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: അല്ല. ഈ രാജ്യത്ത് നല്ല കാര്യങ്ങഠം നടപ്പിൽ വരുത്താൻ ആഗ്രഹിക്കുന്ന എല്ലാ ആളുകളും ചിന്തിക്കേണ്ട ഒരു അഭിപ്രായമാണ്. ഈ രാജ്യത്തെസംബന്ധിച്ചിടത്തോളം ഒരു പ്രത്യേക രാഷ്ട്രീയ കക്ഷി നടപ്പിൽവരുത്തുന്ന നയപരിപാടികളെ എതിർത്തു തോൽപ്പിക്കുകയെന്ന ഏക ലക്ഷ്യത്തോടുകൂടി മററു രാഷ്ട്രീയകക്ഷികഠം പ്രവർത്തിക്കുകയാണെങ്കിൽ, അങ്ങനെ ജനങ്ങളിൽ വലിയൊരുഭാഗം നയപരിപാടികളെ എതിർത്തു തോൽപ്പിക്കുന്നതിന് ചിന്തിക്കുന്നുണ്ടെങ്കിൽ ഈ രാജ്യത്തിന് കരകയറാൻ സാധ്യമല്ല. കാരണം അത്രയും അഗാധമായ പ്രശ്നങ്ങളാണ് ഇവിടെ നിലവിലുള്ളത്. പ്രത്യേകിച്ചും ഉദ്യോഗസ്ഥമണ്ഡലത്തിൻെറ ഇന്നത്തെ മനോഭാവത്തിൽ മാററം വരുത്തണമെന്നുണ്ടെങ്കിൽ, എല്ലാ പാർട്ടികളും മുന്നോട്ടു വരണമെങ്കിൽ തന്നെ ജനങ്ങളുടെ ഏകോപിച്ചുള്ള സംഘടിതമായിട്ടുള്ള ഏകമനസ്സോടുകൂടിയുള്ള സഹകരണവും പിൻതുണയും ആവശ്യമാണ്. ഉദ്യോഗസ്ഥമണ്ഡലത്തിൻെറ പല നീക്കങ്ങളും തീർച്ചയായിട്ടും ഗവൺമെൻറിൻെറ നയത്തിനനുസരിച്ചല്ല എന്ന തിക്തമായഅനുഭവമുണ്ട്. നമ്മുടെ റവന്യൂ മന്ത്രി ഭൂമിവിതരണം ചെയ്യുന്നതിന് ഊർജസ്വലമായ നടപടികഠം സ്വീകരിക്കുന്നുണ്ട് .

ചെയർമാൻ: ഓർഡർ, ഓർഡർ. മെമ്പറുടെ സമയം തീർന്നു.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: എനിക്കു പറയാനുള്ളത് ഇത് മാത്രമാണ്. എല്ലാ ജനവിഭാഗങ്ങളും രാഷ്ട്രീയത്തിന് അതീതമായി രാജ്യത്തിത്തിനു വേണ്ടി ഒന്നിച്ചുനിന്നു പ്രവർത്തിക്കുക എന്നുള്ള ഒരു നയമാണ് നാം അംഗീകരിച്ചിട്ടുള്ളത്. അതിൽനിന്ന് വ്യത്യസ്തമായി കേരളത്തിലെ ജനങ്ങളെ ഭിന്നിപ്പിക്കാനുള്ള ഏതു നയവും രാജ്യത്തെ നശിപ്പിക്കാനുള്ള നയമാണ്, രാജ്യദ്രോഹപരമായ നയമാണ്. ഏതു പാർട്ടിയായാലും അതിൽനിന്ന് പിൻതിരിയണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു.

ശ്രീ. പി. കുഞ്ഞൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. എതിർക്കുക മാത്രമല്ല ഇത്തരം ഒരു ധനാഭ്യർത്ഥന കൊണ്ടുവരാനുള്ള അവകാശംപോലും ഈ മുഖ്യമന്ത്രിക്കില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. എന്തിനുവേണ്ടിയാണ് ഇവിടെ ഭരണം നടത്തുന്നത്. നമ്മുടെ ഭരണകക്ഷിയിലെ പല മെമ്പറൻമാരും സംസാരിക്കുന്നതായി കേട്ടു, അവർ ഭരണം നടത്തുന്നത് ഈ നാട്ടിലെ സ്വത്തിനും ജീവനും സംരക്ഷണം കൊടുക്കുന്നതിനുവേണ്ടിയാണെന്ന്. അങ്ങനെ സ്വത്തിനും ജീവനും സംരക്ഷണം കൊടുത്തുകൊണ്ടാണ് ഭരണം നടത്തുന്നതെന്ന് പലപ്രാവശ്യവും ഇവിടെ പ്രഖ്യാപിക്കുകയുണ്ടായിട്ടുണ്ട്. സർ, ജീവനു സംരക്ഷണം കൊടുക്കണമെന്ന് പറഞ്ഞാൽ മനസിലാക്കാം. സ്വത്തിനു സംരക്ഷണം കൊടുക്കണമെന്നു പറഞ്ഞാൽ സാമാന്യബുദ്ധിയുള്ളവർക്കു മനസിലാക്കാൻ സാധിക്കുകയില്ല. ഈ നാട്ടിൽ സ്വത്തിനു സംരക്ഷണം കൊടുക്കുക എന്നു പറഞ്ഞാൽ ഈ നാട്ടിലെ ഭൂവുടമഠംക്കും ജൻമിമാർക്കും പ്രമാണിമാർക്കും അവരുടെ പ്രമാണിത്തം നിലനിറു

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ സംരക്ഷണം കൊടുക്കണമെന്നു പറയുകയാണെങ്കിൽ അങ്ങനെ സംരക്ഷണം കൊടുക്കാൻവേണ്ടി ഈ നാട്ടിലെ പോലീസുകാരെ പടികാവൽ നിറുത്തുകയാണെങ്കിൽ അതിനുവയ്ക്കുന്ന പണം അനുവദിച്ചുകൊടുക്കുക എന്നുള്ളത് ഈ നാട്ടിലെ ജനങ്ങളോടു ചെയ്യുന്ന ഏറ്റവും വലിയ അനീതിയാണെന്നാണ് ഞാൻ വിചാരിക്കുന്നത്. കുറച്ചു ദിവസം മുമ്പ് ഇവിടെ ബഹുമാനപ്പെട്ട വൈക്കം മെമ്പർ വളരെ ആവേശഭരിതനായി പ്രസംഗിക്കുകയുണ്ടായി. അദ്ദേഹം പ്രസംഗിച്ചു എന്നു മാത്രമല്ല രണ്ടു ഗ്ലാസു വെള്ളവും കുടിച്ചു. വെള്ളം കുടിച്ചാൽ മനസിലാക്കാം. പ്രസംഗിക്കാനൊന്നുമില്ലാത്തവർക്ക് വെള്ളം കുടിക്കണമല്ലോ. അദ്ദേഹം പറഞ്ഞത് ഈ കാലഘട്ടത്തിൽ തൊഴിലാളി വർഗ്ഗത്തിന്റെ ശത്രുത മനസിലാക്കികൊണ്ട് ആരെയെല്ലാം അണിനിരത്തണമെന്നുള്ള കാര്യത്തിൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി പരാജയപ്പെട്ടു എന്നാണ്. അതിന്റെ മറുപടി ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടിൽനിന്നുമാത്രമാണ് അദ്ദേഹം പ്രതീക്ഷിച്ചത്. ഇമ്പിച്ചിബാവ പറഞ്ഞാൽ മനസിലാക്കാം. മററുള്ളവർ പറഞ്ഞാൽ മനസിലാക്കാം. ഇ. എം. എസ് പറഞ്ഞാൽ മാത്രം മനസിലാക്കാൻ സാധിക്കുകയില്ലെന്ന് അദ്ദേഹം പറഞ്ഞു. ശ്രീ. ഇ. എം. എസ്. തൊഴിലാളി സമരം നയിച്ചിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ പാർട്ടി നേതാവ് ശ്രീ. സി. അച്യുതമേനോൻ വളരെയധികം തൊഴിലാളി സമരം നയിച്ചിട്ടാണ് വടക്കേ വാതിലിൽകൂടി വന്നതെന്നറിയാം. തൊഴിലാളികൾ ഇന്ന് ഒരു പാർട്ടിയാണോ? ഞാൻ ചോദിക്കുകയാണ്, അഖിലേൻഡ്യാ തൊഴിലാളി വർഗ്ഗം സിന്ദാബാദ്, തൊഴിലാളികളെ സംഘടിപ്പിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ നാട്ടിൽ തൊഴിലാളികളുടെ നേതാവാണെന്നു പറഞ്ഞ് നടക്കുന്ന അദ്ദേഹത്തിന്റെ പാർട്ടിയുടെ ഒരു നേതാവായ ശ്രീ. ഡാങ്കേ സംഘടിപ്പിച്ച ബോംബെയിൽ ഇന്ന് മലയാളികളുടെ സ്ഥാനമെന്താണ്? അവർക്കിന്ന് അവിടെ യാതൊരു സ്ഥാനവുമില്ല. മുണ്ടുടുക്കുന്ന മലയാളിയെക്കണ്ടാൽ വെടിവയ്ക്കുന്ന ചിന്താഗതിയാണ് ഇന്ന് അവിടെയുള്ളത്. മലയാളിയെന്നും ഹിന്ദിയെന്നും, തമിഴെന്നും പറഞ്ഞുകൊണ്ട് പരസ്പരം തൊഴിലാളി വർഗ്ഗത്തെ തെററിദ്ധരിപ്പിച്ചുകൊണ്ട് മുതലെടുക്കുന്ന ഒരു പ്രവണതയല്ലേ ഈ വലതുകമ്മ്യൂണിസ്റ്റുപാർട്ടിയും അതിന്റെ നേതാക്കൻമാരും ഇതുവരെ നടത്തിയിട്ടുള്ളത്. ഇങ്ങനെ തൊഴിലാളികളെ വഞ്ചിച്ചുകൊണ്ട് കൊടിയും പിടിച്ചുകൊണ്ട് ഇന്ന് വർഗ്ഗീയ പിൻതിരിപ്പിൻ ശക്തികളുടെ കയ്യിൽ പണയംവച്ചുകൊണ്ട് ഈ അസംബ്ളിയിൽ വന്നു പറയുകയാണ് ഞങ്ങൾക്ക് ജനങ്ങളുടെ സ്വാധീനമുണ്ട്, നിങ്ങൾക്ക് ജനസേവനം നഷ്ടപ്പെട്ടിരിക്കുന്നു എന്ന്. ആരാണ് ജനങ്ങൾ. സി. ആർ. പി. യാണോ ജനങ്ങൾ. മുഖ്യമന്ത്രി സത്യപ്രതിജ്ഞ ചെയ്യുന്ന ദിവസംതന്നെ പ്രസിഡൻറിന്റെ ഭവനത്തിൽ പോകാൻ സി. ആർ. പി. യുടെ പിൻതുണ വേണ്ടിവന്നു. അദ്ദേഹത്തിന് ജനങ്ങളുടെ പിൻതുണയുണ്ടോ? അദ്ദേഹത്തിന്റെ പാർട്ടിയിലെതന്നെ ഒരംഗം രാജിവച്ചുകൊണ്ട് അദ്ദേഹം തിരഞ്ഞെടുപ്പിൽ മൽസരിക്കാൻ പോവുകയാണ്. 5 പാർട്ടികളും കൂടി ഇത്രയും നാൾ ഭരണം നടത്തി. കാർഷികത്തൊഴിലാളികളുടെ, ബഹുജനങ്ങളുടെ സമ്മതം നേടിയ പാർട്ടിയാണെങ്കിൽ ഇന്ന് രണ്ടു സീററുകൾ ഒഴിഞ്ഞുകിടക്കുകയാണ്, എന്തുകൊണ്ട് മൽസരിച്ചുകൂടാ. മുഖ്യമന്ത്രിക്ക് മൽസരിക്കാൻ സ്വന്തം പാർട്ടിയിലെ ഒരാളെ രാജിവയ്പിച്ചിരിക്കുകയാണ്. കാരണമെന്താണെന്നറിയാമോ? കേരളകോൺഗ്രസിന് സ്വാധീനമുള്ള സ്ഥലമാണ്. സ്വന്തം പാർട്ടിക്ക് സ്വാധീനമില്ല. അതുകൊണ്ട് അദ്ദേഹം അവിടെ മൽസരിക്കാൻ തയ്യാറായിരിക്കുകയാണ്. ഇങ്ങനെ കള്ളത്തരം പറഞ്ഞുകൊണ്ട് ഈ നാട്ടിലെ ജനങ്ങളെ പണക്കാർക്ക് കൊടുക്കാൻവേണ്ടി കാവൽ പോലീസുകാർക്കു കൊടുക്കാൻവേണ്ടി ശ്രമിക്കുന്ന വടക്കേ ഗേററിൽകൂടി വന്നിട്ടുള്ള മന്ത്രിസഭയെ ഞങ്ങൾ പിൻതാങ്ങണമെന്നാണോ ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ പറയുന്നത്. വൈക്കം മെമ്പറുടെ പ്രസംഗത്തെപ്പററി ഓർക്കുമ്പോൾ ഞങ്ങളുടെ നാട്ടിൽ ഒരു പക്ഷിയുണ്ട്. മൂടുകുലുക്കി

LIBRARY ARCHIVES Kerala Legislative Assembly

പക്ഷി എന്നാണ് പറയുന്നത്. ഇവിടെ എന്താണ് പറയുന്നതെന്ന് അറിയുകയില്ല. ആ പക്ഷി ഇരിക്കുമ്പോൾ മൂടുകുലുക്കിക്കൊണ്ടിരിക്കും. ആ പക്ഷിയുടെ ധാരണ ഞാൻ ഇങ്ങനെ കുലുക്കുന്നതുകൊണ്ടാണ് ഭൂമിയെല്ലാം ചലിക്കുന്നതെന്നാണ്. എന്നതുമാതിരി അദ്ദേഹം വിചാരിക്കുന്നത് അദ്ദേഹത്തിന്റെ പാർട്ടിയുടെ പ്രവർത്തനം കൊണ്ടാണ് ഈ ലോകമെല്ലാം നടക്കുന്നതെന്നാണ്. ഇതേപ്പറ്റി ഇത്തരം ചിന്താഗതിയോടുകൂടി' പ്രവർത്തിക്കരുതെന്ന് പ്രത്യേകം പറയേണ്ട ആവശ്യമില്ല. ഇന്ന് വളരെയധികം മാർക്സിസ്റ്റു അക്രമത്തിന്റെ മറപിടിച്ചുകൊണ്ട് ഈ നാട്ടിൽ അക്രമം പിൻതിരിപ്പൻ ശക്തികൾ തുടർന്നുപോവുകയും തൊഴിലാളി പ്രസ്ഥാനത്തെ അടിച്ചമർത്തുകയും ചെയ്യുന്ന മന്ത്രിമാരോട് ഞാൻ ചോദിക്കുകയാണ് നാട്ടിൽ ജനസംഘത്തിന്റെ അക്രമമില്ലേ? ഞങ്ങളുടെ പാലക്കാട്ടു ജില്ലയിൽ ഈ അടുത്ത ദിവസം വാസ് എന്ന ഒരു പ്രവർത്തകനെ കൊല ചെയ്തിരിക്കുകയാണ്. വളരെ നഗ്നമായിട്ട് കുത്തിക്കൊന്നിരിക്കുകയാണ്. ഞാൻ ചോദിക്കട്ടെ സർ, എന്തുകൊണ്ട് ഇതുവരെ പോലീസിന് നടപടി എടുക്കാൻ സാധിച്ചിട്ടില്ല. എത്രപേരെ അറസ്റ്റു ചെയ്തു എന്നു ഞാൻ ചോദിക്കുകയാണ്. ആഭ്യന്തരമന്ത്രി പോലീസിനെ വളരെ അധികം പുകഴ്ത്തി പ്രസംഗിക്കുന്നതുകേട്ടു. ജനസംഘക്കാർ വാളും പരിചയും എടുത്തുകൊണ്ട് വടിയും കുന്തവും എടുത്തുകൊണ്ട് രാജ്യത്തുമുഴുവൻ പരിശീലനം നടത്തുകയാണ്. പരസ്യമായി തെരുവിലറങ്ങി അക്രമം ചെയ്യുകയാണ്. അവരുടെ വീടുകൾ പരിശോധിക്കാൻ ആഭ്യന്തര മന്ത്രിക്കോ പോലീസിനോ തോന്നിയിട്ടില്ല. കാരണം ലീഗിന് ജനസംഘത്തിന്റെ പുറകിൽ നിൽക്കാതെ നിവൃത്തിയില്ല. കാരണം തൊഴിലാളികൾ അവരുടെ ശത്രുക്കളാണ്. അതിനെ അടിച്ചമർത്തുന്നതിനുപകരം ആ പിശാചിനെ കെട്ടിപ്പിടിക്കുകയാണ് ചെയ്യുന്നത്. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടിയിൽപ്പെട്ട ആളുകളുടെ വീട്ടിൽ നിന്ന് ചിരവയും കറിക്കു നുറുക്കുന്ന കത്തിയും വരെ എടുക്കുന്ന സി. എച്ച്. ന്റെ പോലീസിന് നാട്ടിൽ മുഴുവൻ അക്രമങ്ങൾ അഴിച്ചുവിട്ടുകൊണ്ട് തോക്കും പരിചയും എടുത്തു തൊഴിലാളികളെ ഇല്ലായ്മ ചെയ്യുന്ന ജനസംഘത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് ഒന്നു മിണ്ടാൻപോലും സാദ്ധ്യമല്ല. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത് ഇത്തരം ജനദ്രോഹമായ മർദ്ദനങ്ങൾ നടത്തുന്നതിന് കൂട്ടുനിന്നുകൊണ്ട് പ്രവർത്തിക്കുന്ന ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയെ പിൻതാങ്ങാൻ ഞങ്ങൾക്കു സാദ്ധ്യമല്ലെന്ന്. ഇത് തീർച്ചയായും എതിർക്കേണ്ടതാണ്. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുകാർ അക്രമം കാണിക്കുന്നു എന്നു പറഞ്ഞുകൊണ്ട് നാട്ടിൽ മുഴുവനും അക്രമം നടത്തി തൊഴിലാളികൾ പ്രതിഷേധിച്ചാൽ അടിച്ചമർത്താമെന്ന് ശ്രീമാൻ സി. എച്ച്. മുഹമ്മദു കോയയും അദ്ദേഹത്തിന്റെ കൂട്ടുകാരും ആഗ്രഹിക്കുകയാണെങ്കിൽ അത് അസ്ഥാനത്താണെന്നു ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണ്. പിന്നീടു വലതു കമ്മ്യൂണിസ്റ്റുപാർട്ടിയെപ്പറ്റി പറയുകയാണെങ്കിൽ അവർ ഇന്നു കിട്ടിയ സ്വാതന്ത്ര്യം ഉപയോഗിച്ചുകൊണ്ട് ഈ നാട്ടിൽ മാത്രമല്ല അഖിലേൻഡ്യാടിസ്ഥാനത്തിൽതന്നെ തെററായ ഒരു നയം ആവിഷ്കരിച്ചിരിക്കുകയാണ്. അതിന്റെ ഫലമായി വട്ടപൂജ്യമായി മാറിയ പാർട്ടിയാണ് വലതു കമ്മ്യൂണിസ്റ്റു പാർട്ടി എന്നു പറയുന്നതിൽ സങ്കടമുണ്ട്. കാരണം കമ്മ്യൂണിസ്റ്റുപാർട്ടിയെന്ന് ഉപയോഗിക്കാൻപോലും സാദ്ധ്യമല്ല. എന്റെ ഭാഷയിൽ പറഞ്ഞാൽ ഏണി പാർട്ടി എന്നാണ് പറയുന്നത്. ഏണിക്ക് സ്വന്തമായി നിലനിൽപ്പില്ല. ഏതെങ്കിലും ഒന്നിൽ ചാരണം. അങ്ങനെ സ്വന്തമായി നിലനിൽപ്പില്ലാതെ മുതലാളിത്വത്തിന് കാവൽ നിൽക്കുന്ന പാർട്ടിയാണ് വലതു കമ്മ്യൂണിസ്റ്റുപാർട്ടി. കൊടി മുതലാളിമാർക്ക് പണയമായി വച്ചിരിക്കുകയാണ്. വലതുകമ്മ്യൂണിസ്റ്റുപാർട്ടി ജനങ്ങളെ നേരിടാൻ ധൈര്യമില്ലാതെ വടക്കേ വാതിലിൽക്കൂടി കയറിവന്ന് ഭരണക്കസേരയിൽ ഇരിക്കുന്ന കാലത്തോളം ഈ നാട്ടിലെ ജനങ്ങൾക്ക് മർദ്ദനമല്ലാതെ മറെറാന്നുമില്ല. അഴിമതി നിർമ്മാർജ്ജനം ചെയ്യാൻവന്ന വീരൻമാരാണെന്നാണ് പറഞ്ഞത്. അഴിമിതി

അവസാനിപ്പിക്കാനാണ് ഭരണത്തിൽ കയറിയതെന്നു പറഞ്ഞിട്ട് ശ്രീ. ഒ. കോരൻ ഒരാളെ ട്രാൻസ്ഫർ ചെയ്യണമെന്നു പറഞ്ഞ് നാലഞ്ചു് പ്രാവശ്യം ഫോൺ ചെയ്തിരിക്കുകയാണ്. അതുപോലെതന്നെ ഹരിജൻ ഡിപ്പാർട്ടുമെൻറ് ഒരു കോർപ്പറേഷനാക്കാൻവേണ്ടി ഒപ്പു ശേഖരിക്കാൻ നടക്കുകയാണ്. അതു പോലെതന്നെ ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ സഖാവ് ഇമ്പിച്ചിബാവ ഒരു ചെയർമാനെ മാർക്സിസ്ററു പാർട്ടിയിലെ പ്രവർത്തകനായി നിശ്ചയിച്ചു എന്നു പറഞ്ഞുകൊണ്ട് വാതോരാതെ പ്രസംഗിച്ച ശ്രീ. എം. എൻ. ഗോവിന്ദൻ നായരും കൂട്ടരും റോസമ്മ പുന്നൂസിനെയും ഇ. പി. ഗോപാലനെയും ചെയർമാനാക്കി എന്നു മാത്രമല്ല കാലാവധി നീട്ടിക്കൊടുക്കുകയും ചെയ്തി ട്ടുണ്ട്. ശ്രീ. ഇ. പി. ഗോപാലൻ ഇവിടെ ഒരു ഷുഗർമില്ലിലെ മാനേജരെ കൊണ്ടുവന്ന് അദ്ദേഹത്തിന് വളരെയധികം ആനുകൂല്യങ്ങൾ അനുവദിച്ചു കൊടുത്തിട്ടുണ്ട്. രണ്ടു പമ്പു സെററു വാങ്ങിക്കാൻ ശ്രീ. ഇ. പി. ഗോപാ ലൻ അഡ്വാൻസു പിരിക്കാൻ തുടങ്ങിയിരിക്കുകയാണ്. അങ്ങനെ ട്രാൻസ് ഫറിന്റെ കാര്യത്തിൽ മാത്രമല്ല മററുപലതിന്റെ കാര്യത്തിലും ഇന്ന് വലതു കമ്മ്യൂണിസ്ററുപാർട്ടിയുടെ പ്രവർത്തകൻമാർ പരസ്യമായി രംഗത്തിറങ്ങിയിരി ക്കുകയാണ്. ഇതൊന്നും അനീതിയല്ല. ഈ അനീതിയുടെ പേരും പറഞ്ഞ് പുറത്തിറങ്ങിയതിന്റെ മൂന്നാം ദിവസം ശ്രീ. പി. ആർ. കുറുപ്പിനെ ചെയർ മാനായി നിയമിച്ചത് അനീതിയല്ലേ. ഇതിനെക്കുറിച്ച് മാതൃഭൂമി എഡിറേറാ റിയൽ എഴുതി. എന്നിട്ട് പിന്നീടു കൊടുത്തത് ആർക്കാണെന്നറിയാമോ? ശ്രീ. പി. ആർ. കുറുപ്പിന്റെ സ്വന്തക്കാർക്ക്. ഇത് അനീതിയാണെന്നു കാണാൻ സാധിച്ചിട്ടില്ലേ? അഴിമതി തുടച്ചുമാററാൻ രംഗപ്രവേശം ചെയ്തി ട്ടുള്ള ഈ മാന്യൻമാർ കയറിയ ഉടൻതന്നെ അനീതി നടത്തുകയും ആ അനീതി ക്കെതിരായി ഈ നാട്ടിലെ ബഹുജനങ്ങൾ ശബ്ദമുയർത്തിയാൽ ഉടൻ പോലീ സിനെക്കൊണ്ട് അടിച്ചമർത്തിക്കൊണ്ട് ഭരണം നടത്തുമ്പോൾ ഇതാണ് ജനാധി പത്യമെന്നു ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ പറഞ്ഞാൽ അതിനെ പിൻതാ ങ്ങാൻ ഞങ്ങൾക്കു സാദ്ധ്യമല്ല. അതുകൊണ്ടാണ് ഞങ്ങൾ ഇതിനെ എതിർ ക്കുന്നത്. അതുപോലെതന്നെ ഈ നാട്ടിൽ തൊഴിലാളിസമരം നടക്കുന്നുണ്ട്. പഞ്ചായത്തു ജീവനക്കാർ സമരം നടത്തുകയാണ്. ഹരിജൻ ഡിപ്പാർട്ടുമെൻറു ജീവനക്കാർ സമരം നടത്തുകയാണ്. ഹരിജൻ ഡിപ്പാർട്ടുമെൻറ് ജീവനക്കാരെന്നു പറഞ്ഞാൽ ഈ കാലഘട്ടത്തിൽ 45—ം 25—ം രൂപ ശമ്പളം വാങ്ങുന്ന വരാണ്. 1957—ൽ അവരെ നിയമിച്ചതുമുതൽ വാർഡന് 45 രൂപയും കുക്കിന് 25 രൂപയും ശമ്പളം കൊടുത്തുകൊണ്ടിരിക്കുകയാണ്. അവർ സമര ത്തിൽനിന്നൊഴിഞ്ഞുമാററാൻ വളരെയധികം നിവേദനങ്ങൾ നടത്തി. കഴിഞ്ഞ മന്ത്രിസഭ അവരെ പിരിച്ചുവിടാൻ പാടില്ലെന്ന് കൽപ്പന പുറപ്പെടുവിക്കുക യുണ്ടായി. വെക്കേഷൻ സമയത്ത് ശമ്പളം കൊടുക്കണമെന്നും കൽപ്പനയു ണ്ടായി. 16—8—1969—ൽ ശമ്പളകാര്യത്തെ സംബന്ധിച്ചിടത്തോളം തീരുമാന മെടുക്കാമെന്നു പറഞ്ഞിരുന്നു. ഇതുവരെ തീരുമാനമെടുത്തിട്ടില്ല. ഇക്കാലത്തു 25—ം, 45—ം രൂപകൊണ്ടു ജീവിക്കുന്ന ഉദ്യോഗസ്ഥൻമാർ ആരാണെന്ന് നമ്മളൊന്ന് ആലോചിക്കേണ്ടതാണ്. ഇതേപ്പററി സംസാരിക്കണമെന്ന് ബഹുമാനപ്പെട്ട ഒ. കോരൻ ഞങ്ങളെ ക്ഷണിക്കുകയുണ്ടായി. എന്നെയും തൊഴിലാളികളെയും വിളിച്ചു. ഞാൻ തൊഴിലാളികളെ കൂട്ടി ചെല്ലണമെന്നു പറഞ്ഞു. ഞങ്ങൾ ചെന്നപ്പോൾ ശ്രീ. ഒ. കോരൻ പറഞ്ഞു, ആരാടാ സമരം ചെയ്യാൻ പറഞ്ഞത്, എന്തിനാടാ സമരം ചെയ്യാൻ പോയത്, ആരാടാ പറഞ്ഞത് സമരം ചെയ്യാൻ എന്നു ചോദിക്കുകയുണ്ടായി. ശമ്പളം കിട്ടണമെന്ന് ആവശ്യപ്പെടാൻ ഒരു മന്ത്രി യുടെ അടുക്കൽ ചെന്നപ്പോൾ ഇത്രയും ധിക്കാരപരമായിപെരുമാറുക എന്നു പറഞ്ഞാൽ എന്താണ് പറയേണ്ടത്. ഞാൻ ഐ. എസ്. പി. യുടെ ചരിത്രം പറയുന്നില്ല. ഐ. എസ്. പി. എന്നു പറഞ്ഞാൽ ഇൻഡ്യൻ സോഷ്യലിസ്ററു പാർട്ടി ഒരു അഖിലേൻഡ്യാ പാർട്ടിയാണ്. അദ്ദേഹം ആ മന്ത്രിക്കസേരയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കുന്നത് മുതലാളിമാർക്കുവേണ്ടിയാണ്. ധിക്കാരപരമായി അദ്ദേഹം സംസാരിക്കുകയുണ്ടായി എന്തിനാടാ സമരം ചെയ്യുന്നതെന്നു. ഇത്രയും ധിക്കാരപരമായി പ്രവർത്തിക്കുന്ന മന്ത്രിമാർ ഇവിടെ തുടരുന്നിടത്തോളംകാലം ഇങ്ങനെ ധിക്കാരപരമായി പ്രവർത്തിക്കുമെന്നുള്ളതിൽ സംശയമില്ല. അതുകൊണ്ട് ഞാൻ ഈ ബഡ്ജററിനെ വീണ്ടും വീണ്ടും എതിർക്കുകയാണ്.

<u>ശ്രീ. കെ. കെ. കുമാരപിള്ള:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു. ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുമ്പോൾ കഴിഞ്ഞ എക്കാലവും ഇല്ലാത്തരീതിയിൽ വളരെ മനോഹരമായ ജില്ലാ തലത്തിലുള്ള ഭരണവും സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സിൻെറ ഭരണവും നടക്കുന്ന എന്ന സങ്കൽപ്പത്തിലല്ല. 1967—ൽ, 68—ൽ, 69—ൽ ഒക്കെ പിൻതാങ്ങിയതുപോലെതന്നെ അതിൽനിന്നും വലിയ വീഴ്ചയൊന്നും ഈ ഭരണത്തിൻെറ സമീപനത്തിൽ ഉണ്ടായില്ലെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഇതിനെ പിൻതാങ്ങുന്നു. 1969 നവംബർ ഒന്നിനുമുൻപ് ഈ രാജ്യത്തു ജില്ലാതലത്തിലും സംസ്ഥാന തലത്തിലും പൊതുഭരണം അതിമനോഹരം, സുന്ദരം, വർണ്ണശബളം, ആദർശമനോഹരം. നവംബർ ഒന്നിനുശേഷം അഹോ ഭയങ്കരം, അതിഘോരം. ഈ രീതിയിൽ സ്വന്തമായി കണ്ണടച്ച് ഇരുട്ടാക്കി ആരോപണം നടത്താമെന്നു വ്യാമോഹിച്ചിരിക്കുന്നത് അവരുടെ പതിവാണ്. ഞാൻ രാഷ്ട്രീയമായ കാര്യങ്ങളിലേക്കൊന്നും കടന്ന് ഇവിടെനിന്നു പ്രസംഗിക്കാൻ ആഗ്രഹിക്കുന്നില്ല. കാരണം അതു വല്ല മൈതാനത്തിലോ മറേറാ പോയി അവിടെനിന്നു പറഞ്ഞുകൊള്ളാമെന്ന സംതൃപ്തി ഉള്ളതുകൊണ്ട് ആ കാര്യങ്ങളിലേക്കു കടക്കുന്നില്ല. കാരണം ഇതു പറയുന്ന ആളുകളുമായി വിശേഷാൽ രാഷ്ട്രീയമായ ഒരു പോയിൻറ് ഈ വേദിയിൽവച്ചു വാദിച്ചു ജയിക്കാനില്ല. എന്തും പറയുന്ന ആളുകളാണ് ഈ നിയമസഭാതലത്തിൽത്തന്നെ ഇരിക്കുന്ന ഈ നാട്ടിൽ കേരളത്തിൽ ഇന്നു നിലവിലുള്ള ഭൂനയബില്ലിൻെറ വകുപ്പുകൾ പരിശോധിക്കുമ്പോൾ ഇവിടെ ഇരിക്കുന്ന ബഹുമാനപ്പെട്ട ഒട്ടനവധി മെമ്പറൻമാർക്ക് അറിയാൻ കഴിയുന്നതുപോലെ കേരളത്തിലെതന്നെ കുടുകിടപ്പുകാർക്ക് 10 സെൻറു ഭൂമി നിയമം നിലവിൽവരുന്ന അന്ന് അവൻേറതായി മാറണം, ആ വകുപ്പുകൂടി എഴുതിച്ചേർക്കണമെന്നു പറഞ്ഞപ്പോൾ കുടികിടപ്പുകാർക്ക് അങ്ങനെ ഭൂമി വെറുതെ കൊടുക്കാനുള്ള ന്യായം എന്തെന്നു ചോദിച്ച ഭൂനയബില്ലിൻെറ സെലക്ടുകമ്മിററിയുടെ അദ്ധ്യക്ഷ രാജ്യത്തുടനീളം നടന്നു പ്രസംഗിക്കുകയാണ് ജനുവരി ഒന്നാംതീയതിമുതൽ ഭൂനയബില്ലിൻെറ വകുപ്പുകളനുസരിച്ചു കുടികിടപ്പുകാരൻെറ വകയായ 10 സെൻറിൻെറ ഉടമാവകാശം ഞങ്ങൾ നേടിയിരിക്കുന്നതിൽ ഇടപെടാൻ ഇവിടത്തെ പോലീസിനു, സർക്കാരിനും എന്തവകാശമെന്ന്. വടക്കേ ഗേററിൽകൂടിയോ തെക്കേഗേററിൽകൂടിയോ ഇവർ വന്നതെന്ന് എനിക്കറിഞ്ഞുകൂട. തെക്കേഗേററിൽകൂടി വരുന്നതാണ് ഞാൻ കണ്ടിട്ടുള്ളത്. ഇതു പറയാനുള്ള ധൈര്യം ഈ നിയമസഭാ വേദിയിൽനിന്ന് 47 അംഗങ്ങളുള്ള സെലക്ടുകമ്മിററി ചർച്ച ചെയ്ത ആ കാര്യം ഈ നിയമസഭയിലെ ഉദ്യോഗസ്ഥൻമാർക്കും നിയമവകുപ്പിലെ ഉദ്യോഗസ്ഥൻമാർക്കും, റവന്യൂവകുപ്പിലെ ഉദ്യോഗസ്ഥൻമാർക്കും ബഹുമാനപ്പെട്ട സാമാജികൻമാർക്കും എല്ലാം അറിയാൻകഴിഞ്ഞ നഗ്നമായ യാഥാർത്ഥ്യത്തിനെതിരായി ആയിരംതവണ പച്ചനുണ ആവർത്തിച്ചു പറഞ്ഞ് അതിൻെറ യാഥാർത്ഥ്യത്തിൻെറ നിറപ്പകിട്ടെങ്കിലും കൊടുക്കാമെന്നാണെങ്കിൽ അത് ഈ നിയമസഭാതലത്തിൽ നിന്നല്ല സംസാരിക്കേണ്ടത്, ഞാൻ അതൊക്കെ വിടുന്നു. ഇതിനെ പിന്താങ്ങുമ്പോൾ ഒരു കാര്യം പറയാനുണ്ട്. ഈ പൊതുഭരണം നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം സ്റേററ് ഹെഡ്ക്വാർട്ടേഴ്സിൻെറ നയരൂപീകരണത്തെസംബന്ധിച്ച ഫോറവും ഇതിൻെറ ഇംപ്ലിമെൻേറഷനുള്ള പ്രധാനപ്പെട്ട പങ്കു വഹിക്കുന്ന ജില്ലാ തലസ്ഥാനങ്ങളിലെ ഭരണസംവിധാ

LIBRARY ARCHIVES Kerala Legislative Assembly

നവും സർ സി. പി. രാമസ്വാമിഅയ്യരുടെ ഭരണകാലം മുതൽ അല്ല അതിൽ
നിന്നും പുറകോട്ടു വന്നു നോക്കിയാൽ ഈ ഭരണ സംവിധാനത്തിന്റെ
അടിസ്ഥാനപരമായ സങ്കൽപ്പം ഉണ്ടാകാൻ തുടങ്ങിയ അന്നുമുതൽ തുട
ങ്ങിയ അതേ സംപ്രദായംതന്നെ ഇന്നും നിലനിൽക്കുകയാണ്. എനിക്കു
ഇതിനെപ്പററി സംസാരിക്കാൻ കഴിയുന്ന അവസരങ്ങളിലെല്ലാം ഞാൻ ഇതു
പറഞ്ഞിട്ടുണ്ട്. നമ്മുടെ നിയമസഭയിലെ പഴയ രേഖകൾ പരിശോധിച്ചു
നോക്കിയതിൽ വളരെ വലിയ ആളുകൾ ഇവിടെ വന്ന അവസരങ്ങളിൽ എല്ലാം
(എന്നെപ്പോലെയുള്ള സാധാരണക്കാരല്ല) ഭരണ വിദഗ്ധൻമാരും രാഷ്ട്രീയ
ധുരന്ധരൻമാരും ഭരണതന്ത്രജ്ഞൻമാരും ധനതത്വശാസ്ത്രമീമാംസകൻമാരും
എല്ലാം ഈ നിയമസഭാതലത്തിൽ പല പ്രാവശ്യവും ഇതിനെപ്പററി പരിത
പിച്ചു പറഞ്ഞിട്ടുണ്ട്. പക്ഷേ സർ, വഞ്ചി ഇന്നും തിരുനക്കരത്തന്നെ
കിടക്കുകയാണ്. എന്റെ അറിവിൽപ്പെട്ടിടത്തോളം രണ്ടു ഭരണപരിഷ്ക്കാര
ക്കമ്മിഷനുകൾ ഇവിടെയുണ്ടായിട്ടുണ്ട്. ഒന്ന്, സഖാവ് ഇ. എം. എസ്.
നമ്പൂതിരിപ്പാട് അധ്യക്ഷനായുള്ള കമ്മീഷനും മറെറാന്ന് വെള്ളോടി
കമ്മീഷനും. അതിന്റെ രണ്ടിന്റെയും റിപ്പോർട്ടുകളുണ്ട്. ഇതുപോലെ
ഭാഗികമായ സമീപനംകൊണ്ട് ഈ രാജ്യത്തെ പൊതുഭരണമണ്ഡലത്തിൽ
ഒരു വ്യതിയാനം വരുത്താൻ സാധ്യമല്ലെന്നുള്ളതാണ് സത്യം. ഒരു ബഹുമാന
പ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ പഞ്ചായത്ത്രാജ് ബില്ലുണ്ട്.
അതിന്റെ പേരു മാററി പ്രാദേശിക സ്വയം ഭരണ ബിൽ എന്ന നിലയിൽ
കൊണ്ടുവന്നു. ആ ബില്ലിന്റെ സ്ഥിതിയും മുൻപ് ഈ നിയമസഭാതലത്തിൽ
നിന്നുകൊണ്ട് ഭരണസംവിധാനത്തിനു മാററമുണ്ടാക്കണമെന്നു ആവശ്യപ്പെട്ടിട്ടുള്ള
തിന്റെ അടിസ്ഥാനത്തിൽ വന്നിട്ടുള്ള ഭരണ പരിഷ്ക്കാരക്കമ്മിഷനുകളുടെ
റിപ്പോർട്ടുകൾപോലെ വെറും വനരോദനമായി അവശേഷിക്കുകയാണ്. അതിൽ
നിന്നും വ്യത്യസ്തമായിട്ടല്ലാത്ത ഒരവസ്ഥ, വളരെയേറെ സമഗ്രമായി ഉള്ള ഒരു
ഭരണസംവിധാനത്തിനായി ഉദ്ദേശിച്ചുകൊണ്ട് ആസൂത്രണംചെയ്ത് ആവിഷ്
ക്കരിച്ച് സെലക്ടുകമ്മിററിയുടെ പരിശോധനകഴിഞ്ഞു, സഭയുടെ പരിഗണന
യ്ക്കുവേണ്ടി കാത്തിരിക്കുന്ന ബില്ലിന്റെ കാര്യത്തിലും ഉണ്ടായിരിക്കുന്നു
എന്നു പറയുന്നതിൽ എനിക്കു വിഷമമുണ്ട്. ഞാൻ പറഞ്ഞത് ഈ രീതിക്ക്
മൗലികമായ മാററം ഭരണകാര്യങ്ങളിലുണ്ടാകാതെ പൊതുഭരണത്തലും ആ പൊതു
ഭരണം രൂപീകരിക്കുന്ന നയത്തിന്റെ നടപ്പാക്കലിലും വിപ്ലവകരമായ മാററ
ങ്ങൾ ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നതു മനുഷ്യർക്ക് ആശ്വാസകരമായി
ഇന്നലെവരെയുണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായ ഒരു സമീപനംത്തോടു
കൂടി കാര്യങ്ങൾ കാണുന്നതിനുവേണ്ടി പ്രതീക്ഷിക്കുന്നത് അസ്ഥാന
ത്താണെന്നാണ്. അത്തരത്തിലുള്ള ഒരു സമീപനം, ജനങ്ങളുടെ ജീവിതവു
മായി, അവരുടെ ആവശ്യവുമായി പൊരുത്തപ്പെടുന്ന ഒരു സമീപനം ഉള്ള
തായ ഒരു ഭരണക്രമം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ ആ ഭരണ
സംവിധാനത്തിൽക്കൂടി ഈ രാജ്യത്ത് പ്രയോജനകരമായി ഒന്നും ചെയ്യാൻ കഴി
യുകയില്ലെന്നുള്ളതിന്റെ ദാരുണമായ അനുഭവമാണ് സർ ഇക്കഴിഞ്ഞ മന്ത്രി
സഭയുടെയും അതിനുമുൻപ് വളരെയധികം ആദർശങ്ങളോടുകൂടി ഈ രാജ്യം
ഭരിക്കാൻ വന്ന മന്ത്രിസഭകളുടെയും പതനം. ഈ പ്രശ്നം ഗൗരവമായി കാണു
ന്നതിനും കൈകാര്യം ചെയ്യുന്നതിനും എക്കാലവും ഉണ്ടായിട്ടുള്ള തടസ്സം
ഇന്നും നിലനിൽക്കുന്നു എന്നുള്ളതാണ് നേര്. ചില പ്രത്യേക ചാലു
കളിൽക്കൂടി നീങ്ങിവന്നിട്ടുള്ള ഭരണചക്രം ആ ചാലുകളിൽനിന്നും കരകയറാ
നുള്ള ശ്രമത്തിൽ പല നിക്ഷിപ്ത താൽപ്പര്യങ്ങളുടെയും അധികാരസ്ഥാന
ങ്ങളുടെയും സ്ഥാനചലനത്തിന് ഇടയാക്കും. സർ, ഞാനിതു സർക്കാർ
ഉദ്യോഗസ്ഥൻമാരെമാത്രം ഉദ്ദേശിച്ചല്ല പറയുന്നത്. അങ്ങയ്ക്കും (ചെയർ)
അറിവുള്ളതുപോലെ ഭരണപരിഷ്ക്കാരങ്ങളുടെ ഫലമായി അധികാരങ്ങൾ കുറ
ഞ്ഞുവരുന്നതു തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഭരണാധികാരികൾപോലും എതിർ

LIBRARY ARCHIVES Kerala Legislative Assembly

ത്തിട്ടുണ്ട്. പല ഭരണപരിഷ്ക്കാരങ്ങളെയും വളരെ വീറോടും വാശിയോടും കൂടി ഓരോരുത്തരുടെയും സഹജമായ വാചോവിലാസത്തോടും വാഗ്വിലാസത്തോടുംകൂടി എതിർത്തിട്ടുള്ളത് അങ്ങേക്കും അറിവുള്ളതാണല്ലോ? ആ സമീപനം ഒന്നു മാററാൻ കഴിയുന്നില്ലെങ്കിൽ ഈ ഭരണസംവിധാനംകൊണ്ട് ചെയ്യിക്കാൻ കഴിയുന്ന കുറെ കാര്യങ്ങളുണ്ട്. അതിനു പ്രവർത്തിക്കാൻ കഴിയുന്ന ഒരു രീതിയുണ്ട്. അതിനു ചലിക്കാൻ കഴിയുന്ന ഒരു റേററ് ഓഫ് സ്പീഡുണ്ട്. അതിനപ്പുറം പ്രവർത്തിക്കുവാൻ സാധ്യമല്ല. സഖാവ് ഇ. എം. എസ്. ട്രേഡ് യൂണിയൻ പ്രസിഡൻറായി സമരം ചെയ്തോ ഇല്ലയോ എന്നുള്ളത് എന്നെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നമല്ല. അദ്ദേഹം ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗത്തിൻെറ നല്ലൊരു വിഭാഗത്തിൻെറ നേതാവാണ്. അദ്ദേഹം കേരളത്തിൽ രണ്ടു തവണ ഭരണം നടത്തി. അന്നു വെടിവയ്ക്കേണ്ടിവന്നിട്ടില്ലേ സർ? ഒരു ചാക്കു തോട്ടണ്ടിക്കുവേണ്ടി ചന്ദനത്തോപ്പിൽ രാമൻെറയും സുലൈമാൻെറയും മററും നേരെ നിറതോക്കൊഴിക്കാൻ അങ്ങു നിർബന്ധിതനായില്ലേ? സഖാവ് ഇ. എം. എസ്. അതു ചെയ്യിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് സൗകര്യമുണ്ടെങ്കിൽ എ. കെ. ജി. യോടു ചോദിക്കണം.

ശ്രീ. എ. വി. ആര്യൻ: ഒരു ചോദ്യം.

ശ്രീ. കെ. കെ. കുമാരപിള്ള: പൊന്നു തിരുമേനീ ഞാനൊന്നു പറഞ്ഞുകൊള്ളട്ടെ. ഇ. എം. എസ്. നമ്പൂതിരിപ്പാടിനു ചന്ദനത്തോപ്പിൽ തൊഴിലാളികളുടെ നേരെ വെടിവയ്ക്കണമെന്ന് മന:പൂർവ്വമായ ആഗ്രഹം ഉണ്ടായിരുന്നുവെന്നു ഞാൻ പറയുന്നില്ല.

ശ്രീ. എൻ. പ്രഭാകരൻ: അതല്ല, ഉണ്ടായിരുന്നു.

ശ്രീ. കെ. കെ. കുമാരപിള്ള: അങ്ങനെയാണ് തങ്ങൾക്ക് പറയാനുള്ളത്.

Mr. Chairman: Please address the Chair.

Shri K. K. Kumara Pillai: Sir I am addressing the Chair. I was making a remark on the unwarranted remark made by the Honourable Member.

നമ്മുടെ പൊതുഭരണത്തിലും ഭരണത്തിൻെറ സമീപനത്തിലും മാററം ഉണ്ടാകേണ്ടതിൻെറ ആവശ്യത്തെ ദ്രോഹിക്കുന്ന തരത്തിലാണ് 1967—നുശേഷമുണ്ടായ ഇ. എം. എസ്സിൻെറ നേതൃത്വത്തിലുണ്ടായ മന്ത്രിസഭ ഭരണം നടത്തിയത്. ഐ. ജി. ഗോപാലനും ഒരു പോലീസുദ്യോഗസ്ഥനും അമേരിക്കൻ സാമ്രാജ്യത്വത്തിനു വിധേയരായി വീയപുരത്തു വെടിവച്ചു കൊന്നു എന്ന് എനിക്ക് വളരെയധികം ബഹുമാനമുള്ള എ. കെ. ഗോപാലനെപ്പോലെയുള്ള രാഷ്ട്രീയ പാരമ്പര്യമുള്ള ഒരു രാഷ്ട്രീയനേതാവിനെക്കൊണ്ടു പ്രസ്താവനയിറക്കാൻ നിർബന്ധിക്കേണ്ട സാഹചര്യം വന്നു. അതിനു മാററം വരണം. അഴിമതിയുടെയും സ്വജനപക്ഷപാതത്തിൻെറയും കാര്യം പറയുന്നുണ്ട്. ഞാൻ ആരെപ്പററിയും പ്രത്യേകിച്ചൊന്നും പറയുന്നില്ല. ഒരിക്കലും അഴിമതി കാണിക്കുകയില്ലെന്നു ഞാൻ ബലമായി വിശ്വസിച്ചിരുന്ന ആളുകൾ പോലും അഴിമതി കാണിച്ചു. അതു അവരുടെ വ്യക്തിപരമായ കാര്യമല്ല. ഇവിടെ ഒരു കറപ്ററിംഗ് ഇൻഫ്ളുവൻസ് ഉണ്ട്. ഈ തലസ്ഥാന നഗരിയിൽ പ്രവേശിക്കുന്നതിനു മുൻപ് പരമസുന്ദരൻമാരും ആദർശധീരൻമാരും അവശലക്ഷങ്ങളുടെ സംരക്ഷകരുമായി കഴിയുന്ന ആളുകൾ പോലും തിരുവനന്തപുരം നഗരിയിൽ പ്രവേശിച്ചു ഭരണയന്ത്രത്തിനുള്ളിൽ കടന്നു കഴിയുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ചിത്രമാകെ മാറുകയാണ്. മുഖസൗന്ദര്യംപോകുന്നു, ആദർശഭംഗി പോകുന്നു, എന്നിട്ട് അഴിമതിയുടെ അപകടത്തിൽപ്പെട്ട് അകാലമരണം പ്രാപിക്കുന്നു. ഇതിന് എത്രയോ അനുഭവങ്ങളുണ്ടു സർ. അത് അവരിൽ ആരുടെയും വ്യക്തിപരമായ തെററുകൊണ്ടാണെന്നു പറയുന്നില്ല. ഈ സംവിധാനത്തിന് ഈ രീതിക്ക്, ഈ കെട്ടുപാടിന് ഈ നിലയിൽ ആളുകളെ ആക്കാൻ കഴിയും. നഞ്ചുനാനാഴി വേണ്ടെന്നു പറയാറുണ്ട്. അതുപോലെ ആയിരം തേൻതുള്ളിയിൽ ഒരു മീൻതുള്ളി എന്നും ഒരു പഴഞ്ചൊല്ലുണ്ട്. എത്ര കാര്യങ്ങൾ മനോഹരമായിനടത്തണമെന്നുദ്ദേശിച്ചാലും ആരെല്ലാം എവിടെയെല്ലാം ഭരിച്ചാലും അതൊന്നും ജനങ്ങൾക്ക് വളരെയേറെ പ്രയോജനപ്പെടുകയില്ലെന്നുള്ളതു കണക്കിലെടുത്തുകൊണ്ട് പഞ്ചായത്തുരാജ്ബില്ലും അതുപോലെയുള്ള മൗലികമായ പരിഷ്ക്കാരങ്ങൾ വരുത്തുന്നതിനുള്ള നിയമനിർമ്മാണങ്ങളും കൊണ്ടുവന്ന് ജനങ്ങൾക്ക് അനുകൂലമായ രീതിയിൽ പ്രവർത്തിക്കുന്നതായി മാററാൻ ശ്രമിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

<u>ശ്രീ. എസ്. ദാമോദരൻ:</u> സർ, ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷമുള്ള അതിന്റെ പ്രവർത്തനംകൊണ്ടു ധനമുള്ള ജനങ്ങൾക്ക് അവരുടെ ജീവനും ധനത്തിനും രക്ഷയാണ്. ധനമില്ലാത്തവരുടെ ജീവന് യാതൊരു വിലയും കൽപ്പിക്കുന്നില്ല. അധ്വാനിക്കുന്ന ജനങ്ങളുടെ സമരത്തെ അടിച്ചമർത്തുകയാണ് ഗവൺമെൻറ്. അങ്ങനെയുള്ള ഒരു ഗവൺമെൻറാണ് ഇതെന്ന് ഇതിനകം തെളിഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. ഈ ഗവൺമെൻറ് അതിന്റെ മർദ്ദന സംവിധാനംകൊണ്ട് ആർക്കുവേണ്ടിയാണു നിലകൊള്ളുന്നതെന്നു തെളിയിച്ചു കഴിഞ്ഞിട്ടുണ്ട്. സർ, ഈ സഭാവേദിയിൽ തന്നെ ഉന്നയിക്കപ്പെട്ടിട്ടുള്ള മർദ്ദനങ്ങളുടെ കഥ പരിശോധിച്ചാൽ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ആർക്കുവേണ്ടിയാണു നിലകൊള്ളുന്നതെന്നു മനസ്സിലാകും. അധ്വാനിക്കുന്ന ജനങ്ങൾക്കെതിരായി നിലകൊള്ളുന്ന ഒരു ഗവൺമെൻറാണിതെന്നുള്ളതിനു യാതൊരു സംശയവുമില്ല. അവരുടെ കഥകളും കണക്കുകളും എല്ലാം ഇവിടെ വിസ്തരിച്ചു കഴിഞ്ഞിട്ടുള്ളതുകൊണ്ടും സമയമില്ലാത്തതുകൊണ്ടും ആ ഭാഗത്തേയ്ക്ക് ഞാൻ കടക്കുന്നില്ല. ഇന്ന് ഈ രാജ്യത്തു നടന്നുകൊണ്ടിരിക്കുന്നത് എന്താണ്? ഇവിടെ ബഡ്ജററിനെസംബന്ധിച്ച് പരാമർശിച്ച ഘട്ടത്തിൽ പറയുകയുണ്ടായിട്ടുള്ളത് പ്രധാനമായും പോലീസ് മർദ്ദനത്തെപ്പററിയാണ്. ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗം അവകാശസമരങ്ങൾ നടത്തുമ്പോൾ അതിനെ മർദ്ദിച്ചൊതുക്കുന്ന സ്ഥിതിയാണുള്ളത്. അധ്വാനിക്കുന്ന ജനങ്ങൾക്കെതിരായി അവരെ അടിച്ചമർത്താൻവേണ്ടി ഭരണാധികാരശക്തി ഉപയോഗിക്കുമ്പോൾ രാജ്യത്തിന്റെ മുമ്പിലുള്ള പ്രധാനപ്രശ്നമായ പോലീസ് മർദ്ദനം ഒരു പ്രധാനപ്പെട്ട പ്രശ്നമായി പരാമർശിക്കാതിരിക്കാൻ നിവൃത്തിയില്ല. ബഡ്ജററിന്റെ ചർച്ച വരുമ്പോഴും അതു പരാമർശിക്കാതിരിക്കാൻ നിവൃത്തിയില്ല കാരണം അതു ഗവൺമെൻറിന്റെ സ്വഭാവം തെളിയിക്കുന്ന പ്രശ്നമാണ്. അതുകൊണ്ടാണ് പോലീസ് മർദ്ദനത്തെസംബന്ധിച്ച് ഇവിടെ അഭിപ്രായങ്ങൾ വന്നിട്ടുള്ളത്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതുമുതൽ ജനങ്ങളുടെ യാതൊരു സ്വാധീനവും ഇല്ലാത്ത ഒരു ഗവൺമെൻറാണെന്നു വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെൻറ് എന്താണു ചെയ്യുന്നത്? ജനങ്ങളുടെ സ്വാധീനമില്ലാത്ത ഈ ഗവൺമെൻറ് എങ്ങനെയാണ് അധികാരത്തിൽ വന്നതെന്നുള്ളതു നമുക്കറിയാം. ജനങ്ങളുടെ മേൽ അധികാരം അടിച്ചേൽപ്പിച്ചുകൊണ്ട് ഭരണം നടത്തുന്ന ഒരു ഗവൺമെൻറാണിത്. സാധാരണക്കാരായ ജനങ്ങളുടെ മേൽ അധികാരം അടിച്ചേൽപ്പിച്ചുകൊണ്ട് ഭരണം നടത്തി ജനങ്ങളെ മർദ്ദിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥിതിയാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ ഗവൺമെൻറ് ഇൻഡ്യൻ കമ്മ്യൂണിസ്ററുപാർട്ടിയിലെ പ്രമുഖ നേതാവായ ശ്രീ. അച്യുതമേനോൻ മുഖ്യമന്ത്രിയായുള്ള ഒരു ഗവൺമെൻറാണ്, പക്ഷേ ഇൻഡ്യൻ കമ്മ്യൂണിസ്ററുപാർട്ടിയല്ല അധ്വാനിക്കുന്ന ജനങ്ങളുടെ നേരെ ഇടി നടത്തുന്ന ഇടിയൻ കമ്മ്യൂണിസ്ററു പാർട്ടിയാണെന്നാണ് അതിൻെറ പ്രവർത്തനങ്ങളിൽക്കൂടി ഇന്നാട്ടിലെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. തീർച്ചയായും ഈ ഗവൺമെൻറ് ഇന്ന് അംഗീകരിച്ചുവരുന്നത്, ഓരോ രംഗത്തെയും പ്രവൃത്തികളും അനുഭവങ്ങളും എടുത്തു പരിശോധിച്ചു നോക്കിയാൽ കാർഷികത്തൊഴിലാളികളുടെ അവകാശസമരങ്ങളുടെ നേരെ ഭീകരമായ മർദ്ദനം നടത്തുകയെന്ന നയമാണ്. കഴിഞ്ഞ ദിവസം ഇവിടെ പരാമർശിക്കപ്പെട്ട കുട്ടനാട്ടു തൊഴിലാളികളുടെ പ്രശ്നം ഒരു മേശയ്ക്കു ചുററും കൂടിയിരുന്നു ചർച്ചചെയ്യാമെന്നു ബഹുമാനപ്പെട്ട മെമ്പർ ജോൺജേക്കബ് സംസാരിക്കുകയുണ്ടായി. പക്ഷേ എന്താണു നടക്കുന്നത്? ഇവിടെ പല സന്ദർഭങ്ങളിലായി പല സംഭാഷണങ്ങളും നടന്നു. എന്നിട്ട് എന്തുണ്ടായി സർ? ഒന്നും ഉണ്ടായിട്ടില്ല. ഈ ഗവൺമെൻറ് തൊഴിലാളികളുടെ അവകാശങ്ങളെസംബന്ധിച്ചിടത്തോളം ന്യായമായ ഒരു പ്രേരണപോലും ചെലുത്താൻ തയ്യാറാകാത്തതിൻെറ ഫലമായി യജമാനൻെറ കൂടെനടന്നു വാലാട്ടുന്ന നായയെപ്പോലെയാണ് പെരുമാറുന്നതെന്നു പറയേണ്ടിയിരിക്കുന്നു. ഇങ്ങനെ നോക്കിയാൽ ഈ ഗവൺമെൻറ് ആർക്കു വേണ്ടിയാണു നിലകൊള്ളുന്നതെന്നും മർദ്ദനങ്ങൾ നടത്തുന്നത് ആർക്കുവേണ്ടിയാണെന്നും കാണാൻ കഴിയും. ഇവിടെ നടക്കുന്ന മർദ്ദനങ്ങളെസംബന്ധിച്ചിടത്തോളം ഈ സഭയിലെ എല്ലാ കക്ഷികളെയും ചേർത്ത് ഒരു അന്വേഷണം നടത്താൻ എന്തുകൊണ്ടു തയ്യാറാകുന്നില്ല? കാരണമുണ്ട്. സോഷ്യലിസവും കമ്മ്യൂണിസവും എല്ലാം പറഞ്ഞുകൊണ്ടു പണക്കാരെ രക്ഷിക്കാനും തൊഴിലാളികളെ മർദ്ദിക്കാനുമാണു നിങ്ങൾ നിലകൊള്ളുന്നത് എന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ടാണു സർ ഒരന്വേഷണത്തിനു തയ്യാറാകാത്തത്. ഞാൻ ഈ ഗവൺമെൻറിനെ വെല്ലുവിളിക്കുകയാണ്, ഈ സഭയിലെ എല്ലാ പാർട്ടികൾക്കും പ്രാതിനിധ്യമുള്ള ഒരു കമ്മിററിയെവച്ച് ഇക്കാര്യം അന്വേഷിക്കുവാൻ, അങ്ങനെ ഗവൺമെൻറിൻെറ വക്താക്കൾ പറയുന്നതു ശരിയാണെന്നു തെളിയിക്കുവാൻ തയ്യാറുണ്ടോയെന്ന്. നിങ്ങൾ അതിനു തയ്യാറാവുകയില്ല. കാരണം കാഞ്ഞിരത്തിൽനിന്നും മാധുര്യം ഉണ്ടാകാറില്ല.

ഇവിടെ ഒരു ബഡ്ജററ് അവതരിപ്പിച്ചിട്ടുണ്ട്. എന്താണു സർ അതിൻെറ സ്ഥിതി. ആത്മാവു നശിച്ചു ചട്ടക്കൂടുമാത്രം ശേഷിച്ചിട്ടുള്ള ബഹുമാനപ്പെട്ട മന്ത്രി ശേഷൻ സമർപ്പിച്ച ഈ ബഡ്ജററിൻെറ ശേഷം കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി ശേഷൻ ഉണ്ടാകുമോയെന്നുള്ളത് തർക്കമാണ്. ഈ രാജ്യത്തെ വ്യവസായവൽക്കരണത്തെസംബന്ധിച്ചും ബഹുമാനപ്പെട്ട മന്ത്രി ഭാഗവതം വായിക്കുന്ന ശൈലിയിൽ പ്രതിപാദിച്ചിട്ടുണ്ടായിരുന്നു. നാൽക്കവലയിലെ മരുന്നുകച്ചവടക്കാരൻെറ പ്രസംഗം കേട്ടതുപോലെയുള്ള പ്രതീതിയായിരുന്നു അദ്ദേഹത്തിൻെറ പ്രസംഗം കേട്ടപ്പോൾ എനിക്കു തോന്നിയത്. വ്യവസായവൽക്കരണത്തിൻെറ ഒരു ശൃംഖലയെപ്പററി പറഞ്ഞു. വ്യവസായവൽക്കരണത്തിനുവേണ്ടി മുൻപ് തീവ്രപരിപാടി ഉണ്ടായിരുന്നതു നമുക്കറിയാം. എന്നിട്ട് എന്തുണ്ടായി സർ? ഒന്നുമുണ്ടായില്ല. ജനങ്ങളെ പററിക്കുന്ന ഏർപ്പാടല്ലാതെ മറെറാന്നും ഉണ്ടായിട്ടില്ല. വ്യവസായശൃംഖലകൾ തകൃതിയായി സൃഷ്ടിക്കുന്നുവെന്നാണു പറഞ്ഞിരുന്നത്. ഇതു കേൾക്കുമ്പോൾ കേരളത്തിലെ ഭൂമിയുടെ വിസ്താരം മതിയാകുമോ ഈ വ്യവസായശാലകൾ സ്ഥാപിക്കുവാനെന്നു തോന്നിപ്പോകുകയാണ്. കേരളം വ്യവസായികമായി അധഃപതിച്ചിരിക്കുകയാണ്. പ്രത്യേകിച്ചും തീരപ്രദേശങ്ങളിൽ ഏററവും കൂടുതൽ പ്രയാസം അനുഭവിക്കുന്ന ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുണ്ട്. റെയിൽവേ വികസിപ്പിക്കുന്നതിനുവേണ്ടി ജനങ്ങൾ ഉന്നയിച്ചിട്ടുള്ള ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളുണ്ട്. വിശേഷിച്ചും എറണാകുളം, കായംകുളം തീരദേശറെയിൽവേ സ്ഥാപിക്കുന്ന കാര്യം, കയർവ്യവസായം, മലംചരക്കുവ്യവസായം, ഓയിൽ വ്യവസായം ഇവയെല്ലാം തകർന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെയെല്ലാം ഉദ്ധാരണത്തിനായി ഗൗരവമായി പരിഗണിച്ചിട്ടുള്ള ഒരു നിലപാടു സ്വീകരിച്ചതായി കാണുന്നില്ല സർ. തീരദേശ റയിൽവേയെസംബന്ധിച്ച് എന്തു ചെയ്തു? കയർ വ്യവസായം നമ്മുടെ കുത്തകയാണെന്നു പറയുന്നതു നല്ല കാര്യമാണ്. പക്ഷെ ആ വ്യവസായത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി എന്താണു ചെയ്തിട്ടുള്ളത്? കയർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുള്ള കാര്യം ശരിതന്നെ. പക്ഷേ അതിന്റെ കഥ എന്താണ് എന്നു നമുക്കറിയാം. വളരെ പരിമിതമായ തുകയാണ് അതിനുവേണ്ടി കൊള്ളിച്ചിട്ടുള്ളത്. ആ കോർപ്പറേഷന്റെ ഒരു മൂന്നുമാസത്തെ പ്രവർത്തനത്തിനു പോലും തികയാത്ത തുകയാണുള്ളത്.

ആ വ്യവസായത്തെപ്പററി പറയുന്നത് ഒന്ന് പ്രവർത്തിക്കുന്നത് മററൊന്നാണു സർ. അവയെ ഉദ്ധരിക്കുന്നതിനുവേണ്ടി ആത്മാർത്ഥമായ ഒരു പരിശ്രമം ഉണ്ടായിരുന്നെങ്കിൽ അതിന് ഈ നില ഉണ്ടാകുമായിരുന്നില്ല.

മലംചരക്കുവ്യവസായം തകർന്നുകൊണ്ടിരിക്കുകയാണ്, ആയിൽ വ്യവസായം തകർന്നുകൊണ്ടിരിക്കുകയാണ്. ഈ വ്യവസായങ്ങളുടെ വളർച്ചയ്ക്ക് സഹായമായ റയിൽവേയുടെ കാര്യത്തെസംബന്ധിച്ചും ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. നമ്മുടെ രാജ്യത്തിന്റെ വികസനത്തിന് വിഭവമാർജ്ജിക്കുന്ന കാര്യത്തിൽ കേന്ദ്രവുമായി മൽപിടിക്കേണ്ടിയിരിക്കുന്നത് നമ്മുടെ രാജ്യത്തെ മുന്നോട്ടുപോകുന്നതിനു തടസ്സമായിനിൽക്കുന്നു എന്ന നിലയിൽ പരാമർശിക്കുന്നുണ്ട്. അതു നല്ല കാര്യമാണ്. പക്ഷെ എന്താണു സർ, കുറെയൊക്കെ പറഞ്ഞു പോകുന്നു എന്നുള്ളതല്ലാതെ മറെറാന്നും ഇല്ല. ഒന്നും പറഞ്ഞിട്ടില്ല. നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി നമ്മുടെ വിഹിതം വാങ്ങിക്കുന്നതിനു ഭിക്ഷാപാത്രവുമായി യാചിക്കണം. നാം വായ്പ വാങ്ങിക്കാൻ ശ്രമിക്കും. ഇങ്ങനെയൊക്കെയാണ് ഈ ഗവൺമെൻറ് പറയുന്നത്. കേന്ദ്രം ഈ കേരളത്തോടുകാണിക്കുന്ന അവഗണനയ്ക്കെതിരായി, കേരളത്തിന് അവകാശപ്പെട്ടതു വാങ്ങിക്കുന്ന കാര്യത്തിൽ ഒരു ഉറച്ച നിലപാട് ഈ ഗവൺമെൻറിനില്ല. അതിനുള്ള നട്ടെല്ല് ഈ ഗവൺമെൻറിനില്ല. സർ, കേരളത്തിന്റെ അവകാശം കണക്കുപറഞ്ഞു വാങ്ങിക്കുന്ന കാര്യത്തിൽ വാക്കുകരംകൊണ്ടുള്ള കസർത്തല്ലാതെ മറെറാന്നും ഇല്ല. ബാങ്കിൽനിന്നും കടംവാങ്ങിക്കണം, ഭിക്ഷവാങ്ങിക്കണം എന്നുള്ള മനോഭാവം മാത്രമേയുള്ളൂ. ഈ രീതിയിലുള്ള ഒരു മനോഭാവം രാജ്യത്തിന്റെ പുരോഗതിയെ കണക്കിലെടുക്കുമ്പോൾ കാണിച്ചാൽ ഈ രാജ്യം എങ്ങനെയാണു ഗുണം പിടിക്കുന്നത്. അങ്ങനെയുള്ള ഒരു നിലപാടല്ലേ ഈ ഗവൺമെൻറ് എടുത്തിരിക്കുന്നത്. സാധാരണ ജനങ്ങളുടെ പുരോഗതിക്കുവേണ്ടി എടുത്തിട്ടുള്ള നയങ്ങളും രാജ്യത്തിന്റെ മൊത്തത്തിലുള്ള നയങ്ങളും എടുത്താൽ ഇതു മനസ്സിലാകുന്നതാണ്.

തൊഴിലാളികളുടെ കാര്യത്തിൽ ഈ ഗവൺമെൻറിന്റെ നയമെന്താണ്? അതിനെസംബന്ധിച്ച് ഇവിടെ നിരവധി കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. തൊഴിലാളികൾ അവരുടെ കാര്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി സമരം ചെയ്യുമ്പോൾ അവർക്കെതിരായി പോലീസിനെ അഴിച്ചുവിട്ടു മർദ്ദിക്കുകയാണ്. ഇന്ന് ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി; ബഹുമാനപ്പെട്ട റവന്യൂമന്ത്രി പറയുകയുണ്ടായി, കുടികിടപ്പുകാരുടെ അവകാശങ്ങൾ നേടിയെടുക്കുന്നകാര്യത്തിൽ ആരുടേയും പേരിൽ കേസ്സെടുത്തിട്ടില്ലെന്ന്. ഈ രാജ്യത്തു നടക്കുന്ന യാഥാർത്ഥ്യങ്ങളുടെനേരെ കണ്ണോടിക്കാൻ തയ്യാറുണ്ടായിരുന്നെങ്കിൽ ഇതു പറയുകയില്ലായിരുന്നു. അവർ അതിനു

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാകുകയില്ല. അതിന്റെ കാരണം നേരത്തെ ഞാൻ പറഞ്ഞതാണ്. കുടി കിടപ്പുകാർ അവരുടെ അവകാശം സ്ഥാപിക്കുന്നതിനുവേണ്ടി ഈ രാജ്യത്ത് ഈ സഭ പാസ്സാക്കിയതും പ്രസിഡന്റ് അംഗീകരിച്ചതുമായ നിയമത്തിന്റെ അടിസ്ഥാനത്തിൽ അതിൽനിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോയ ആയിരക്കണക്കിന് കുടികിടപ്പുകാരുടെ പേരിൽ പശുവും തേങ്ങയും മോഷ്ടിച്ചു എന്നു പറഞ്ഞ് കേസ്സെടുത്തിരിക്കുകയാണ്. സ്വാതന്ത്ര്യ സമരകാലത്തു സ്വാതന്ത്ര്യസമരം നടത്തിയവരുടെ പേരിൽ കള്ളക്കേസുകൾ എടുത്തതുപോലെ കുടികിടപ്പുകാരുടെപേരിലും ഈ സർക്കാർ കള്ളക്കേസുകൾ എടുത്തിരിക്കുകയാണ്. പോലീസുകാരെക്കൊണ്ട് മർദ്ദിക്കുകയാണ്. കേസ്സും കോടതിയുമായി ഇന്ന് സാധാരണക്കാർ കഷ്ടപ്പെടുകയാണ്.

1969 അക്ടോബർ 26-ാം തീയതി ഈ രാജ്യത്തു പ്രകടനം നടത്തിയതിന്റെ പേരിൽ 25 ഓളം തൊഴിലാളികളെ ഒരു വ്യവസായശാലയിൽനിന്നും ഈ ഗവൺമെന്റ് പിരിച്ചുവിടുകയുണ്ടായി. അങ്ങനെ ഇരുപതോളം കുടുംബങ്ങൾ ഇന്ന് അനാഥരായി പട്ടിണിയിലും കഷ്ടപ്പാടിലും എത്തിയിരിക്കുകയാണ്. ഇങ്ങനെ നിരവധി കാര്യങ്ങൾ ഇവിടെ നിരത്തിവയ്ക്കാൻ സാധിക്കും.

സർ, ഇവിടെ മറ്റൊന്നു സൂചിപ്പിക്കുകയുണ്ടായി. എൻ. ജി. ഒ. മാരുടെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. എൻ. ജി. ഒ. മാർ ഈ അടുത്തദിവസം 16 ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കൂട്ടക്യാഷ്വൽ ലീവിനു അപേക്ഷ കൊടുത്തു. അവർ ക്യാഷ്വൽ ലീവിന് അപേക്ഷകൊടുത്തിട്ടുണ്ട്. അവരുടെ ആവശ്യങ്ങൾ രേഖാമൂലം അറിയിച്ചിട്ടുമുണ്ട്. കേന്ദ്രഗവൺമെന്റു ജീവനക്കാരുടെമേലുള്ള നടപടികൾ പിൻവലിച്ചിരിക്കുന്ന അവസരത്തിലാണ് ഈ ഗവൺമെന്റ് ഇത്തരം നടപടികൾ സ്വീകരിച്ചിരിക്കുന്നത്. അതിന്റെ അർത്ഥം എന്താണു സർ? ഇതൊക്കെ വർഗ്ഗത്തിന്റെ പേരിലുള്ള മനോഭാവത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്. ട്രേഡ് യൂണിയൻ അവകാശത്തെ നിഷേധിക്കുന്ന നടപടിയാണിത്. ഇവിടെ സൂചിപ്പിക്കുകയുണ്ടായി ഇവർക്ക് രാഷ്ട്രീയോദ്ദേശമാണ് ഉണ്ടായിരുന്നതെന്ന്. ഈ രാജ്യത്തെ ഒരുവിഭാഗം തൊഴിലാളികൾ പണിമുടക്കുമ്പോൾ മറ്റൊരുവിഭാഗം തൊഴിലാളികൾക്ക് അനുഭാവപ്രകടനം നടത്തുന്നതിനുള്ള സ്വാതന്ത്ര്യമില്ലേ സർ? അവരുടെ നയം അതാണ്. അവരുടെ വർഗ്ഗസ്വഭാവത്തെയാണ് അതു കാണിക്കുന്നത്. അങ്ങനെ ഓരോ രംഗവും പരിശോധിച്ചുനോക്കിയാൽ ഈ ഗവൺമെന്റ് ആരുടെഭാഗത്താണെന്നു മനസ്സിലാകും. പണമുള്ളവരെ സഹായിക്കാനാണ് ഇവർ നിലകൊള്ളുന്നത്. അധ്വാനിക്കുന്ന വർഗ്ഗത്തെ അടിച്ചമർത്തുന്ന ഒരു സർക്കാരാണു സർ ഇത്. അതുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു സർ. ഈ രാജ്യത്തെ ജനങ്ങളുടെ മനോഭാവം മനസ്സിലാക്കി പൊതുജനസമരത്തെനേരിടാൻ തയ്യാറാകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ ഗവൺമെന്റിനെ ഓർമ്മപ്പെടുത്താനുള്ളത്.

ശ്രീ കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന അഞ്ചുലക്ഷത്തി പതിനായിരത്തിനാനൂറു രൂപയ്ക്കുള്ള 'ഹെഡ്സ് ആഫ് സ്റേറററ്സ്, മിനിസ്റേറഴ്സ് ആൻറ് ഹെഡ്ക്വാർട്ടേഴ്സ് സ്ററാഫ്' നുള്ള ധനാഭ്യർത്ഥനയേയും പത്തുലക്ഷത്തി അറുപത്തയ്യായിരത്തി ചില്വാനം രൂപയ്ക്കുള്ള ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷനുള്ള ധനാഭ്യർത്ഥനയേയും ഞാൻ പിൻതാങ്ങുന്നു. ഇതിനെ പിൻതാങ്ങുന്ന സമയത്ത് നമ്മുടെ ഭരണത്തിന്റെ കൂത്തക സെക്രട്ടേറിയററിൽ കുന്നുകൂടിക്കൊണ്ടിരിക്കുന്നു എന്നുള്ള ആക്ഷേപം, അനേകകൊല്ലമായി നിലനിന്നു വരുന്ന ആ ആക്ഷേപം

അവസാനിപ്പിക്കുന്നതിന് ഇനിയെങ്കിലും ഗവൺമെൻറ്, നമ്മുടെ മന്ത്രിമാർ അടിയന്തിരമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാരണം മന്ത്രിമാരിൽ നിന്നും സെക്രട്ടറിമാരിലേയ്ക്കും സെക്രട്ടറിമാരിൽനിന്നും സെക്രട്ടേറിയററിലും ഫയലുകൾ കുന്നുകൂടുകയാണ്. എന്നിട്ട് എല്ലാ കൊച്ചുകാര്യങ്ങൾക്കുപോലും ഫൈനാൻസ് ഡിപ്പാർട്ടുമെൻറുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. ഒരു നയാപൈസയുടെ ചെലവു നടത്തുന്നതിനുപോലും ഫൈനാൻസ് ഡിപ്പാർട്ടുമെൻറിൽപോയി അംഗീകാരം വാങ്ങിക്കുന്നു. ഒരു കൊച്ചുഫയൽ പോലും ഈ അംഗീകാരത്തിനുപോകണമെങ്കിൽ മന്ത്രിയുടെ മേശപ്പുറത്തു പോവുക, എന്നിട്ട് അത് മന്ത്രിസഭയിലേയ്ക്കു പോവുക. അങ്ങനെ ഈ രാജ്യത്തുള്ള കൊച്ചുകാര്യങ്ങൾക്കുപോലും ജനങ്ങൾക്ക് അന്നന്നുലഭിക്കേണ്ട ഗുണദോഷമുള്ള കാര്യങ്ങൾപോലും, ഉള്ള അധികാരം മന്ത്രിമാരിലും സെക്രട്ടേറിയററിലും കേന്ദ്രീകരിച്ചിരിക്കുന്ന ഈ ദുഷ്പ്രവണതയ്ക്കെതിരായി നീണ്ടുനിന്ന സമരങ്ങൾ ഈ രാജ്യത്തു നടന്നിട്ടുണ്ടെങ്കിലും ഓരോരോ മന്ത്രിസഭവരുമ്പോഴും ഭരണാധികാരകുത്തകയ്ക്കെതിരായി എന്തും പറയാറുണ്ടെങ്കിലും ഇതുവരെ അങ്ങനെ ഒന്നുംചെയ്തിട്ടില്ലെന്ന് ഖേദപൂർവ്വം ഈ അവസരത്തിൽ പറയാൻ ഞാനാഗ്രഹിക്കുകയാണ്. മന്ത്രിയിൽ നിന്നും സെക്രട്ടറിയിലേയ്ക്കും സെക്രട്ടറിയിൽനിന്നും ജില്ലയിലേയ്ക്കും ജില്ലയിൽനിന്നുംതാലൂക്കിലേയ്ക്കും താലൂക്കിൽനിന്നും ബ്ലോക്കിലേയ്ക്കം ബ്ലോക്കിൽനിന്നും വില്ലേജിലേയ്ക്കും അങ്ങനെ അനുസ്യൂതം ഡലിഗേഷൻ ആഫ് പവ്വേഴ്സ് കൈമാറിക്കൊടുക്കാനുള്ള അടിയന്തിരമായ നടപടികൾ ഈ ഗവൺമെൻറങ്കിലും ചെയ്തു കാണിക്കണമെന്നാണ് എനിക്ക് ഈ ഗവൺമെൻറിനോട് അഭ്യർത്ഥിക്കാനുള്ളത്. അതിനാവശ്യമായ ഭരണപരിഷ്ക്കാര നിർദ്ദേശങ്ങൾ നമ്മുടെ ഗവൺമെൻറിൻെറ മുമ്പിലുണ്ട്. അതു പരിശോധിക്കാൻ ഗവൺമെൻറ് തയ്യാറാവണം. വെള്ളോടി കമ്മിഷൻ റിപ്പോർട്ട് അത്ര നല്ല ഒരു റിപ്പോർട്ടല്ലെങ്കിലും അതിലൽപ്പം ഭരണാധികാരത്തിൻെറ വികേന്ദ്രീകരണത്തെ സംബന്ധിച്ചിടത്തോളം പല നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻമുഖ്യമന്ത്രി നമ്പൂതിരിപ്പാട് അതു നടപ്പാക്കുമെന്ന് പലപ്പോഴും പറഞ്ഞിട്ടുണ്ടായിരുന്നെങ്കിലും അതെല്ലാം അദ്ദേഹം അവഗണിക്കുകയാണ്ചെയ്തത്. ഈ ഗവൺമെൻറങ്കിലും അതിലെ നല്ലകാര്യങ്ങൾ നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വെള്ളോടികമ്മീഷൻെറ പല ഭാഗത്തോടും ആ റിപ്പോർട്ടിൻെറ പല ഭാഗത്തോടും എതിർപ്പുണ്ടെങ്കിലും മുഖ്യമായും അധികാരത്തിൻെറ കുത്തക സെക്രട്ടേറിയററിൽനിന്നും ജില്ലാകേന്ദ്രങ്ങളിൽനിന്നും മാററി കീഴെത്തലത്തിലേയ്ക്കു കൊടുക്കുന്ന ഒരു ഏർപ്പാടാണ് അതിൽ ഉള്ളത്. പഞ്ചായത്തുരാജിൽ ജില്ലാ അഡ്മിനിസ്ട്രേഷനെസംബന്ധിച്ചിടത്തോളം നല്ലകാര്യങ്ങളുണ്ടെങ്കിലും പഞ്ചായത്തു രാജു ബില്ലിലെ എല്ലാകാര്യങ്ങളും നടപ്പിലാക്കിയാൽ തന്നെയും അധികാരകുത്തക മുമ്പത്തെരീതിയിൽത്തന്നെ അവശേഷിക്കുമെന്നുള്ളതുകൊണ്ട് ഈ സർക്കാർ അഡ്മിനിസ്ട്രേറിവ് ഉത്തരവുകൾകൊണ്ട് ചില ഭരണപരിഷ്ക്കാരങ്ങൾ അധികാരവികേന്ദ്രീകരണത്തിനുവേണ്ടി ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടത്തെ ഫൈനാൻസ് കോഡിൻെറ കാര്യവും ഇതുതന്നെയാണ്. ഫൈനാൻസ് സെക്രട്ടേറിയററിൻെറയും ഫൈനാൻസ് വിംഗിൻെറയും അഭിപ്രായം . വാങ്ങിക്കുന്നതിന് പോയാൽ അതു നടപ്പാക്കാൻ പററാത്ത ഒരു സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. ഇവിടത്തെപ്ലാനിൽ പലതിനും അനുവദിക്കുന്ന തുകകൾ കാലാകാലമായി ലാപ്സായിപോകുന്നതും അടിയന്തിരമായി ചെയ്തുതീർക്കേണ്ട പല പണികളും ക്യാരേ്യാവർ എന്ന നിലയിൽ മാററിവയ്ക്കേണ്ടിവരുന്നതും ആയ ഒരു സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ട് ഈ ഫൈനാൻസ് കോഡിൻെറ കാര്യവും അധികാരവികേന്ദ്രീകരണത്തിന് അനുസരണമായി മാററാൻ വേണ്ട ഏർപ്പാടുചെയ്യണം. മന്ത്രിസഭയുടെ മുമ്പിൽ ഇതു സംബന്ധിച്ച

LIBRARY ARCHIVES Kerala Legislative Assembly

ധാരാളം ഉത്തരവുകളും ശുപാർശകൾ നിലവിലിരിപ്പുണ്ട്. ആ ഉത്തരവുകൾ പരിശോധിക്കാൻ മന്ത്രിസഭ മുൻകൈയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പെൻറിംഗ് ഫയൽസ് തീർക്കാൻ മന്ത്രിസഭ ശ്രദ്ധിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

സർ, നമ്മുടെ രാജ്യത്ത് ഏതാണ്ട് അൻപതിനായിരത്തോളം വരുന്ന സഹകരണ ഉദ്യോഗസ്ഥൻമാരുടെ കേഡർ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം രൂപീകരിച്ചിട്ടുള്ള ഒരു നിവേദനവും അതുസംബന്ധിച്ച ഒരു റിപ്പോർട്ടും. റിപ്പോർട്ട് മുൻ ഗവൺമെൻറിൻെറ കാലത്ത് ഗവൺമെൻറിൻെറ കൈയിൽ വന്നതാണ്. എന്നാൽ അതിനെപ്പററി ഇതുവരെ ഗവൺമെൻറു പരിശോധിക്കാതെ ഇരുട്ടു മൂടി കിടക്കുകയാണ്. അത് ഒന്നു പറക്കിയെടുക്കുകയും ആ റിപ്പോർട്ടു പരിശോധിക്കുകയും ചെയ്യാൻ ഇനിയെങ്കിലും തയ്യാറാകേണ്ടതാണ്.

അതുപോലെ നമ്മുടെ എൻ. ജി. ഒ. മാരെ സംബന്ധിച്ചിടത്തോളം നമ്മുടെ ഉദ്യോഗസ്ഥൻമാർക്ക് കാലത്തിന് അനുസരണമായ രീതിയിൽ ശമ്പളം കൂട്ടികൊടുക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. പക്ഷെ, അവകാശത്തേയും ചുമതലയേയും സംബന്ധിച്ചിടത്തോളം നമ്മുടെ ഉദ്യോഗസ്ഥൻമാർ അതു വലിയ ഉദ്യോഗസ്ഥൻമാരായാലും കൊച്ചുദ്യോഗസ്ഥൻമാരായാലും പ്യൂൺ മുതൽ ഐ. ഏ. എസ്. വരെയുള്ള എല്ലാ ആളുകളുടെയും ഇടയിലുള്ള ദുഷ്പ്രവണതയെന്താണെന്നു നോക്കിയാൽ അവർക്കുള്ള ഉത്തരവാദിത്വവും ചുമതലയും നിർവ്വഹിക്കുന്നകാര്യത്തിൽ എല്ലാ ആളുകളു പുറകോട്ടു പോയിരിക്കുകയാണ്. ചുരുക്കം ചില ഉദ്യോഗസ്ഥൻമാർ മാത്രമാണ് അവരുടെ കൈയിൽവരുന്ന ഫയലുകൾ വളരെവേഗം കൈകാര്യം ചെയ്യാനും തീരുമാനമെടുക്കാനും ശ്രമിക്കുന്നത്. അങ്ങനെ തീരുമാനമെടുക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും എന്തിന് അതിൻെറ ഉത്തരവാദിത്വം താൻ എടുക്കുന്നു എന്നു പറഞ്ഞുകൊണ്ട് ക്ലാർക്ക് സൂപ്രണ്ടിനും സൂപ്രണ്ട് സെക്രട്ടറിയ്ക്കും വകുപ്പദ്ധ്യക്ഷൻമാർ മന്ത്രിമാരുടെ മുമ്പിലേയ്ക്കും ഫയലുകൾ തള്ളിവിടുകയാണ്. അത് അവിടെ കെട്ടികിടക്കുകയാണ്. അങ്ങനെ കയററത്തിൻെറ ഫലമായി ഇന്നു സാധിച്ചെടുക്കേണ്ട കാര്യങ്ങൾ അയ്യാൾ ചത്തുകഴിഞ്ഞാലും പരിഹാരം കാണാൻ സാധിക്കാത്ത സ്ഥിതിയാണ് ഇന്നുള്ളത്. അതുകൊണ്ട് ഓരോ ഉദ്യോഗസ്ഥൻെറയും ചുമതലകൾ എന്താണെന്ന് ബോധ്യപ്പെടുത്തികൊടുക്കാനും അതനുസരിച്ച് തീരുമാനമെടുക്കാനും വേണ്ട ഏർപ്പാടുകൾ ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഉണ്ടാകുകതന്നെ വേണം. അതുപോലെ തന്നെ സമരം നടത്തണമെന്നുപറയുമ്പോൾ ഉദ്യോഗസ്ഥൻമാർ സമരത്തിനു പോയി സമരം നടത്തിക്കഴിഞ്ഞ് തിരിച്ച് കസേരകളിൽ വന്നുകഴിഞ്ഞാൽ ചെയ്യേണ്ടുന്ന ജോലി വളരെവേഗം ചെയ്തുതീർക്കാൻ വേണ്ട ഏർപ്പാടുണ്ടാക്കണമെന്നും കൂടി എനിക്ക് ഈ സമയത്ത് അവരോട് അഭ്യർത്ഥിക്കാനുണ്ട്.

ഇവിടെ പല സ്നേഹിതൻമാരും പറഞ്ഞതുപോലെ എലക്ട്രിസിററി ബോർഡിൻെറ പ്രവർത്തനത്തെസംബന്ധിച്ചിടത്തോളം സാമാന്യജനങ്ങൾക്ക് എലക്ട്രിസിററി കൊടുക്കുന്നതിനെസംബന്ധിച്ചിടത്തോളം, അവർക്ക് ബില്ലുകൾ കൊടുക്കുന്നതിനെസംബന്ധിച്ചിടത്തോളം, കാലാകാലങ്ങളിൽ വിദ്യുച്ഛക്തി എത്തിച്ചുകൊടുക്കുന്നതിനെസംബന്ധിച്ചിടത്തോളം, എല്ലാം ശക്തമായ ആക്ഷേപം ഈ രാജ്യത്ത് നിലനിന്നുവരികയാണ്. കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്തും ഈ ഗൺവമെൻറിൻെറ കാലത്തും ഇപ്പോഴും അതു നിലനിന്നുവരികയാണ്. സൂര്യനും താഴെ തങ്ങളുടെമേൽ ആർക്കും നിയന്ത്രണമില്ലെന്നും ഒരു ആട്ടോണമസ് ബാഡിയെന്നുള്ള നിലയിൽ മററു കാർപ്പറേഷനുകൾ ചെയ്യുന്നതുപോലെ ഇവരും പല കാര്യങ്ങളും ചെയ്യുന്നുണ്ട്. അതുമാററാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അവരോടു പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

പ്ലാനിംഗ് ബോർഡിനെ സംബന്ധിച്ച് ഒരു മെമ്പർ ഇവിടെ പറയുകയുണ്ടായി. പ്ലാനിംഗ് ബോർഡ് ഉണ്ടാക്കിയതുതന്നെ അപ്പുറത്തിരിക്കുന്ന ഒരു എം. എൽ. എ. യ്ക്ക് മന്ത്രിസ്ഥാനം കൊടുക്കാൻ സാധിക്കാത്തതുകൊണ്ട് അദ്ദേഹത്തിന്റെ നിലനിൽപ്പിനുവേണ്ടിയാണ് പ്ലാനിംഗ് ബോർഡുണ്ടാക്കിയതെന്ന അഭിപ്രായം എനിക്കില്ല. അങ്ങനെ കരുതുന്നതു തെററുമാണ്. പ്ലാനിംഗ് ബോർഡ് ഉണ്ടാക്കിയകാര്യം നമുക്കൊക്കെ അറിയാം. ഞാൻ അതിനെക്കുറിച്ച് ഒരു ചർച്ചയ്ക്ക് തയ്യാറാകുന്നില്ല. അതിനെസംബന്ധിച്ച് ഒരു പ്രമേയം തന്നെ ഇവിടെ ചർച്ചചെയ്തതുകൊണ്ട് അതിന്റെ വിശദാംശത്തിലേയ്ക്ക് കടക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നില്ല.

ഒരുകാര്യം കൂടി എനിക്കു പറയാനുണ്ട്. നമ്മുടെ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം നമ്മുടെ ഗവൺമെൻറ് കാര്യമായി പരിശോധിക്കേണ്ടുന്ന ഒരു പ്രശ്നമുണ്ട്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ. നമ്മുടെ രാജ്യത്ത് അഭ്യസ്തവിദ്യരായ അഗ്രിക്കൾച്ചറൽ ബി. എസ്. സിയും മററു ടെക്ക്നിക്കൽ വിദ്യാഭ്യാസവും എം. ബി. ബി. എസും. ഇങ്ങനെ സാങ്കേതികവിദ്യാഭ്യാസം നേടിയ ഇരുപതിനായിരത്തോളം മുപ്പതിനായിരത്തോളം ആളുകൾ ഉണ്ട്. ഐ. ടി. ഐ. മുതലായ മാർഗ്ഗങ്ങളിൽകൂടി സാങ്കേതികവിദ്യാഭ്യാസം നേടിയ ഏതാണ്ട് മുപ്പതിനായിരത്തോളം ആളുകൾ നമ്മുടെ രാജ്യത്ത് ജോലിയൊന്നുമില്ലാതെ കഴിയുകയാണ്. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഈ അഭ്യസ്തവിദ്യരുടെ അൺ എംപ്ലായിമെൻറിനെക്കുറിച്ചു പഠിക്കാനും അതിന്റെ വൈകല്യങ്ങൾ എന്താണെന്നു പരിശോധിക്കാനും അവർക്കു തൊഴിൽ കൊടുക്കാനും ആവശ്യമായ സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ ഈ ഗവൺമെൻറു തയ്യാറാകണമെന്നും ഈ കാര്യത്തിൽ വളരെ കാര്യമായ ശ്രദ്ധപതിപ്പിക്കണമെന്നും ഈ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്.

സർ, അതുപോലെതന്നെ എനിക്കു ചില കാര്യങ്ങൾകൂടി ഗവൺമെൻറിന്റെ ശ്രദ്ധയിൽകൊണ്ടുവരാനുണ്ട്. മാർക്സിസ്ററുപാർട്ടിയിലെ ഒരു ബഹുമാനപ്പെട്ട മെംബർ സംസാരിച്ചപ്പോൾ രാമനാഥൻപിള്ളയെ പിരിച്ചുവിട്ടു, വിജിലൻസ് കമ്മീഷനെ പിരിച്ചുവിട്ടു എന്നൊക്കെ പറയുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷമെംബർമാർ ശാന്തമായും നിഷ്പക്ഷമായും അന്വേഷിച്ചുനോക്കണം. ഓരോ ഉദ്യോഗസ്ഥൻമാർക്കെതിരായും കള്ളപ്പെററിഷനുകൾ എഴുതിവാങ്ങിച്ച് രാമനാഥൻപിള്ളയെക്കൊണ്ട് മാർക്സിസ്ററുപാർട്ടിയുടെ ജില്ലാക്കമ്മിററിയിൽ കൊണ്ടുവരാൻ ഈ രാമനാഥൻപിള്ളയുടെ വിജിലൻസ് അന്വേഷണം നിങ്ങൾ നിർദ്ദാക്ഷിണ്യമായി ഉപയോഗിച്ചുകൊണ്ടിരിക്കുകയല്ലേ? അങ്ങനെ ഈ രാജ്യത്ത് രണ്ടുതരം പൗരൻമാരെ ഉണ്ടാക്കുന്ന പ്രവർത്തനമായിരുന്നില്ലേ നിങ്ങൾ ചെയ്തത് എന്നുള്ള വസ്തുത വിസ്മരിച്ചുകളയരുത്. ഇന്ന് രാമനാഥൻപിള്ള ഇല്ലാതിരിക്കുമ്പോൾ അദ്ദേഹത്തെക്കുറിച്ചു പലതും പറയാൻകാണും. ഒരു കാര്യം കൂടി. നമ്മുടെ മാർക്സിസ്ററു സ്നേഹിതൻമാരോട് സിദ്ധാന്തത്തെക്കുറിച്ചു പറയേണ്ട കാര്യമില്ല. വളരെ വിനീതമായി പറയുകയാണ്. അച്യുതമേനോൻ പുറംവാതിലിൽക്കൂടി വന്നതാണെന്ന് മാർക്സിസ്ററുപാർട്ടിക്കാർ വിശേഷിപ്പിച്ചു. അതും സഹിച്ചു. ഇവിടെ മാർക്സിസ്ററുകാർ പ്രസംഗിക്കുന്നതു കേട്ടു. അച്യുതമേനോൻ ജയിലിൽ പോയിട്ടുണ്ടോ എന്ന്. ഞാൻ ചോദിക്കട്ടെ ഈ രാജ്യത്ത് കമ്മ്യൂണിസ്ററുകാർ ഒന്നിച്ചുനിന്നപ്പോൾ കമ്മ്യൂണിസ്ററുപാർട്ടിയുടെ ജനറൽ സെക്രട്ടറിയായിരുന്നു അച്യുതമേനോൻ. എത്രതവണ ജയിലിൽ പോയിട്ടുണ്ട്? അക്കാര്യം കൊച്ചിപ്രദേശത്തുനിന്നു വന്നിട്ടുള്ള ആളുകളോട് നിങ്ങൾ ചോദിച്ചു മനസ്സിലാക്കണം. അച്യുതമേനോൻ ജയിലിൽ പോയിട്ടുണ്ടോ, ഇ. എം. എസ്. ജയിലിൽ പോയിട്ടുണ്ടോ,

LIBRARY ARCHIVES Kerala Legislative Assembly

അച്യുതമേനോൻ ജാഥ നയിച്ചിട്ടുണ്ടോ ഇ. എം. എസ്. ജാഥ നയിച്ചിട്ടുണ്ടോ എന്നു പരിശോധിക്കാൻ ഈ രാജ്യത്തിന്റെ 35 കൊല്ലക്കാലത്തെ രാഷ്ട്രീയ ചരിത്രം എടുത്തു പരിശോധിച്ചുനോക്കിയാൽമതി. അപ്പോഠം അച്യുതമേനോന്റെ ചരിത്രം ഈ രാജ്യത്തിന്റെ രജതരേഖയായി ഉയർന്നുനിൽക്കുന്നത് നമുക്കു കാണാൻസാധിക്കും. അതുകൊണ്ട് ഞാൻ പറയുകയാണ്...........

ശ്രീ പി. കുഞ്ഞൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മെമ്പർ സഭയെ തെററിദ്ധരിപ്പിക്കുകയാണ്. പ്രസംഗിക്കാത്ത കാര്യങ്ങഠം പ്രസംഗിച്ചു എന്നു പറഞ്ഞു. ഞാൻ പ്രസംഗിച്ചത് തൊഴിലാളി സംഘടനയെ നയിച്ചിട്ടില്ല, കർഷകസംഘടനയെ നയിച്ചിട്ടില്ല എന്നാണ്. ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടിയിലെ..

മി. ചെയർമാൻ: സമയം തീർന്നു.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: നിങ്ങഠം ഇവിടെ സംസാരിച്ചതിന്റെ മിനിട്ടുകഠം നോക്കണം. ഇ. എം. എസും, എ. കെ. ഗോപാലനും, എം. എൻ. ഗോവിന്ദൻനായരും, ടി. വി. തോമസും കൂടിയുണ്ടാക്കിയ പാർട്ടിയിലെ ആളുകഠം അന്ധമായ രാഷ്ട്രീയവിരോധത്തിന്റെ പേരിൽ ഇവിടെ നിന്നുകൊണ്ട് വ്യക്തികളെ അവഹേളിക്കുന്നവിധത്തിൽ സംസാരിക്കുകയാണ്. സർ, ഈ രാജ്യത്തെ പോലീസുമർദ്ദനത്തെപ്പററി ഇവിടെ സംസാരിക്കുകയുണ്ടായി. വളരെ വേദനയുള്ള കാര്യമാണ്. വളരെ ശക്തിയായി ഞാൻ അതിനെ പിന്താങ്ങുകയാണ്. ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദുകോയയും അച്യുതമേനോനും കൂടി ചെന്നുനിന്നുകൊണ്ട് ഈ രാജ്യത്ത് പോലീസ് മർദ്ദനംനടത്തുകയാണെന്നു പറഞ്ഞാൽ..

(ഈ സമയം ശ്രീ ഇ. എം. ജോർജ് എഴുന്നേററുനിന്നുകൊണ്ട് എന്തൊക്കെയോ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.)

ശ്രീ കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: ....നമ്പീശനെ മർദ്ദിച്ചിട്ടുണ്ടെങ്കിൽ അതുതെററാണ്. അദ്ദേഹം എം. എൽ. എ. യാണ്, തങ്ങഠാർക്ക് കൈവിലങ്ങുവച്ചിട്ടുണ്ടെങ്കിൽ അതു ഖേദകരമാണ്. എം. എൽ. എ. യേയും മന്ത്രിയെയും പഞ്ചായത്തുപ്രസിഡൻറിനെയും പഞ്ചായത്തുമെമ്പറെയും ഏതൊരു ജനപ്രതിനിധിയെയും ഈ രാജ്യത്തെ പോലീസുകാരൻ ഉപദ്രവിക്കുകയോ കൈവിലങ്ങുവയ്ക്കുകയോ ചെയ്താൽ അതുഖേദകരമാണ്. ഞാൻ ചോദിക്കട്ടെ, മി. ജോർജ് പറഞ്ഞത് അച്യുതമേനോൻ നമ്പീശൻ മാസ്ററെ മർദ്ദിക്കാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നല്ലേ?

മി. ചെയർമാൻ: സമയം തീർന്നു. ബഹുമാനപ്പെട്ട മെമ്പർ ദയവായി സീററിലിരിക്കണം.

ശ്രീ. എം. മൊയ്തീൻകുട്ടിഹാജി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഈ ധനാഭ്യർത്ഥനകളുടെ ചർച്ചാവേളയിൽ പ്രതിപക്ഷത്തുനിന്നും പല വിമർശനങ്ങളും ഇവിടെ കേഠക്കാനിടയായി. അച്യുതമേനോൻ പുറംവാതിലിൽക്കൂടിയാണ് ഭരണം ഏറെറടുത്തത് എന്നും ഒരു മാന്യമെംബർ പറയുകയുണ്ടായി. ഇ. എം. എസ് നമ്പൂതിരിപ്പാട് പിൻവാതിലിൽക്കൂടി ഒഴിഞ്ഞുപോകുകയും അച്യുതമേനോൻ മുൻവാതിലിൽക്കൂടി പ്രവേശിക്കുകയുമാണ് ചെയ്തതെന്നാണ് എനിക്കുപറയാനുള്ളത്. ശ്രീമാൻ ഇ. എം. എസ്. നമ്പൂതിരിപ്പാട് ഈ സ്റേററിന്റെ മുഖ്യമന്ത്രിപദം രാജിവച്ചത് എന്തിനുവേണ്ടിയായിരുന്നു എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങഠം ചിന്തിക്കേണ്ടതാണ്. അദ്ദേഹത്തോട് രാജിവയ്ക്കാൻ ആരും ആവശ്യപ്പെട്ടിട്ടില്ല. ഈ നിയമസഭ അദ്ദേഹത്തിനെതിരേ ഒരു അവിശ്വാസപ്രമേയം കൊണ്ടുവന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

പാസാക്കിയിട്ടില്ല. പക്ഷേ അദ്ദേഹം തന്റെ അനുയായികളുടെ അഴിമതി കൊണ്ട് പൊറുതിമുട്ടിയപ്പോൾ രാജ്ഭവനിൽ ചെന്നു രാജിവയ്ക്കുകയാണ് ചെയ്തത്. സർ, ഇന്ന് സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട് ആവശ്യപ്പെടുന്നത് ഒരു ഇടക്കാല തിരഞ്ഞെടുപ്പ് നടത്തണമെന്നും അച്യുതമേനോൻ ഗവൺമെന്റ് രാജിവയ്ക്കണമെന്നുമാണ്. അന്ന് ശ്രീമാൻ ഇ. എം. എസ്. നമ്പൂതിരിപ്പാട് രാജിവച്ചപ്പോൾ എന്തുകൊണ്ട് ഈ ആവശ്യം ഉന്നയിച്ചില്ലെന്ന് ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അന്ന് ഇ. എം. എസ്. നമ്പൂതിരിപ്പാടു കരുതിയത് ഈ ഭരണം അവസാനിപ്പിച്ച് കുറെ എം. എൽ. എ. മാരെ വിലയ്ക്കു വാങ്ങി സ്വന്തം നിയന്ത്രണത്തിൽ ഒരു അധികാരം ഇവിടെ നടത്താമെന്നായിരുന്നു. ആ വ്യാമോഹംകൊണ്ട് നിയമസഭ പിരിച്ചു വിടേണ്ടതില്ലെന്നു പറയുകയായിരുന്നു അദ്ദേഹം ചെയ്തത്. ഇപ്പോൾ അച്യുതമേനോൻ മുൻവാതിലിൽക്കൂടി പ്രവേശിച്ചപ്പോൾ അവർ ചെകുത്താനെ കൂട്ടുപിടിച്ചെങ്കിലും ഈ ഭരണം അവസാനിപ്പിക്കുമെന്നാണ് പറയുന്നത്. സർ, ഇതു കേട്ടപ്പോൾ സ്വയം ചെകുത്താനാകാൻ ആഗ്രഹിക്കാത്തവർ ആ കക്ഷി മാറിനിന്നുകൊണ്ട് ഇങ്ങനെ വന്നിരിക്കുകയാണ് എന്നുള്ളത് ഒരു പരമാർത്ഥംമാത്രംമാണ്. ആ സാഹചര്യത്തിലാണ് ഈ ബഡ്ജററിനെസംബന്ധിച്ചുള്ള പൊതുചർച്ച ഇവിടെ ആരംഭിച്ചിരിക്കുന്നത്. ഈ ഗവൺമെന്റ് 5 കൊല്ലക്കാലം ഭരിക്കാമെന്ന് എടുത്തിട്ടുള്ള പ്രതിജ്ഞ നിറവേററുമെന്നാണ് എനിക്കു പറയുവാനുള്ളത്. ആ സമയത്ത് ഇവിടെ ഒരു പ്രധാനപ്പെട്ട സംഗതി പറയാനുള്ളത് ഉദ്യോഗസ്ഥൻമാരുടെ പ്രവർത്തനത്തെസംബന്ധിച്ചാണ്. അതു പറയാതിരിക്കാൻ നിർവ്വാഹമില്ല. സർ, ഉദ്യോഗസ്ഥൻമാർ നിഷ്പക്ഷമായി പെരുമാറേണ്ടത് ഒരു ആവശ്യംമാത്രമാണ്. ഇ. എം. എസ്. നമ്പൂതിരിപ്പാട് ഈ ഗവൺമെന്റിനെ മറിച്ചിടുമെന്നു പ്രഖ്യാപനംനടത്തുമ്പോൾ ചെകുത്താനാകാൻ തയ്യാറുള്ള കുറെ എൻ. ജി. ഒ. മാരും ഈ നാട്ടിലുണ്ടെന്നുള്ളത് ഈ ഗവൺമെന്റ് കണക്കിലെടുക്കണമെന്നു ഞാനഭ്യർത്ഥിക്കുകയാണ്. ഗവൺമെന്റ് വരും പോകും. രാഷ്ട്രീയകക്ഷികൾ അധികാരത്തിലേറും, അവർ പിരിഞ്ഞുപോകും. പക്ഷേ എക്കാലവും നീതിപ്രവർത്തിക്കേണ്ടവരാണ് ഉദ്യോഗസ്ഥൻമാർ എന്നുള്ള ബോധത്തോടുകൂടി അവരെ പ്രവർത്തിപ്പിക്കേണ്ടത് ഈ ഗവൺമെന്റിന്റെ ചുമതലയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഉണർത്താൻ ഞാനാഗ്രഹിക്കുകയാണ്. കഴിഞ്ഞമാസം 13-ാം തീയതി ഇവിടത്തെ എൻ. ജി. ഓ. മാർ ഒരു സമരപ്രഖ്യാപനം നടത്തുകയുണ്ടായി. ഈ ഗവൺമെന്റിനെ മറിച്ചിടുമെന്നും ട്രാൻസ്പോർട്ടു സമരം യഥാസ്ഥാനത്ത് എത്തിക്കുമെന്നും അതിന്റെ നേതാവ് പ്രഖ്യാപിച്ചതായി പത്രത്തിൽ വാർത്ത കണ്ടു. സർ, അതിനെതിരായി ഈ ഗവൺമെന്റ് എന്തു പ്രവർത്തിച്ചു എന്നറിയാൻ ഞങ്ങൾക്കാഗ്രഹമുണ്ട്. ഇതിനെതിരായി കർശനമായ നടപടികൾ സ്വീകരിക്കണമെന്നു ഞാനാഭ്യർത്ഥിക്കുകയാണ്. താഴ്ന്നതരം എൻ. ജി. ഒ. മാർക്ക് കുറച്ചുമാത്രം പ്രവർത്തിക്കുക കുറെ അധികം പ്രക്ഷോഭണം സംഘടിപ്പിക്കുക എന്നുള്ള മനോഭാവമാണുള്ളത്. അത് ഇല്ലായ്മചെയ്യേണ്ടത് നീതിയോടുകൂടിയ ഒരു ഭരണത്തിന്റെ പ്രവർത്തനത്തിന് ആവശ്യമാണെന്നു ഗവൺമെന്റിനെ ഉണർത്തിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അതുപോലെതന്നെ മററൊരുകാര്യം. ഇന്ന് ചെറിയചെറിയ കാര്യങ്ങൾക്കുവേണ്ടിപോലും തിരുവനന്തപുരത്തേക്കു വരേണ്ട ഒരു ഗതികേടാണുള്ളത്. എല്ലാ സംഗതികൾക്കും തിരുവനന്തപുരത്തുവരികയും മന്ത്രിമാരെകാണുകയും ചെയ്താൽ മാത്രമേ നടക്കുകയുള്ളു എന്നുള്ളതു മാറിക്കൊണ്ട് ജില്ലാതലത്തിൽ എങ്കിലും കളക്ടർമാർക്ക് കൂടുതൽ അധികാരം നൽകിക്കൊണ്ട് ഒരു പദ്ധതി തയ്യാറാക്കി ഇപ്പോഴുള്ള നിലപാടു മാററണം. ഇതുപോലെയുള്ള മറെറാന്നാണ് ചുവപ്പുനാടസമ്പ്രദായം. പരാതികൾ കൊടുത്താലും ഫയലുകൾ നീങ്ങാത്തതിന്റെ പേരിൽ ജനങ്ങൾക്കു നീതി കിട്ടുന്നില്ലെന്നുള്ളത് ഒരു പരമാർത്ഥംമാത്ര

2/3019/MC.

LIBRARY ARCHIVES Kerala Legislative Assembly

മാണ്. അതുകൊണ്ട് ആക്കാര്യവും ഗവൺമെൻറ് ശ്രദ്ധിക്കണം. സർവ്വീസ് റൂൾസ് പ്രത്യേകമായി പുന:പരിശോധനചെയ്യാൻ ഒരു കമ്മിററിയെ നിയോഗിക്കുന്നുണ്ട്. അതിനുള്ള ചെലവും ബഡ്ജററിൽ ഉൾപ്പെടുത്തിക്കാണുന്നുണ്ട്. ഉന്നു നിലവിലുള്ള സർവ്വീസ് റൂൾസ് സബോർഡിനേററ് ലെജിസ്ലേഷൻ കമ്മിററിയുടെ മുമ്പിൽവരുന്നില്ല എന്നുള്ളത് ഒരു പരമാർത്ഥം മാത്രമാണ്. സർവ്വീസ്റൂൾസെല്ലാംതന്നെ കമ്മിററിയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്. അങ്ങനെ കമ്മിററിയുടെ പരിശോധനയ്ക്കു വിധേയമാക്കണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം ഇന്നു നിലവിലുള്ള പരസ്പരവിരുദ്ധങ്ങളായ റൂളുകളെപ്പററിയും ഒരു വാക്കു പറയാനുണ്ട്. ഇതുകാരണം പല ഉദ്യോഗസ്ഥൻമാർക്കും നീതി ലഭിക്കാതെ പോകുന്നുണ്ട്. അതെല്ലാം പരിശോധിച്ചുകൊണ്ട് ഒരു സമഗ്രമായ സർവ്വീസ് റൂൾസ് ഉണ്ടാക്കുന്നതിന് ഈ കമ്മിററിയെ ഏല്പിക്കണമെന്നു ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. സർ, ഇന്നു നിലവിലുള്ള ഉദ്യോഗങ്ങളിൽ പലതിനും പിന്നോക്കസമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം നൽകുന്നില്ലെന്നുള്ള ആക്ഷേപമുണ്ട്. അതിനുവേണ്ടി, നിലവിലുള്ള ഉദ്യോഗസ്ഥൻമാരിൽ പിന്നോക്കവിഭാഗക്കാർക്ക് എത്രത്തോളം പരിഗണന നൽകിയിട്ടുണ്ടെന്നു പരിശോധിക്കുന്നതിനുവേണ്ടി ഒരു കമ്മിററിയെ നിയോഗിക്കണമെന്നു ഞാനപേക്ഷിക്കുകയാണ്. സർ, ഇന്ന് ഡിപ്പാർട്ടുമെൻറൽ പ്രമോഷൻ കമ്മിററിയുണ്ട്. മലബാർ പ്രദേശത്തേക്ക് ബാധകമായ ഒരു കമ്മിററി നിലവിലില്ലാത്തതുമൂലം ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥൻമാരെ പ്രമോട്ടുചെയ്യുന്നത് ഡിപ്പാർട്ടുമെൻറൽ പ്രമോഷൻ കമ്മിററി പ്രകാരമാണ്. അതുകൊണ്ട് ഡിപ്പാർട്ടുമെൻറൽ പ്രമോഷൻകമ്മിററി മലബാർപ്രദേശത്തേക്കുകൂടി ബാധകമാക്കണം. സർ, ഇന്ന് ജില്ലാഭരണത്തിൻെറ കീഴിൽ വികസനസമിതികളുണ്ട്. സ്റേററു നിലവാരത്തിൽ പ്ലാനിംഗ് അഡ്വൈസറിബോർഡ് രൂപീകരിച്ചിരിക്കുകയാണ് ഇപ്പോൾ. ഈ സംപ്രദായങ്ങളെല്ലാംതന്നെ നമ്മുടെ പദ്ധതികളെസംബന്ധിച്ചും നമ്മുടെ ബഡ്ജററിനെസംബന്ധിച്ചും മുൻകൂട്ടിയുള്ള ഒരു ആവശ്യമാണെന്നു ഞാനാവശ്യപ്പെടുകയാണ്. ഇന്ന് എല്ലാ നിയോജകമണ്ഡലത്തിലെ എം. എൽ. എ. മാർക്കും പരാതികളുള്ളത് അവരുടെ പല പദ്ധതികളും ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളതാണ്. സർ, വികസനസമിതി അംഗങ്ങൾക്ക് ബഡ്ജററിലെ പ്രവർത്തനങ്ങളെസംബന്ധിച്ചു ചർച്ചചെയ്യാനുള്ള അവസരം കിട്ടുന്നത് ബഡ്ജററ് വന്നശേഷംമാത്രമാണ്. അതിനു മുൻകൂട്ടിത്തന്നെ പ്ലാനിംഗ് അഡ്വൈസറി ബോർഡും ജില്ലാ വികസനസമിതിയുമായി ആലോചിച്ച് ഒരു പ്രയോറിട്ടി ലിസ്ററു തയ്യാറാക്കുകയാണെങ്കിൽ അത്തരം ആക്ഷേപങ്ങളില്ലാതാക്കാൻ സാധിക്കും. അതിനുള്ള ഒരു പദ്ധതികൂടി തയ്യാറാക്കണമെന്നു ഞാൻ ഗവൺമെൻറിനോടഭ്യർത്ഥിച്ചുകൊള്ളുന്നു. രണ്ടു ജില്ലകൾ രൂപീകരിക്കുന്ന കാര്യം ബഡ്ജററിൽ പറഞ്ഞിട്ടുണ്ട്. അതിൽ മലപ്പുറം ജില്ല രൂപീകരിച്ചുകഴിഞ്ഞു. മലനാടുജില്ല രൂപീകരിക്കുന്നതിനുവേണ്ടി ഈ ബഡ്ജററിൽ പ്രൊവിഷൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മലനാടുജില്ല അടിയന്തിരമായി രൂപീകരിക്കണമെന്നഭ്യർത്ഥിക്കുന്നതോടൊപ്പംതന്നെ രൂപീകരിച്ച മലപ്പുറം ജില്ലയിൽ വളരെയധികം ആഫീസുകൾ സ്ഥാപിക്കേണ്ടതുണ്ടെന്നുള്ള കാര്യവും കൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഒരു ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട റവന്യൂമന്ത്രി പറയുകയുണ്ടായി പന്ത്രണ്ടോളം ഓഫീസുകൾ രൂപീകരിക്കാൻ ബാക്കിയുണ്ടെന്ന്. പല ആഫീസുകളിലും ഇന്നു വരെയധികം വിഷമങ്ങൾ അനുഭവിച്ചുവരുന്നുണ്ട്. അത് ഇല്ലായ്മചെയ്യുന്നതിനു വേണ്ടി ഒരു സിവിൽ സ്റേറഷൻ അടിയന്തിരമായി ഉണ്ടാക്കുകയും അതിൽ ഈ ആഫീസുകളെ ഏർപ്പെടുത്തുകയുംചെയ്യേണ്ടതാവശ്യമാണ്. ആ സിവിൽസ്റേറഷനുവേണ്ടിയുള്ള പണം വകയിരുത്തിയതിൽ ഈ ഗവൺമെൻറിനെ ഞാൻ അനുമോദിക്കുകയാണ്. മലപ്പുറം ജില്ലാ കളക്ടർ ആ പ്രദേശത്തെ സംബന്ധിച്ച അടിയ

LIBRARY ARCHIVES Kerala Legislative Assembly

ന്തിരമായ വിസനപ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്ലാൻ തയ്യാറാക്കി ഗവൺമെൻറിലേക്ക് സമർപ്പിച്ചിട്ടുണ്ട്. വളരെ അത്യാവശ്യമായ സംഗതികളുൾക്കൊള്ളുന്ന ആ പ്ലാൻ അടിയന്തിരമായി ഗവൺമെൻറ് അംഗീകരിക്കുകയും അതു നടപ്പിൽവരുത്തുകയുംചെയ്യണമെന്നു ഗവൺമെൻറിനോടു ഞാനഭ്യർത്ഥിക്കുകയാണ്. ഇന്ന് ജില്ലാകളക്ടർമാർക്ക് വളരെ പരിമിതമായ അധികാരങ്ങൾ മാത്രമേയുള്ളു. ഒരു ജില്ലയുടെ വികസനപരമായ ആവശ്യങ്ങൾക്ക് സാങ്ഷൻ നൽകുന്നതിനുള്ള അധികാരങ്ങൾപോലും ജില്ലാ കളക്ടർമാർക്ക് ഇല്ലെന്നുള്ളതുകൊണ്ട് അവർക്ക് ആ അധികാരംകൂടി നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ജില്ലാനിലവാരത്തിൽ കൂടുതൽ അധികാരങ്ങൾ നൽകുന്നതിനുവേണ്ടിയുള്ള പഞ്ചായത്ത് രാജ്ബിൽ ഈ സഭയുടെ മുമ്പിലിരിക്കുകയാണ്. ആ ബിൽ അടിയന്തിരമായി നിയമമാക്കിയാൽമാത്രമേ അധികാരങ്ങൾ വിഭജിക്കാൻ കഴിയുകയുള്ളു എന്നുള്ളതുകൊണ്ട് അതു നടപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ ഒരു അഴിമതിനിരോധനബിൽ ഇവിടെ സമർപ്പിച്ചിട്ടുണ്ട്. ആ ബിൽ ഇപ്പോൾ എന്തായി എന്ന് അറിയാൻ വയ്യ. ആ ബില്ലും അടിയന്തിരമായി പാസാക്കി ഈ നാട്ടിൽനിന്ന് അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനു നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടും ഡിമാൻറുകളെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ടും എൻെറ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. ഗോപാലകൃഷ്ണൻനായർ: സർ, ഇന്നത്തെ മന്ത്രിസഭയും പല കാര്യങ്ങളിലും മുൻമന്ത്രിസഭയെത്തന്നെ പിൻതുടരുന്നതുകൊണ്ടും സംസ്ഥാനത്തെ എല്ലാ ഭാഗങ്ങളിലെയും വികസനപരിപാടികളെ ഒരുപോലെ ഈ ഗവൺമെൻറ് കാണാത്തതുകൊണ്ടും തിരുവനന്തപുരത്തിനുതെക്കുള്ള ഭാഗങ്ങളെ മുൻഗവൺമെൻറിനെപ്പോലെതന്നെ ഈ ഗവൺമെൻറും അവഗണിച്ചിരിക്കുന്നതുകൊണ്ടും ഈ ഡിമാൻറിനെ അനുകൂലിക്കുന്ന കാര്യത്തിൽ എനിക്കു വിഷമമുണ്ട്. തിരുവനന്തപുരം ഡിസ്ട്രിക്ടിനെ അവഗണിച്ചു എന്ന് ഞാൻ ഗവൺമെൻറിൻെറ പേരിൽ ആരോപണംകൊണ്ടുവന്നപ്പോൾ ധനകാര്യവകുപ്പുമന്ത്രി അതിനെ പുച്ഛിച്ചുതള്ളുകയാണുണ്ടായത്. ബഡ്ജററിൽ മററുഭാഗങ്ങളുടെ വികസനത്തിനു ചെലവാക്കുന്നതിനുള്ള തുകയും തിരുവനന്തപുരത്തിൻെറ വികസനത്തിനുള്ള തുകയും നോക്കിയാൽ അറിയാം. രാജ്ഭവനിൽ പൂന്തോട്ടമുണ്ടാക്കാൻ 25,000 രൂപ വകയിരുത്തിയതും സെക്രട്ടേറിയററു കെട്ടിടം പണിയാൻ വച്ചിരിക്കുന്നതുമാണ് തിരുവനന്തപുരത്തിൻെറ വികസനത്തിനുവേണ്ടിയുള്ളപദ്ധതികൾ എന്നു പറഞ്ഞാൽ അത് അംഗീകരിക്കാൻ കഴിയുകയില്ല. എൻെറ സുഹൃത്തു ശ്രീ. മാധവൻനായർക്ക് ഇപ്പോഴെങ്കിലും ഇതേപ്പററി ഭൂതോദയമുണ്ടായതിൽ എനിക്കു സന്തോഷമുണ്ട്. തിരുവനന്തപുരം പട്ടണത്തിലെ ആവശ്യത്തിനുള്ള ശുദ്ധജലംപോലും വിതരണംചെയ്യൻ സാധിച്ചിട്ടില്ല എന്നു പറഞ്ഞാൽ ഈ ജില്ലയോടുള്ള അവഗണന എത്രയുണ്ടെന്നു സങ്കൽപ്പിക്കാവുന്നതാണ്. കൃഷിവികസനത്തിനു വളരെയധികം സാധ്യതകളുള്ള താലൂക്കാണ് നെയ്യാററിൻകര താലൂക്ക്. നെയ്യാർഡാമിൽനിന്ന്, പതിനായിരക്കണക്കിന് ഏക്കർ സ്ഥലം കൃഷിഭൂമിയാക്കിമാററാൻ കഴിയുന്ന വെള്ളം മുഴുവൻ ചാനലിൽകൂടി ഒഴുകിപ്പോകുന്നതു കൃഷിക്കാരായ ഞങ്ങൾ നോക്കിനിൽക്കേണ്ടിവന്നിരിക്കുകയാണ്. എൻെറ അറിവു ശരിയാണെങ്കിൽ ഇതിനുവേണ്ടി വകയിരുത്തിയിട്ടുള്ള വലിയ തുകകൾ ഇന്നും നീക്കിയിരുപ്പുണ്ട്. സംസ്ഥാനത്തിൻെറ മററു ഭാഗങ്ങളിൽ ഇറിഗേഷൻപദ്ധതി നടപ്പാക്കുമ്പോൾ നെയ്യാററിൻകര താലൂക്കിൻെറ വികസനത്തിനുവേണ്ടി എന്തുകൊണ്ട് ഒന്നും ചെലവാക്കുന്നില്ല എന്നു വേദനയോടുകൂടി ഞാൻ ഗവൺമെൻറിനോടു ചോദിച്ചുപോകുകയാണ്.

പൊതുഭരണത്തെസംബന്ധിച്ചിടത്തോളം മെച്ചമാണെന്നുള്ള അഭിപ്രായം എനിക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിൻെറയും മന്ത്രിയുടെയും ശ്രദ്ധ ഇന്നത്തെ മലയാളമനോരമയിൽ കണ്ട ഒരു വാർത്തയിലേക്ക് ഞാൻ ക്ഷണിക്കുകയാണ്. മഹാജൻകമ്മീഷൻറിപ്പോർട്ടനുസരിച്ച് കാസർകോടു താലൂക്ക് മൈസൂറിനു കൊടുക്കാൻ ഡൽഹിയിൽ ചില പ്രവർത്തനങ്ങൾ നടന്നുവരുന്നതായി മനോരമ പത്രത്തിൽ കാണുന്നുണ്ട്. ബോംബെയിലെ ശിവസേനക്കാരുടെ ആവശ്യത്തിനുവേണ്ടിയാണ് ഇങ്ങനെകൊടുക്കുന്നത്. മൈസൂറിൻെറ ഭാഗത്തുനിന്ന് മഹാരാഷ്ട്രയക്കു കുറെ കൊടുക്കണം. അങ്ങനെ കൊടുക്കുമ്പോൾ അവരെ തൃപ്തിപ്പെടുത്താൻ കേരളത്തിലെ വലിയ താലൂക്കായ കാസർക്കോട്ടു മഹാജൻ കമ്മീഷൻ ശുപാർശയനുസരിച്ച് മൈസൂറിനു കൊടുക്കാൻപോകുകയാണ്. അതിനുവേണ്ടി ഡൽഹിയിൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ദി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ സന്ദർഭത്തിൽ എനിക്ക് മുഖ്യമന്ത്രിയോടു പറയാനുള്ളത്, അങ്ങനെ നമ്മുടെ കാസർകോടുതാലൂക്ക് കൊടുക്കുകയാണെങ്കിൽ അതിനുപകരം നമുക്ക് ചെങ്കോട്ട താലൂക്ക് തരാൻ ആവശ്യപ്പെടണമെന്നാണ്. കാസർകോടു കൊടുക്കുന്നതിനുപകരം, ഒരു പഞ്ചായത്തിൻെറ വിസ്തീർണ്ണം പോലുമില്ലാത്ത മാഹി പ്രദേശം കേരളത്തിനു പാരിതോഷികമായി തരാമെന്നാണു പറയുന്നത്. ഇതിൻെറ കാര്യത്തിൽ നമ്മുടെ മുഖ്യമന്ത്രി എന്തു നിലപാടാണ് എടുക്കുന്നതെന്ന് അറിയണം. പ്രധാനപ്പെട്ട കാസർക്കോടു താലൂക്കു കൊടുത്തിട്ട് അതിനുപകരം ഒരു പഞ്ചായത്ത് ഏരിയാ മാത്രമുള്ള പ്രദേശം സ്വീകരിച്ചു കൊണ്ട് പോകുകയാണോ മറെറന്തെങ്കിലും നടപടി സ്വീകരിക്കാൻപോകുകയാണോ എന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ശ്രീ. ഇ. അഹമ്മദ്: കാസർകോടിനെസംബന്ധിച്ച് ബഹുമാനപ്പെട്ട മെംബറുടെ പാർട്ടിയുടെ നയം എന്താണെന്ന് വിശദമാക്കാമോ?

ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ: ആവശ്യമുള്ളപ്പോൾ വിശദീകരിച്ചുകൊള്ളാം. ഈ ഗവൺമെൻറിൻെറ നയം എന്താണെന്നാണ് അറിയേണ്ടത്. ഞങ്ങളുടെ പാർട്ടി ഇതിനുമുൻപു പരിപാടി വച്ചിട്ടുണ്ട്. പ്രസ്താവിച്ചിട്ടുമുണ്ട്, ആവശ്യം വരുമ്പോൾ വിശദീകരിക്കാം.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മെംബറുടെ പാർട്ടിയുടെ നയം എന്താണെന്നറിഞ്ഞാൽ സഹായകരമായിരിക്കുമല്ലോ എന്നു വച്ചു ചോദിച്ചതാണ്.

ശ്രീ. ആർ. ഗോപാലകൃഷ്ണൻനായർ: ഗവൺമെൻറ് ആവശ്യപ്പെടുമ്പോൾ പറഞ്ഞുകൊള്ളാം. സർ, ഹിന്ദു പത്രത്തിൽ ഒരു വാർത്ത കണ്ടിട്ട് ഞാനും എൻെറ സുഹൃത്തു ശ്രീ. ശിവരാമഭാരതിയും ഉന്നയിച്ചിരുന്നതാണ് നദീജലത്തിൻെറ പ്രശ്നം. അതു വളരെ മോശമായിക്കൊണ്ടിരിക്കുകയാണ്. മുൻപു ഭരിച്ചിരുന്ന സർക്കാരും മാർക്സിസ്ററു പാർട്ടിയും മുഖ്യമന്ത്രിയും മററും ചേർന്ന് കേരളത്തിൻെറ നദീജലം മദ്രാസിനു കൊടുത്തു. ഹിന്ദുവിൽ ഒരു വാർത്ത കാണുകയുണ്ടായി തേക്കടി വന്യമൃഗസങ്കേതം നശിച്ചുകൊണ്ടിരിക്കുകയാണെന്ന്. ഇന്ന് ടൂറിസ്ററുകളെ കേരളത്തിലേക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്നതും ലക്ഷക്കണക്കിനു രൂപ സമ്പാദിക്കാൻ ഉതകുന്നതുമായ കേന്ദ്രമാണിത്. മധുര കളക്ടർ പറയുകയുണ്ടായി, നമ്മുടെ ഗവൺമെൻറും മദ്രാസ് ഗവൺമെൻറും തമ്മിൽ മൽസരിച്ച് അവിടെ പുരോഗമനപ്രവർത്തനമൊന്നും ചെയ്യാതെയായിരിക്കുകയാണെന്ന്. അങ്ങനെയാണെങ്കിൽ എന്തുനഷ്ടമാണ് നമുക്കുണ്ടാകുന്നത്? ശ്രീ. ശിവരാമഭാരതി പറഞ്ഞതുപോലെ കേരളത്തെസംബന്ധിച്ചിടത്തോളം കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് മദ്രാസ് ഗവൺമെൻറുമായി ഉണ്ടാക്കിയിട്ടുള്ള എല്ലാ കരാറുകളും പരിശോധിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗനിയമനങ്ങളെസംബന്ധിച്ച് എന്റെ സുഹൃത്തുക്കളായ ശ്രീ. കുര്യനും ശ്രീ. കുഞ്ഞനും പറയുന്നതു കേട്ടു. പകൽക്കൊള്ളയും കൊലപാതകങ്ങളും ചെയ്യുന്നവർ ഒരു തേങ്ങ മോഷ്ടിച്ചവനെ മഹാകള്ളനെന്നു വിളിക്കുന്നതുപോലെയാണ് അത്. പാർട്ടിക്കാരെ ട്രാൻസ്പോർട്ടുകോർപ്പറേഷനിലും മററു പല കോർപ്പറേഷനുകളിലും തിരുകികയററിയവർക്ക്, മുൻ ഗവൺമെൻറിന്റെ നയം തുടരുന്ന ഈ ഗവൺമെൻറിനെ ആക്ഷേപിക്കാൻ എന്താണവകാശം? ലജ്ജാകരമായ ഒരാക്ഷേപമായി കരുതി ഞാൻ അതു തള്ളിക്കളയുകയാണ്. ചെറിയ മോഷണങ്ങൾ ഇവരും നടത്തുന്നുവെന്നു പറയുന്നതു ശരിയാണ്. അതിന്റെ ചില ഉദാഹരണങ്ങൾ ഞാൻ പറയാം.

ശ്രീ. എം. രാമുണ്ണി: 31 മാസംകൊണ്ടു ചെയ്യാത്ത കാര്യങ്ങൾ 31 ദിവസംകൊണ്ടു ചെയ്തതാണോ?

ശ്രീ. ആർ. ഗോപാലകൃഷ്ണൻനായർ: ചില നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നുള്ളത് പ്രതിപക്ഷക്കാർക്കുപോലും ആക്ഷേപിക്കാൻകഴിയുകയില്ല. അക്കാര്യത്തിൽ തർക്കിക്കുന്നില്ല. ഇന്നത്തെ പ്രതിപക്ഷകമ്മ്യൂണിസ്ററു പാർട്ടിയെപ്പോലെതന്നെ ഭരണകക്ഷിയും ഉദ്യോഗനിയമനകാര്യത്തിൽ മോശക്കാരെല്ലെന്നു പറയേണ്ടിയിരിക്കുന്നു. സെക്രട്ടേറിയററിൽ, ഈ ഭരണംകൂടം വന്നശേഷം എത്രയെത്ര പുതിയ വിഭാഗങ്ങളുണ്ടാക്കി എന്നു പരിശോധിച്ചാൽ കാണാവുന്ന സംഗതിയാണിത്. ഇവിടെ ടൗൺപ്ലാനിംഗ് ആഫീസ് എന്ന് ഒന്നുണ്ട്; ഡിപ്പാർട്ടുമെൻറ് ഓഫ് ടൗൺ പ്ലാനിംഗ് ആൻഡ് ആർക്കിട്ടെക്ചറിന്റെ കീഴിൽ അവിടെ ഒരു ടി. അച്യുതമേനോനെ നിയമിച്ചിട്ടുണ്ട്. റിട്ടയർചെയ്തിട്ട് ഒരു കൊല്ലം കഴിഞ്ഞയാളാണ്. ടൗൺപ്ലാനിംഗ് ആഫീസ് നിറുത്തണമെന്ന് മുൻഗവൺമെൻറ് ശുപാർശ ചെയ്തിട്ടുണ്ടെന്നാണ് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഈ ടി. അച്ച്യുതമേനോൻ, എന്റെ അറിവു ശരിയാണെങ്കിൽ, തൃശ്ശൂർക്കാരനാണ്. തൃശ്ശൂർക്കാർക്ക് ഉദ്യോഗംകൊടുക്കുന്നതിൽ എനിക്കു യാതൊരു വിരോധവുമില്ല. എന്നാൽ ടി. അച്യുതമേനോൻ എന്ന പെൻഷനായ ഉദ്യോഗസ്ഥനെ നിയമിച്ചിരിക്കുന്നത് എവിടെയാണ്? സംസ്ഥാനത്തിന്റെ രൂപ ചെലവാക്കി വിദേശങ്ങളിലേക്ക് അയച്ചു ഡിഗ്രിയുംമററും സമ്പാദിച്ചിട്ടുള്ള വിദഗ്ധൻമാരുണ്ടായിരിക്കുമ്പോഴാണ് ഈ ഉദ്യോഗസ്ഥനെ ഈ ഗവൺമെൻറ് അധികാരത്തിൽവന്നശേഷം ആയിരക്കണക്കിന് രൂപ ശമ്പളം കൊടുത്ത് ഇന്ന് വച്ചിരിക്കുന്നത്. മുൻപ് മാർക്സിസ്ററുകാർ ചെയ്തതുതന്നെയാണ് ഇവരും ചെയ്യുന്നതെന്നുള്ളതിന്റെ ഉദാഹരണങ്ങളാണിവയൊക്കെ. ഇവിടെ ഒഫീഷ്യൽ ലാങ്ങ്ഗ്വേജ് കമ്മീഷൻ എന്ന് ഒന്നുണ്ട്. അതിൽ നിയമനം നടത്താൻ അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രങ്ങളിൽ പരസ്യംചെയ്തിട്ടുണ്ട്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം ആയിരക്കണക്കിനു ശമ്പളംകൊടുക്കുന്ന വലിയ ഉദ്യോഗങ്ങൾ സൃഷ്ടിച്ചതിന്റെ ഉദാഹരണമാണിത്.

മറെറാരു കാര്യം പറയാനുള്ളത്, ശ്രീമാൻ കെ. ജി. കുഞ്ഞുകൃഷ്ണപിള്ള പറഞ്ഞതുപോലെ, ഇന്നത്തെ സെക്രട്ടേറിയററുമാനുവലും അക്കൗണ്ട് കോഡും ഒക്കെ മാററണമെന്നുള്ളതാണ്. ഉദ്യോഗസ്ഥൻമാരുടെ സൗകര്യത്തിനുവേണ്ടി ഉദ്യോസ്ഥൻമാർ എഴുതിയുണ്ടാക്കിയ ഉദ്യോഗസ്ഥൻമാരുടെ ഈ നിയമങ്ങൾ മാററിയില്ലെങ്കിൽ സാധാരാണക്കാരുടെ പ്രശ്നങ്ങൾ വളരെയധികം സങ്കീർണ്ണങ്ങളായിത്തീരുകയേ ഉള്ളു. അതുകൊണ്ട് സെക്രട്ടേറിയററു മാനുവലും അക്കൗണ്ടു കോഡും പൊതുജനങ്ങൾക്കു പ്രയോജനമുണ്ടാകത്തക്ക രീതിയിൽ മാററിയെടുക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

കാൺഫിഡൻഷ്യൽ റിക്കാർഡ് എന്ന ഒരു സംപ്രദായമുണ്ട്. മുൻപു ഗവൺമെൻറ് അതു നിറുത്താൻപോകുന്നുവെന്നു പറഞ്ഞിരുന്നു. കീഴുദ്യോഗ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാൻമാരുടെപേരിൽ ഐ. എ. എസ്. ആഫീസർമാരും മററും എന്തെങ്കിലും എഴുതിവച്ചിട്ട് അവരുടെ പ്രമോഷൻസാധ്യതകൾ നശിപ്പിക്കുന്ന ഈ സംപ്രദായം അവസാനിപ്പിക്കേണ്ടതാണ്.

പ്രതിപക്ഷത്തിരിക്കുന്ന കമ്മ്യൂണിസ്ററുപാർട്ടി ചെയ്തതുപോലെ സെക്രട്ടേറിയററിലുംമററും ഉദ്യോഗസ്ഥൻമാരെ വളരെയധികം നിയമിക്കുന്നതിനും പ്രമോഷൻ നൽകുന്നതിനും വേണ്ടിയുള്ള മാററങ്ങൾ ഭരണകക്ഷി കമ്മ്യൂണിസ്ററുകാരും ചെയ്യുന്നുണ്ട്. അത് അവർ ചെയ്യരുത് എന്നു ഞാൻ അപേക്ഷിക്കുകയാണ്.

ബഡ്ജററുപ്രസംഗത്തിലെ ഒരു കാര്യത്തെക്കുറിച്ചുകൂടി പറയാനുണ്ട്. ഇവിടെ സെക്രട്ടേറിയററിൽ ഒരു പ്രത്യേക സെൽ ഉണ്ടാക്കാൻ പോകുകയാണ്. അതിൻെറപേരിൽ ഒന്നോ രണ്ടോ പേരെക്കൂടി നിയമിക്കാനുള്ള പ്രവണതയുണ്ട്. ശ്രീ. ആർ. എസ്. ഉണ്ണി പറഞ്ഞതുപോലെ അതിനെയും ഞാൻ ശക്തിയുക്തം എതിർക്കുകയാണ്. ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള പറഞ്ഞതുപോലെ, പുതിയ സെല്ലുണ്ടാക്കി കൂടുതൽ ആളുകളെ നിയമിച്ചു സർക്കാരിനു കൂടുതൽ ബാദ്ധ്യതകളുണ്ടാക്കുന്ന നടപടികളെപ്പററി പുനഃപരിശോധന നടത്തേണ്ടതാണ്.

[Shri Alexander Parambithara in the Chair]

ശ്രീ. ഇ. ജോൺജേക്കബ്: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നതോടൊപ്പം പാണ്ടനാട്ട് സംഭവത്തെക്കുറിച്ച് ഇന്ന് ഉന്നയിച്ച അസത്യങ്ങൾക്ക് വിരുദ്ധമായിട്ട് അതിൻെറ സത്യാവസ്ഥയെക്കുറിച്ച് പറയുവാൻ വേണ്ടിയാണ് ഞാൻ എഴുന്നേററു നിൽക്കുന്നത്. അവിടെ നടന്നത് പാവപ്പെട്ട ഒരു കൃഷിക്കാരൻെറ വീട് ആക്രമിക്കാൻ കുറേപേർ പാതിരാത്രി സമയത്ത് വരുന്നുവെന്നറിഞ്ഞു പോലീസു ക്യാമ്പിൽ അറയിക്കുകയും, അതനുസരിച്ച് ഒരു ഹെഡ്കോൺസ്ററബിളും നാലു പോലീസുകാരും കൂടി അവിടെ വരികയും ചെയ്തു. അവർ വന്നപ്പോൾ കൃഷിക്കാരൻെറ വീട്ടിൽ കുറെയാളുകൾ വന്നിരുന്നുവെന്നും പോലീസുകാർ വരുന്നതുകണ്ട് മടങ്ങിപോയിയെന്നും അറിഞ്ഞു. അതുകൊണ്ട് അഞ്ചു പോലീസുകാരും കൂടി തിരിച്ച് അവരുടെ ക്യാമ്പിലേക്ക് പോയപ്പോൾ പത്ത് മുന്നൂററ് ആയുധധാരികളായ ആളുകൾ പോലീസുകാരെ വളയുകയും അവരെ ആക്രമിക്കുകയും ചെയ്തു. ഒരു പോലീസുകാരനെ വെട്ടിനുറുക്കുകയും, ഒരു പോലീസുകാരനെ അടിച്ചു തള്ളി താഴെയിടുകയും ചെയ്തു. ഇനി എന്തുചെയ്യണമെന്നറിയാതെ പോലീസുകാർ നിന്നപ്പോൾ താഴെ വീണുകിടന്ന പോലീസുകാരൻ കിടന്നുകൊണ്ട് വെടിവയ്ക്കുകയുണ്ടായി. വെടിവച്ചതിൻെറ ഫലമായി ഒരാൾ മരിക്കുകയും നാലുപേർക്കു പരിക്കേൽക്കുകയും ചെയ്തു. ഇതാണ് അവിടെ നടന്ന സംഭവത്തിൻെറ സത്യസ്ഥിതി. അതിന് രാത്രി ഫണ്ട് പിരിവിന് നടന്നപ്പോൾ ഉണ്ടായതാണെന്ന് പറയുന്നത് ശരിയല്ല, അസത്യമാണ്. വാരിക്കുന്തവും, കത്തിയും, വടിയും, കഠാരയും ആസിഡുബൾബുകളും ആയിട്ടാണോ ഫണ്ട് പിരിക്കാൻ പോകുന്നത്? അല്ലെങ്കിൽ തന്നെ പത്തു മുന്നൂറു പേര് ഒന്നിച്ചാണോ ഫണ്ടു പിരിവിന് പോകുന്നത്?

ശ്രീ. ഇ. എം. ജോർജ്: സർ, ഒരു പോയിൻറു ഓഫ് ഓർഡർ, പോലീസുകാർ എഴുതിക്കൊടുത്ത റിപ്പോർട്ടിൽ ശ്രീ. ഈ. ജോൺജേക്കബ് പറഞ്ഞ കാര്യങ്ങളൊന്നുംതന്നെയില്ല; മാർക്സിസ്ററുകാരുടെ ആക്രമണത്തെപ്പററി പോലീസുകാർക്ക് ഒരു കഥയുണ്ട്. അതുതന്നെയാണ് അവർ എവിടെയും എഴുതികൊടുക്കുന്നത്. അതാണ് രാവിലെ ഇവിടെ മന്ത്രി പറഞ്ഞതും. ശ്രീ. ജോൺജേക്കബ് പറഞ്ഞതല്ലാതെ അതിനെ ബലപ്പെടുത്തുവാൻ ഈ റിപ്പോർട്ട് എഴുതിക്കൊടുത്തതിനെപ്പററി വല്ല നടപടികളും എടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ഇതിൽ ഒരു പോയിൻറ് ഓഫ് ഓർഡറുമില്ല.

ശ്രീ. ഇ. ജോൺജേക്കബ്: സ്ഥലത്തുപോയി അന്വേഷിച്ചു സത്യമായിട്ടുള്ള കാര്യങ്ങളാണ് ഞാനിവിടെ പറഞ്ഞത്. താഴെ വീണുകിടന്ന പോലീസുകാരൻ വെടിവച്ചില്ലെങ്കിൽ അവിടെ നിന്നിരുന്ന പോലീസുകാരെ അത്രയും മാർക്സിസ്ററു അക്രമികൾ കൊന്നുകളയുമായിരുന്നു. അതിനെപ്പററി ശ്രീ. അച്യുതാനന്ദനും മററും പറഞ്ഞ കാര്യങ്ങൾ സത്യവുമായിട്ട് യാതൊരു ബന്ധവുമില്ലെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): സർ, ഈ രണ്ടു ധനാഭ്യർത്ഥനകളുടെ ചർച്ചയിൽ ഗവൺമെൻറിൻെറ പ്രവർത്തനങ്ങളെ സംബന്ധിച്ച് വളരെ വിമർശനങ്ങൾ നടത്തുകയുണ്ടായി. ആ വിമർശനം നടത്തിയ ആളുകൾക്ക് ഞാൻ നന്ദി പറയുകയാണ്. തീർച്ചയായും ഈ ഗവൺമെൻറ് തെറി കലും കുററമററ ഒരു ഗവൺമെൻറാണെന്നു ഞാൻ അഹങ്കരിക്കുന്നില്ല. ഈ ഗവൺമെൻറിന് പല വീഴ്ചകളും, തെററുകളും, പല പോരായ്മകളും ഉണ്ടെന്ന് പ്രതിപക്ഷത്തിരിക്കുന്നവരെപ്പോലെ ഗവൺമെൻറിനും ബോദ്ധ്യമുണ്ട്. പക്ഷെ ഞങ്ങൾ അവകാശപ്പെടുന്നത് ഈ രാജ്യത്തിലെ ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാനും അവർക്ക് ആശ്വാസം നൽകാനും ആവശ്യമായിട്ടുള്ള നടപടികൾ മുന്നോട്ടുകൊണ്ടുപോകാൻ ആത്മാർത്ഥമായി ശ്രമിക്കുന്നുവെന്നുള്ളതുമാത്രമാണ്. ആ ശ്രമം വിജയിക്കണമെങ്കിൽ തീർച്ചയായും ഈ രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങളുടെയും സൗഹാർദ്ദമായ പിൻതുണ ആവശ്യമാണ്. നിർഭാഗ്യവശാൽ പ്രതിപക്ഷപാർട്ടികളിൽ നിന്നും അപ്രകാരമുള്ള പിൻതുണ ഗവൺമെൻറിന് ഉണ്ടാകുന്നില്ലെന്നുള്ള പരമാർത്ഥം അനുസ്മരിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പാർലമെൻററി ജനാധിപത്യത്തിൽ പ്രതിപക്ഷത്തിൻെറ ചുമതല ഭരിക്കുന്ന കക്ഷിയെ വിമർശിക്കുകയും എതിർക്കുകയും ആണെന്നു പറയുന്നുണ്ട്. അത് ഒരു അർദ്ധസത്യം മാത്രമാണ്. പ്രതിപക്ഷത്തിൻെറ അഭിപ്രായത്തിൽ ഒരു ഭരണത്തിൽ എതിർക്കേണ്ട സംഗതികളെസംബന്ധിച്ച് ന്യായമായും എതിർക്കുകയും, അതിന് അംഗീകൃതമായ നടപടികൾ എടുത്തുകൊണ്ട് പ്രവർത്തിക്കുകയുമാണ്. അതിനെ സംബന്ധിച്ച് പരാതി പറയുന്നതുകൊണ്ട് പ്രയോജനമില്ല. ഇതാണ് പ്രതിപക്ഷത്തിരിക്കുന്ന പാർട്ടിയിൽനിന്നും ഉണ്ടാകുന്നതും ഉണ്ടാകേണ്ടതും. എന്നാൽ അതിൽനിന്നും വിപരീതമായ ഒരു നടപടിയാണ് ഇവിടത്തെ പ്രതിപക്ഷം ഇന്ന് എടുത്തുകൊണ്ടിരിക്കുന്നതെന്ന് സവിനയം പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ ഗവൺമെൻറുമായി ഒരു വിധത്തിലും സഹകരിക്കാൻ പാടില്ല, ഏതു ചെകുത്താൻെറയും കൂട്ടുപിടിച്ച് ഈ ഗവൺമെൻറിനെ അട്ടിമറിക്കുമെന്നും; രാജ്യവ്യാപകമായി അസ്വസ്ഥതകൾ ഇളക്കി വിടുന്നതിന് എന്തു മാർഗ്ഗവും സ്വീകരിക്കുമെന്നും പറയുന്ന ഒരു പ്രതിപക്ഷമാണ് ഇന്ന് ഇവിടെയുള്ളത്. അതുകൊണ്ട് ഗവൺമെൻറ് എത്രതന്നെ പരിശ്രമിച്ചാലും, എത്രതന്നെ സദുദ്ദേശത്തോടുകൂടി കാര്യങ്ങൾ സുഗമമായി മുന്നോട്ടു കൊണ്ടുപോകണമെന്നു വിചാരിച്ചാലും സാധിക്കുകയില്ല. ഈ പശ്ചാത്തലത്തിലാണ് ഇവിടെ നടന്ന വിമർശങ്ങളെപ്പററി ഒന്നുരണ്ടു കാര്യങ്ങൾ എനിക്ക് പറയുവാനുള്ളത്. ഇന്നും ഇതിനുമുമ്പും ഈ സഭയിൽ പോലീസ് മർദ്ദനങ്ങളുടെ അനവധി കഥകൾ അവതരിപ്പിക്കുകയുണ്ടായി. അവയിൽ ഓരോന്നും എടുത്തു വിശകലനം ചെയ്തു, അതിൽ എന്താണ് ഗവൺമെൻറിൻെറ നിലപാട്, അതിൽ ഗവൺമെൻറിന് കിട്ടിയ അറിവ് എന്താണ് എന്നുള്ളതെല്ലാം വിശദമാക്കാൻ ഞാൻ തയാറാകുന്നില്ല. അതിനെസംബന്ധിച്ച് ഗവൺമെൻറിൻെറ സമീപനത്തെ സംബന്ധിച്ച് ഞാൻ ഇതിനുമുമ്പുതന്നെ ഈ സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്, ഈ സഭയുടെ മുമ്പാകെ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സമാധാനപരമായിട്ട് അവകാശമുള്ള പൗരസ്വാതന്ത്ര്യം ഉപയോഗിച്ചുകൊണ്ട് നടത്തുന്ന പ്രക്ഷോഭണമാണ് നടത്തിയിരുന്നുവെങ്കിൽ, എന്റെ അഭിപ്രായത്തിൽ ഇത്തരം പരാതികൾക്ക് ഇടവരികയില്ലായിരുന്നുവെന്നാണ്. നിർഭാഗ്യവശാൽ അതിൽ കവിഞ്ഞ കാര്യങ്ങൾ ഉണ്ടായിട്ടുണ്ട്. അത് നിഷേധിക്കാൻ ആർക്കും സാധിക്കുകയില്ല. ഉദാഹരണമായി ട്രാൻസ്പോർട്ട് സമരത്തെ സംബന്ധിച്ച് പറഞ്ഞു. അതിന് നിരാഹാരവ്രതമോ, കൂട്ടസത്യാഗ്രഹമോ, മറെറന്തുതന്നെയായാലും സമാധാനപരമായിട്ടാണ് നടത്തുന്നതെങ്കിൽ പോലീസ് ചിലയാളുകളെ അറസ്ററു ചെയ്യുക, അവരെ വാനിൽ കയററിക്കൊണ്ടു പോകുക എന്നീ നടപടികളിൽ കവിഞ്ഞ് ഒന്നും തന്നെ നടക്കുകയില്ല. അങ്ങിനെയല്ലാത്ത പല ആക്രമങ്ങളും ട്രാൻസ്പോർട്ടു സമരത്തോടനുബന്ധിച്ച് നടന്നു. ബസ്സ് കത്തിക്കുക, ആളുകളെ അകത്തിട്ട് ബസ്സിന് തീയിടുക, സ്ഫോടക സാധനങ്ങൾ ഉപയോഗിച്ച് ആക്രമണം നടത്തുക—തൃശ്ശിവപേരൂരിലും, ആലപ്പുഴയിലും സ്ഫോടകസാധനങ്ങൾ ഉപയോഗിച്ച് അതിഭയങ്കരമായ ആക്രമണം നടത്തുകയുണ്ടായി—ഇതെല്ലാം തന്നത്താൻ നടത്തിയതാണോ മററാരെങ്കിലും പറഞ്ഞു നടത്തിയതാണോ? പ്രക്ഷോഭണവുമായി യാതൊരു ബന്ധവുമില്ലാത്ത വിധത്തിലാണ് നടന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് പോലീസ് ബലപ്രയോഗം നടത്തേണ്ടിവന്നത്. അതിനെത്തുടർന്നാണ് അനാശാസ്യ നടപടികളുണ്ടായത്. അതിനെസംബന്ധിച്ച് അന്വേഷിക്കേണ്ടതാണ്, അന്വേഷിക്കുന്നതാണ്. എത്രതന്നെ പ്രകോപനം പ്രതിപക്ഷത്തു നിന്നുണ്ടായാലും പോലീസു ബലംപ്രയോഗിക്കുകയോ അക്രമം കാണിക്കുകയോ ചെയ്യാൻ പാടില്ലെന്നുള്ള അടിസ്ഥാനത്തിൽ ഗവൺമെന്റ് ഉറച്ചുതന്നെ നിൽക്കുകയാണ്. അതിൽ നിന്നും വ്യത്യസ്തമായിട്ടുണ്ടായിട്ടുണ്ടെങ്കിൽ അതിനെപ്പററി അന്വേഷണം നടത്തുന്നതാണ്. അന്വേഷണത്തിൽ കുററക്കാരെന്നു തെളിയുന്നവരെ കഠിനമായി ശിക്ഷിക്കണമെന്ന ഉറച്ചനിലപാടിൽതന്നെ ഗവൺമെന്റു നിൽക്കുന്നത്. ശ്രീ. നമ്പീശന്റെ കാര്യത്തിലും അന്വേഷണം നടത്തുകയാണ്. അദ്ദേഹം പറയുന്നത് അന്വേഷണം നടത്തുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല എന്നാണ്. അന്വേഷിച്ചാലും ശരിക്കുള്ള വിവരം കിട്ടുകയില്ലെന്നാണ്. പാണ്ടനാട്ടു നടന്ന സംഭവത്തെക്കുറിച്ച് ഇന്നിവിടെ പറയുകയുണ്ടായി. പ്രതിപക്ഷത്തുള്ളവർ അവർക്കു കിട്ടിയ അറിവ് ഇവിടെ വയ്ക്കുകയുണ്ടായി. ഗവൺമെന്റ് ഗവൺമെന്റു സോഴ്സിൽ കിട്ടിയ അഭിപ്രായം ഇവിടെ വച്ചു. ആ അഭിപ്രായം ഇവിടെ ഗവൺമെന്റു പറഞ്ഞപ്പോൾ പ്രതിപക്ഷത്തുള്ളവർ അതിനെ ആക്ഷേപിച്ചു. പ്രതിപക്ഷത്തിരിക്കുന്നവരും ഇവിടെ മന്ത്രിമാരായിരുന്നപ്പോൾ ഇങ്ങനെയുള്ള സംഭവങ്ങളുണ്ടാകുമ്പോൾ പോലീസിൽനിന്നും മററു ഡിപ്പാർട്ടുമെന്റിൽനിന്നും ഗവൺമെന്റ് യന്ത്രം മുഖേന കിട്ടുന്ന വിവരങ്ങൾ തന്നെയാണ് സഭയുടെ മുമ്പാകെ സമർപ്പിക്കുന്നത്. അല്ലാതെ ആർക്കും ദിവ്യജ്ഞാനമൊന്നും ഇല്ല. ഇങ്ങനെതന്നെയാണ് എല്ലാവരും ചെയ്യാറുള്ളത്, ചെയ്തിട്ടുമുള്ളത്. അല്ലാതെ എന്റെ പാർട്ടിയിലുള്ളവരോടു ചോദിച്ച് അഭിപ്രായം പറയുന്നുവെങ്കിൽ അത് ശരിയായിരിക്കുകയില്ല. പ്രതിപക്ഷത്തുള്ളവരുടെ വെർഷൻ വയ്ക്കുന്നതും ശരിയായിരിക്കുകയില്ല. വ്യത്യസ്തമായിട്ടുള്ള വെർഷൻ വന്നിട്ടുള്ള സ്ഥിതിക്കും, ആരുടേതായാലും ഒരു വിലപ്പെട്ട ജീവൻ നഷ്ടപ്പെട്ട സ്ഥിതിക്കും, കുറെപേർക്ക് പരിക്കേററ സ്ഥിതിക്കും ഇതിനെപ്പററി ഒരു ജുഡീഷ്യൽ അന്വേഷണം നടത്താമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി അറിയിച്ചിരിക്കുകയാണ്. അതുകൊണ്ട് ആ പ്രശ്നം തൽക്കാലം അവസാനിപ്പിക്കണം. ഗവൺമെന്റിനു കിട്ടിയ വെർഷൻ തെററാണെന്നുണ്ടെങ്കിൽ അത് അന്വേഷണത്തിൽ തെളിയുന്നതാണ്. പ്രതിപക്ഷത്തുള്ളവർക്ക് അവരുടെ അഭിപ്രായങ്ങൾ ജുഡീഷ്യൽ അന്വേഷണത്തിനുവേണ്ടി നിയോഗിക്കുന്ന കമ്മിഷന്റെ മുമ്പാകെ സമർപ്പിക്കാവുന്നതാണ്, സകല തെളി

LIBRARY ARCHIVES Kerala Legislative Assembly

വുകളും ഹാജരാക്കാം. ഈ സംഭവത്തിന് കാരണക്കാർ പോലീസുകാരാണെന്ന് തെളിയുകയാണെങ്കിൽ തീർച്ചയായും അതിനെതിരായി തക്കതായ നടപടിക ളെടുക്കുന്നതാണ്. അതിൽ കുററവാളികാം രക്ഷപ്പെടാൻ പോകുന്നില്ല. അതുകൊണ്ട് ഇതിനെപ്പററി ഒരു ന്യായാധിപൻ വിധി കൽപ്പിക്കട്ടെ. ഇതിൽ കൂടുതലായി ഒന്നും പറയാൻ ആഗ്രഹിക്കുന്നില്ല.

ഇതോട് ബന്ധപ്പെടുത്തി മററു ചില കാര്യങ്ങളെ സംബന്ധിച്ചിട ത്തോളംനടന്ന പരാമർശനങ്ങളെപ്പററിയും ചിലത് പറയാൻ ഞാനാഗ്രഹിക്കു കയാണ്. ഒന്ന്, ഈ ഗവൺമെൻറിൻെറ അഴിമതി നിരോധന പ്രവർത്തനത്തെ സംബന്ധിച്ചാണ്. പബ്ലിക്ക് എൻക്വയറീസ് ബിൽ വളരെവേഗം അവതരി പ്പിച്ച് പാസാക്കണമെന്ന് പല ബഹുമാനപ്പെട്ട സാമാജികൻമാരും അഭിപ്രായ പ്പെടുകയുണ്ടായി. അത് കഴിയുന്നതും വേഗത്തിൽ ചെയ്യാൻ ശ്രമിക്കാ മെന്നു മാത്രമേ ഈ അവസരത്തിൽ ഞാൻ പറയുന്നുള്ളു. ഈ നിയമസഭാ സമ്മേളനത്തിൻെറ ഒട്ടാകെയുള്ള സമയവും നടപടികാംക്കുള്ള മുൻഗണനയും നോക്കുമ്പോാം ആലോചിക്കാതെ പെട്ടെന്ന് അതിനൊരു മറുപടി പറയാൻ നിവൃത്തിയില്ല. പരമാവധി ശ്രമിക്കാമെന്നുമാത്രമേ പറയുന്നുള്ളു.

ബഹുമാനപ്പെട്ട കുര്യൻ അവതരിപ്പിച്ച മറെറാരു വിഷയം വിജിലൻസ് കമ്മിഷൻെറ തസ്തിക നിറുത്തലാക്കിയതിനെസംബന്ധിച്ചാണ്. ഈ ഗവൺമെൻറിന് അഴിമതി നിരോധന കാര്യത്തിൽ യാതൊരു താൽപ്പര്യവുമി ല്ലെന്ന് തെളിയിക്കുന്നതാണ് ഈ തസ്തിക നിറുത്തൽ ചെയ്തതെന്നാണ് അദ്ദേഹം പറഞ്ഞത്. ഇവിടെ ഒരു അഴിമതി നിരോധന കമ്മിഷൻ ഉണ്ടായി രുന്നു. വിജിലൻസ് കമ്മിഷനായി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥനെ സം ബന്ധിച്ച് ഞാനൊരു അഭിപ്രായവും പറയുന്നില്ല. അതിനെപ്പററി ആ നിയ മനം നടന്ന കാലത്ത് പത്രങ്ങളിൽ അനുകൂലമായും പ്രതികൂലമായും അഭി പ്രായങ്ങാം വന്നതാണ്. പക്ഷെ ആ തസ്തിക നിറുത്തലാക്കുന്നതിന് ഗവൺമെൻറിനെ പ്രേരിപ്പിച്ചത് ഇങ്ങനെയുള്ള അഭിപ്രായമൊന്നുമല്ലെന്ന് വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. വിജിലൻസ് കമ്മിഷനെക്കൊണ്ട് ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരെപ്പററിയുള്ള അഴിമതികളെല്ലാതെ എം. എൽ. എ. മാരുടെയോ, മററുള്ളവരുടേയോ പേരിലുള്ള അഴിമതികളെപ്പററി അന്വേ ഷണം നടത്താൻ അധികാരമില്ല. ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരെ സംബ ന്ധിച്ചിടത്തോളം പരിശോധിക്കാനുള്ള ഒരു ഏർപ്പാട് മാത്രമാണ്. ഈ ഏർപ്പാട് എത്രത്തോളം പ്രയോജനകരമാണെന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെൻറു വസ്തുനിഷ്ഠമായി പഠിച്ചു. ചില അവസരത്തിൽ പ്രയോ ജനകരമല്ലെന്നുമാത്രമല്ല വാസ്തവത്തിൽ അനാവശ്യമായ കാലതാമസമാണ് ഇതുകൊണ്ടുണ്ടാകുന്നതെന്നാണ് തെളിഞ്ഞത്. ഈ ഉദ്യോഗസ്ഥൻെറ നിയ മനകാലത്ത് അന്നത്തെ ഹോംസെക്രട്ടറി ഫയലിൽ fifth wheel in the Coach എന്ന് എഴുതിയിരുന്നു. നാലു ചക്രമെന്നുള്ളത് അഞ്ചുചക്രമെന്നുള്ള സ്ഥി തി ആകാൻ പോകുന്നുവെന്നുള്ള അദ്ദേഹത്തിൻെറ ആശങ്കയാണ് അദ്ദേഹം എഴുതിവച്ചത്. പ്രവർത്തനത്തിൽ അത് അഞ്ചാംചക്രമാണെന്ന് തെളി യുകയുണ്ടായി. ആ അഞ്ചാം ചക്രം ഞങ്ങാം വേണ്ടെന്നുവച്ചു. അതിനെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങാം സഭമുമ്പാകെ വയ്ക്കാൻ ഞാനാഗ്ര ഹിക്കുകയാണ്. എന്താണ് വിജിലൻസ് കമ്മിഷൻെറ ചുമതല? വിജിലൻസ് കമ്മിഷൻ നിറുത്തലാക്കിയെങ്കിലും വിജിലൻസ് ഡയറക്ടറേററ് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. മുമ്പ് ഇതെല്ലാം അന്വേഷിച്ചിരുന്നത് ആൻറി കറപ്ഷൻ ഡിപ്പാർട്ടുമെൻറാണ്. അത് മാററിയിട്ടു വിജിലൻസ് ഡയറക്ട റേററ് ഉണ്ടാക്കി, അതിൻെറ തലവനായി ഐ. ജി. യുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു. അദ്ദേഹത്തിൻെറ കീഴിൽ ഒരു പ്രത്യേക വിഭാഗം ഉണ്ട്. അന്വേഷണം നടത്താൻ പ്രത്യേക വൈദഗ്ധ്യം നേടിയിട്ടുള്ള

2/3019/MC.

LIBRARY ARCHIVES Kerala Legislative Assembly

വരാണ് അവർ. അതെല്ലാം ഇന്നും നിലനിൽക്കുകയാണ്. അതിൽ യാതൊരു കുറവും വരുത്തിയിട്ടില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. അവിടെ ചെയ്തിട്ടുള്ളത് എന്താണ്? എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടെങ്കിൽ അതിനെസംബന്ധിച്ച് വിജിലൻസ് കമ്മീഷൻ അന്വേഷണം നടത്തും. അന്വേഷണം നടത്തിയാൽ അതിനെ സംബന്ധിച്ച് ചാർജ് ഫ്റെയിം ചെയ്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കും. വിജിലൻസ് ഡയറക്ടറേററിൽനിന്നും അതിനെസംബന്ധിച്ച് അന്വേഷിച്ച് മറുപടി കൊടുക്കും. അതിൽ എന്തു നടപടിയാണ് എടുക്കേണ്ടതെന്നുള്ളതിനെസംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് അയച്ചുകൊടുക്കും. ഒടുവിൽ ശിക്ഷണ നടപടികൾ എടുക്കുന്ന അവസരത്തിൽ പബ്ലിക്ക്സർവ്വീസ് കമ്മീഷന്റെ ചില കേസുകളിൽ കൺസൽട്ട് ചെയ്യണമെന്നുണ്ട്. അപ്പോഴും അഭിപ്രായം ചോദിക്കും. ഇങ്ങനെ അനാവശ്യമായ കാലതാമസം രണ്ടു മൂന്നു ഘട്ടങ്ങളിൽ വരുത്തുന്നതൊഴിച്ചാൽ യാതൊരു വിശേഷവും ഇതുകൊണ്ടില്ല. സർ, ഇതിനെസംബന്ധിച്ച് ഒരു കണക്കുകൂടി സമർപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അതായത് വിജിലൻസ് ഡയറക്ടറേററു പരിശോധിച്ചിട്ടുള്ള കേസുകൾ വിജിലൻസ് കമ്മീഷനുമായി പരിശോധിച്ചിട്ടുള്ള കേസുകളുമായി താമരതമ്യപ്പെടുത്തിനോക്കുമ്പോൾ വിജിലൻസ് ഡിവിഷൻ എടുത്തിട്ടുള്ളതിൽനിന്നും വ്യത്യസ്തമായിട്ടുള്ള അഭിപ്രായങ്ങൾ വളരെ ചുരുക്കം സംഗതികളിൽ മാത്രമേ വിജിലൻസ് കമ്മീഷൻ നൽകിയിട്ടുള്ളുവെന്ന് കണക്കുകൾ നോക്കിയാൽ കാണാം. അതിനെസംബന്ധിച്ചുള്ള ചില കണക്കുകൾ ഞാൻ ഇവിടെ പറയാം. 1965—66—ൽ ആകെയുള്ള 62 കേസ്സിൽ എട്ട് കേസ്സിൽ മാത്രമാണ് വിജിലൻസ് കമ്മീഷൻ വ്യത്യസ്തമായിട്ടുള്ള അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളത്. 1965—68—ൽ ഒട്ടാകെയുള്ള കേസ് 205, അതിൽ 21 കേസിൽ മാത്രമാണ് വിജിലൻസുകമ്മീഷൻ വ്യത്യസ്തമായിട്ടുള്ള അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളത്. അതുപോലെതന്നെ 1968—69—ൽ ആകെയുള്ള കേസ് 392. അതിൽ വിജിലൻസ് കമ്മീഷൻ വ്യത്യസ്തമായിട്ടുള്ള അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളത് പതിനേഴുകേസിൽ മാത്രമാണ്. അങ്ങനെ കണക്കുകൾ പരിശോധിച്ചാൽ വ്യത്യസ്തമായിട്ടുള്ള അഭിപ്രായം വിജിലൻസ് കമ്മീഷൻ രേഖപ്പെടുത്തിയിട്ടുള്ളത് വളരെ ഗൗരവമായ കാര്യങ്ങളിലൊന്നുമില്ലെന്നും, വളരെ നിസ്സാരമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, അതായത് ശിക്ഷണ നടപടികൾ ഒരു മാസം വേണോ അതോ രണ്ടു മാസം വേണോ ഇങ്ങനെയുള്ള അപ്രധാനമായ കാര്യങ്ങളിൽ മാത്രമാണ് നടത്തിയിട്ടുള്ളതെന്നു കാണാം. ഞാൻ പറയാൻ ആഗ്രഹിക്കുന്നത് സമർത്ഥിക്കാൻ ആഗ്രഹിക്കുന്നത് അഴിമതി അന്വേഷണ നടപടികൾ വിജിലൻസ് കമ്മീഷൻ എടുത്തിട്ടുള്ളത് കാലവിളംബം ഉണ്ടാക്കുന്നതിനല്ലാതെ ആർക്കുംതന്നെ പ്രയോജനം ചെയ്യുന്നതിന് പ്രയോജനപ്പെട്ടിട്ടില്ല. സന്ദർഭവശാൽ ചിലപ്പോൾ നിർദ്ദോഷരായ ഉദ്യോഗസ്ഥൻമാരും ഇതിൽപ്പെട്ടുപോകാനിടയുണ്ട്. അവരെ സംബന്ധിച്ചിടത്തോളം വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു കാര്യമാണ് ഇത്. വിജിലൻസ് കമ്മീഷൻ വളരെയേറെ പ്രയോജനം ചെയ്യുകയില്ലെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് അതു നിറുത്തലാക്കിയത്. അല്ലാതെ മററ് യാതൊരു കാരണവും ഇല്ലെന്ന് വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്.

മറെറാരു പ്രധാന കാര്യം ഇവിടെ പറഞ്ഞത്, കാർപ്പറേഷനുകളെ സംബന്ധിച്ചാണ്. കാർപ്പറേഷനുകളിൽ ആളുകളെ നിയമിക്കുന്നതിനെ വിമർശിച്ചു പറഞ്ഞു. അത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ മറുപടിപ്രസംഗത്തിൽ വ്യക്തമാക്കുകയുണ്ടായി. കാർപ്പറേഷൻ രൂപീകരിക്കുന്നത് രണ്ടുതരത്തിൽ പ്രയോജനപ്രദമാണെന്നാണ് ഗവൺമെൻറ് വിശ്വസിക്കുന്നത്. ഒന്നാമത്, ഗവൺമെൻറിന്റെ നടപടിക്രമങ്ങളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കി കുറച്ചുകൂടി സത്വരമായി കാര്യങ്ങൾ നടത്താനുള്ള പ്രയോജന

LIBRARY ARCHIVES Kerala Legislative Assembly

പ്രദമായ രീതിയിൽ കാർപ്പറേഷനുകൾക്ക് പ്രവർത്തിക്കാൻ സാധിക്കും എന്നാണ് അനുഭവത്തിൽനിന്നും മനസ്സിലാകുന്നത്. രണ്ടാമത് അതിലും പ്രധാനമായിട്ടുള്ള കാര്യം, നമ്മുടെ കയ്യിലുള്ള ബഡ്ജററി റിസോഴ്സസ് പരിമിതമാണ്. കൂടുതൽ പണം നീക്കിവയ്ക്കാൻ വിഷമമുള്ളതുകൊണ്ട് പല കാര്യങ്ങളും നടത്താൻ ബുദ്ധിമുട്ടുണ്ട്. നേരേമറിച്ച് ബാങ്കിൽനിന്നും നാഷണലൈസ് ചെയ്ത ബാങ്കുകളിൽനിന്നും, എൽ. ഐ. സി. യിൽനിന്നും, മററു ഫിനാൻസിംഗ് ഇൻസ്ററിററ്യൂഷനുകളിൽനിന്നും മററും കിട്ടുന്ന പണം ഉപയോഗിച്ചുകൊണ്ട് വികസനപ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നതാണ്. അത്തരത്തിൽ സഹായം ഗവൺമെൻറിന് കിട്ടാൻ പ്രയാസമാണ്. വിപുലമായ തോതിൽ നാഷണലൈസ് ചെയ്ത ബാങ്കുകളിൽനിന്നും അതുപോലുള്ള ഇൻസ്ററിററ്യൂഷനുകളിൽനിന്നും കിട്ടുന്ന പണമുപയോഗിച്ച് വികസനപ്രവർത്തനങ്ങൾ കൂടുതൽ ത്വരിതഗതിയിൽ നടത്താനുള്ള ഒരേർപ്പാടെന്നുള്ള നിലയ്ക്കാണ് കാർപ്പറേഷനുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതിൽ യാതൊരു തെററും ഇല്ലെന്നു വിചാരിക്കുന്നു. പിന്നെ അതിൽ നിയമിക്കുന്ന ആളുകളെ സംബന്ധിച്ചാണെങ്കിൽ പല കാർപ്പറേഷനുകളിലും രാഷ്ട്രീയപാർട്ടികളിൽപ്പെട്ട ആളുകൾ ചെയർമാൻമാരായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെ ഏതെങ്കിലും ഒരു പ്രത്യേക രാഷ്ട്രീയപാർട്ടിയിൽ അത് നിർത്തണമെന്ന് ഉദ്ദേശിക്കുന്നില്ല. ഡയറക്ടർ ബോർഡിലും ബന്ധപ്പെട്ട സ്ഥാപനങ്ങളിലും എല്ലാ രാഷ്ട്രീയപാർട്ടികൾക്കും പ്രാതിനിദ്ധ്യം കൊടുക്കാം. അങ്ങനെ രാഷ്ട്രീയപാർട്ടികളിൽപ്പെട്ട ആളുകളോ എം. എൽ. എ മാരോ അതുപോലുള്ള പൊതുപ്രവർത്തകരോ ഒന്നും ഈ സ്ഥാപനങ്ങളിലോ അല്ലെങ്കിൽ ബോർഡുകളിലോ, കാർപ്പറേഷനിലോ ചെയർമാൻസ്ഥാനത്തോ അല്ലെങ്കിൽ ഡയറക്ടർബോർഡ് സ്ഥാനത്തോ വന്നുകൂടായെന്ന് ആർക്കെങ്കിലും അഭിപ്രായമുണ്ടെങ്കിൽ, അങ്ങനെ വ്യക്തമായി വന്നില്ല, വിമർശനങ്ങളുടെ രീതിനോക്കിയാൽ അങ്ങനെയാണ് തോന്നുക, അങ്ങനെയാണെങ്കിൽ തീർച്ചയായും ഗവൺമെൻറ് അതിനോട് യോജിക്കുന്നില്ല. ഒരു ഭാഗത്ത് ഇതെല്ലാം ബ്യൂറോക്രസിയാണ്, ഇതെല്ലാം അവരെ ഏൽപ്പിച്ചിരിക്കുന്നു എന്നുപറയുകയും, അതേസമയത്ത് മറുഭാഗത്ത് വിമർശനം നടത്തുകയും ചെയ്യുക, ഇതു രണ്ടും പരസ്പരവിരുദ്ധമാണ്. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം കാർപ്പറേഷനുകളിലൊക്കെത്തന്നെ പൊതുപ്രവർത്തകർക്കും എം. എൽ. എ. മാർക്കും എം. പി. മാർക്കും ഉത്തരവാദപ്പെട്ട സ്ഥാനം കൊടുക്കുന്നതിൽ തെററില്ലെന്നുള്ള സമീപനമാണുള്ളത്. അതനുസരിച്ച് നടപടികൾ നടത്തും. പക്ഷേ അതിനു നിശ്ചയിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ആൾ പ്രാപ്തനല്ല, അല്ലെങ്കിൽ മറേറതെങ്കിലും കാരണംകൊണ്ടു ശരിയല്ലെന്ന് പറയുകയാണെങ്കിൽ തീർച്ചയായും ഗവൺമെൻറ് അതേപ്പററി ഗൗരവപൂർവ്വം പരിഗണിക്കും, തെററുണ്ടെങ്കിൽ തിരുത്തുമെന്നും പറയാൻ ആഗ്രഹിക്കുകയാണ്.

മറെറാരു പ്രധാനകാര്യം ശ്രീ. കുര്യനും അതുപോലെ ശ്രീ. ജോർജും അവതരിപ്പിക്കുകയുണ്ടായി. അതായത് ഇലക്ട്രിസിററി ബോർഡിൽനിന്ന് താരിഫ് അടുത്തയവസരത്തിൽ പുതുക്കിയപ്പോൾ 3 ഹാഴ്സ് പവ്വറുള്ള മോട്ടാറുകൾക്കും മററും ഉപയോഗിക്കുന്നവിദ്യുച്ഛക്തിയുടെ നിരക്ക് 8 പൈസയിൽനിന്ന് 24 പൈസയായി ഉയർത്തിയെന്നു പറയുകയുണ്ടായി. അതു ശരിയാണ്. അങ്ങനെ ഉയർത്തിയത് തെററാണെന്നാണ് ഗവൺമെൻറിൻെറ അഭിപ്രായം. അതു പുന:പരിശോധിക്കാനും, അത് തിരുത്താനും വേണ്ട നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശം ഗവൺമെൻറ് കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

മറെറാരു പ്രധാനപ്പെട്ട പ്രശ്നം ഉന്നയിച്ചത് നദീജല തർക്കത്തെ സംബന്ധിച്ചാണ്. ശ്രീ. ഭാരതിയും, ശ്രീ. ഗോപാലകൃഷ്ണൻനായരും

LIBRARY ARCHIVES Kerala Legislative Assembly

അതേസംബന്ധിച്ച് പറയുകയുണ്ടായി. പ്രത്യേകിച്ച് ശ്രീ. ഗോപാലകൃഷ്ണൻനായർ പറഞ്ഞത്, അവ്യക്തമായ രൂപത്തിലാണ്. ഈ ഗവൺമെന്റിനെയല്ല മുൻപുണ്ടായിരുന്ന ഗവൺമെന്റിനേയും അദ്ദേഹം കുറ്റപ്പെടുത്തി. തമിഴ്നാടുമായി നദീജല പ്രശ്നത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ ബലികഴിച്ചുകൊണ്ടുള്ള ചില കരാറുകളിൽ ഏർപ്പെട്ടു എന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അത് ശരിയല്ലെന്നുപറയാൻ ഞാനാഗ്രഹിക്കുകയാണ്. എനിക്ക് അതിന്റെ വിശദാംശങ്ങൾ മുഴുവൻ വ്യക്തമാക്കാനുള്ള സമയംപോരാ. കടലാസുകളെല്ലാം കയ്യിലുണ്ട്. ഇതിനുമുൻപുണ്ടായിരുന്ന ഗവൺമെന്റ്, ഈ. എം. എസ്. മുഖ്യമന്ത്രിയായിരുന്ന ഗവൺമെന്റ്, തമിഴ്നാട് ഗവൺമെന്റുമായി ഒരു കരാർ ഉണ്ടാക്കിയിട്ടുണ്ട്. ആ കരാർ എന്റെ അഭിപ്രായത്തിൽ കേരളത്തിന്റെ താൽപ്പര്യങ്ങൾ ഹനിച്ചുകൊണ്ടുള്ളതോ, ബലികഴിച്ചുകൊണ്ടുള്ളതോ ആയ കരാറല്ല. വാസ്തവത്തിൽ ഈ രണ്ടു സംസ്ഥാനങ്ങൾക്കും നദീജലം ഉപയോഗിക്കേണ്ട ആവശ്യമുണ്ട്. എന്നുമാത്രമല്ല, 1968-ലും 1969-ലും ഉണ്ടാക്കിയ കരാർ തന്നെയും 1958—ൽ ഉണ്ടാക്കിയ കരാറിനെത്തുടർന്നു വന്നിട്ടുള്ള അടിസ്ഥാനത്തിലാണ്. ആ കരാറിൽ കേരളത്തിന്റെ ജലസേചന സൗകര്യത്തിനാവശ്യമായിട്ടുള്ള സംരക്ഷണത്തിനുള്ള ഉറപ്പുണ്ടായിട്ടുണ്ട്. പക്ഷേ ആ കരാർ ഒപ്പു വയ്ക്കുന്നതിനുമുമ്പ് രണ്ടു ഗവൺമെന്റുകളിലേയും ഉദ്യോഗസ്ഥന്മാർ കൂടിയാലോചിച്ച് ചില വിശദാംശങ്ങൾ വർക്കൗട്ട് ചെയ്യണം, അത് കഴിഞ്ഞതിനുശേഷമേ ഒപ്പു വയ്ക്കാവൂ എന്നു തീരുമാനമുണ്ടായിരുന്നു. ഇതുപ്രകാരം മദ്രാസിൽവച്ച് രണ്ടു ഗവൺമെന്റുകളും തമ്മിൽ കൂടിയാലോചന നടത്തി. അതിന്റെ അടിസ്ഥാനത്തിൽ പറമ്പിക്കുളം അലിയാർ പദ്ധതിയെ സംബന്ധിച്ചിടത്തോളം തമിഴ്നാട് ഗവൺമെന്റുണ്ടാക്കാൻ പോകുന്ന അണക്കെട്ടിന്റെ പണി തുടങ്ങുന്നതിനു മുൻപ് അതിന്റെ ഡിസൈനും മറ്റും കാര്യങ്ങളും ഇങ്ങോട്ട് അയച്ചുതരണം, നമ്മളും കൂടി പരിശോധിച്ച് അപ്രൂവ് ചെയ്തതിനുശേഷമേ അതിന്റെ പണി തുടങ്ങാവൂ എന്നുള്ള കരാറിനു വിപരീതമായി നിർഭാഗ്യവശാൽ അവർ ഡാമിന്റെ ചില പണികൾ ആരംഭിച്ചു. ഇതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് പ്രൊട്ടസ്റ്റുചെയ്തു. ഈ കാര്യം ഒഴിച്ചാൽ രണ്ടു ഗവൺമെന്റുകളും തമ്മിൽ കാര്യമായ അഭിപ്രായവ്യത്യാസമൊന്നുമില്ല. എന്തുകൊണ്ട് നാമും ഈ അവസാനത്തെ കരാറിൽ ഒപ്പു വയ്ക്കുന്നില്ലെന്നു ചോദിച്ചാൽ ചിറ്റൂർപ്പുഴ പദ്ധതിയെ സംബന്ധിച്ചിടത്തോളം തമിഴ്നാട് ഗവൺമെന്റിൽനിന്ന്, ചിറ്റൂർപ്പുഴ പദ്ധതിക്ക് അവിടെയുള്ള നാൽപ്പതിനായിരം ഏക്കർ സ്ഥലത്തേക്ക് മൂന്നു പൂവിന് കൃഷിക്കുള്ള, സുരക്ഷിതമായി അതിന് വെള്ളം കിട്ടണമെന്നുള്ള ഉറപ്പ് വാങ്ങാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അവസാനമായി അത് കിട്ടിയിട്ടില്ല. അതു കിട്ടുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. തമിഴ് നാട് ഗവൺമെന്റും ഈ ഗവൺമെന്റും തമ്മിൽ ആ കാര്യത്തിൽ ഭിന്നിച്ചുപോകത്തക്കവണ്ണം തമ്മിലടിച്ചു മൽസരിക്കത്തക്കവണ്ണം ഒരു സ്ഥിതിവിശേഷം ഉണ്ടാകുകയില്ലെന്നാണ് പ്രതീക്ഷിക്കുന്നത്. ഇൻഡ്യയിലെ പല സംസ്ഥാനങ്ങളും നദീജലത്തെ സംബന്ധിച്ചിടത്തോളം തർക്കമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം രമ്യമായി തീർക്കേണ്ട കാര്യങ്ങളാണ്. തമിഴ്നാട് ഗവൺമെന്റായാലും മൈസൂർ ഗവൺമെന്റായാലും കേരളഗവൺമെന്റായാലും ഇൻഡ്യയിലുള്ള ജനങ്ങളുടെ ഗവൺമെന്റുകളാണ്. ഈ ജനങ്ങൾ തമ്മിൽ പരസ്പരവൈരുദ്ധ്യങ്ങളും കലഹങ്ങളും മൽസരവുമല്ല വേണ്ടത്. നേരേമറിച്ച് എല്ലാ ഭാഗത്തും ജലസേചനസൗകര്യങ്ങളുണ്ടാകുകയും എല്ലാ ഭാഗങ്ങളും വികസിക്കുകയും ചെയ്യണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ രമ്യമായി ഈ പ്രശ്നം തീർക്കുകയാണുവേണ്ടത്. നിർഭാഗ്യവശാൽ മൈസൂറും തമിഴ്നാടും തമ്മിൽ തർക്കം, അവസാനം തമിഴ്നാട് ഗവൺമെന്റ് അത്

LIBRARY ARCHIVES Kerala Legislative Assembly

ട്രൈബ്യൂണലിന് വിടണമെന്നു പറഞ്ഞു. ട്രൈബ്യൂണലിന് വിടണമെന്നുള്ള രീതിയിൽ തമിഴ്നാട് ഗവൺമെന്റ് എത്തിയിരിക്കുകയാണ്. നേരേമറിച്ച് ഈ ഗവൺമെന്റ് അതുകൂടാതെതന്നെ, അതേസമയത്ത് കേരളത്തിന്റെ താൽപ്പര്യങ്ങളെല്ലാം പരമാവധിസംരക്ഷിച്ചുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാനാണ് ശ്രമിക്കുന്നത്. ഇതുവരെയുള്ള അനുഭവത്തിൽ നിന്ന് അങ്ങനെ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മറിച്ചുണ്ടായാൽ തീർച്ചയായും നമ്മുടെ അവകാശങ്ങൾക്കുവേണ്ടി ഉറച്ചുനിൽക്കും. പക്ഷേ അങ്ങനെയുള്ള സ്ഥിതിവിശേഷം ഉണ്ടാകാതിരിക്കട്ടേയെന്നു പ്രാർത്ഥിക്കുന്നു. ഏതായാലും ഈ പ്രശ്നം താമസിയാതെ തന്നെ രമ്യമായി പരിഹരിക്കുമെന്നു ഈ സഭയെ അറിയിക്കുകയാണ്. എന്റെ പ്രതീക്ഷ മാത്രമല്ലേ പറയാനൊക്കുകയുള്ളൂ.

<u>ശ്രീ. കെ. എ. ശിവരാമഭാരതി:</u> പറമ്പിക്കുളം അലിയാർ പദ്ധതിയെ സംബന്ധിച്ച് നാലു അണക്കെട്ടുകൾ പണിയാൻ കേരളഗവൺമെന്റ് മുൻപ് ഉദ്ദേശിച്ചപ്പോൾ തുണക്കടവ്, തേക്കടി എന്നിങ്ങനെയുള്ള ഡാമുകൾ ഉൾപ്പെടെ നാലു ഡാമുകളാണ് പണിയാൻ തീരുമാനിച്ചത്. പിന്നീട് ഒരവസരത്തിൽ കേരളഗവൺമെന്റും തമിഴ്നാട് ഗവൺമെന്റും തമ്മിൽ സംഭാഷണം നടത്തിയ അവസരത്തിൽ തേക്കടിഡാം പണിയുന്നത് കേരളത്തിന് ദോഷകരമാണെന്നു മനസിലായതുകൊണ്ടല്ലേ ഇത്തരത്തിൽ ഭേദഗതിവരുത്തിയത്?

<u>ശ്രീ. സി. അച്യുതമേനോൻ:</u> അതിന്റെ വിശദാംശങ്ങളെക്കുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെയാണെങ്കിൽ വളരെയധികം കാര്യങ്ങൾ പറയാനുണ്ടാകും. ഒരു വസ്തുത ശ്രീ. ഭാരതി പറഞ്ഞത് ശരിയാണ് തേക്കടിഡാം വേണ്ടെന്നുവച്ചു. അതുകൊണ്ട് യാതൊരു നഷ്ടവുംഈ ഗവൺമെന്റിനുണ്ടാകാൻ പോകുന്നില്ല. നേരേമറിച്ച് നീരാർ അണക്കെട്ട് കെട്ടാൻ സന്ദർഭം കൊടുത്തിരിക്കുകയാണ്. പക്ഷേ അതുകൊടുത്തിട്ടുള്ളത് ഈ ഉപാധികളോടുകൂടി, അതിന്റെ ഡിസൈൻ മുതലായവ നാം പരിശോധിച്ച് അപ്രൂവ് ചെയ്തതിനുശേഷംമാത്രമേ പണിതുടങ്ങാവൂ എന്നരീതിയിലാണ്. കുരിയാർകുററി പദ്ധതിയെ സംബന്ധിച്ച് ചെയ്യാനുള്ളത് നാം പണി തുടങ്ങുക എന്നുള്ളതാണ്. അതിന് നമുക്ക് സാമ്പത്തികമായി ബുദ്ധിമുട്ടല്ലാതെ വേറെ യാതൊന്നുമില്ല. കബനിയെ സംബന്ധിച്ചും, മററു പത്തുപതിനഞ്ചു പദ്ധതികളെ സംബന്ധിച്ചും ഗവൺമെന്റ് ഇൻവെസ്ററിഗേഷൻ ആരംഭിച്ചിട്ടുണ്ട്. അത് വളരെവേഗത്തിൽ തുടങ്ങിവയ്ക്കണം. എത്രത്തോളം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്നു അറിയുകയില്ല. ഏതായാലും തുടങ്ങിവയ്ക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് മലബാറിനെ സംബന്ധിച്ചിടത്തോളം, പാലക്കാട്ടിനെ സംബന്ധിച്ചിടത്തോളം അങ്ങേയററം ഉപയോഗമുള്ള അനവധി പദ്ധതികളുടെ ഇൻവെസ്ററിഗേഷൻ ആരംഭിച്ചിട്ടുണ്ട്, അതിന് ബഡ്ജററിൽ പ്രൊവിഷൻ ചെയ്തിട്ടുണ്ട്.

മറെറാരുകാര്യം, സർക്കാർ നടപടികളുടെ കാര്യമാണ്. അതായത് ഗവൺമെന്റിന്റെ നടപടിക്രമങ്ങളെ സംബന്ധിച്ചിടത്തോളം അതിനുണ്ടാകുന്ന കാലതാമസവും റെഡ്ടേപ്പിസവുമെല്ലാം വളരെ പരപ്പേറിയ ചർച്ചയാണ്. ആ ചർച്ചയിലേക്ക് കടക്കാൻ സമയംപോരാ. അതുകൊണ്ട് ഒരു കാര്യം മാത്രം പറയുന്നു. ആ കാര്യത്തിൽ ഈ സഭയിലിരിക്കുന്ന എല്ലാ വിഭാഗം ആളുകളും ഒരേ അഭിപ്രായക്കാരാണെന്നു വിചാരിക്കുന്നു. ഇതുപോരാ, അടിയന്തിരമായ, മൗലികമായ മാററം ഭരണസംവിധാനത്തിൽ വരുത്തണമെന്നു നാം പറഞ്ഞുതുടങ്ങിയിട്ട് വളരെക്കാലമായി. ഞാൻ ഈ സഭയിൽ വന്നകാലം മുതൽ, 1957 മുതൽക്ക് ഇതു കേട്ടുതുടങ്ങിയിട്ടുണ്ട്. അതിനുമുൻപ് ഒരുപക്ഷേ പൂർവ

LIBRARY ARCHIVES Kerala Legislative Assembly

ഗാമികൾ ഉന്നയിച്ചിട്ടുണ്ടായിരിക്കാം. മാററം വരുത്തണമെന്നു പറയുമ്പോൾ അധികാരത്തിൽ കയറിയിട്ട് അത് എന്തുകൊണ്ടാണ് ചെയ്യാത്തതെന്ന് ചോദ്യം വന്നിട്ടുണ്ട്. അതു ചെയ്യാത്തത് രണ്ടുമൂന്നു മാസത്തിനകത്ത് ഞങ്ങളെ സംബന്ധിച്ചിടത്തോളം കുററബോധത്തോടുകൂടിയല്ല കാണുന്നത്. പെട്ടന്നു ചെയ്യാൻസാധിക്കുമോ എന്നു ചോദിച്ചാൽ ആ കാര്യത്തിലും പരിപൂർണ്ണമായ ആത്മവിശ്വാസമില്ല. നാം പഞ്ചായത്തീരാജ് ബിൽ ഈ നിയമസഭയിൽവച്ച് പാസാക്കി അതിവേഗം നടപ്പിലാക്കണമെന്ന് ഉദ്ദേശിക്കുകയാണ്. അതിന് ഈ സഭയിലെ എല്ലാ വിഭാഗം ആളുകളിൽനിന്നും പരിപൂർണ്ണമായ സഹകരണമുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു. അത് ചെയ്താൽ കുറേക്കൂടി ഈ കാര്യത്തിൽ മാററംവരും. അതുകൊണ്ട് പൂർണ്ണമാകുമോ എന്നു ചോദിച്ചാൽ ആ കാര്യത്തിൽ അഭിപ്രായമില്ല. അതേസംബന്ധിച്ചിടത്തോളം അതുമാത്രമേ പറയാനുള്ളൂ. ഇത്രയും പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസാക്കിത്തരണമെന്ന് സഭയോട് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കെ. എ. ശിവരാമഭാരതി:</u> കടബാദ്ധ്യതകൾക്കുവേണ്ടിയിട്ട് കന്നുകാലികളെ ജപ്തിചെയ്യുന്ന നടപടി നിറുത്തിവയ്ക്കുന്നതിനാവശ്യമായ നിർദ്ദേശം കൊടുക്കുമോ?

<u>ശ്രീ. സി. അച്യുതമേനോൻ:</u> അത് ശ്രീ. കോരൻ പറഞ്ഞുകഴിഞ്ഞു. അങ്ങനെയുള്ള ഉത്തരവിന് സ്റേറ കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. അതേസംബന്ധിച്ച് കൂടുതൽ പറയണമെന്നു ആഗ്രഹിക്കുന്നില്ല. വിട്ടുപോയ ഒരു കാര്യം കൂടി പറഞ്ഞുകൊള്ളട്ടെ. അതിർത്തിപ്രശ്നം കാസർകോഡ് പ്രശ്നം ശ്രീ. ഗോപാലകൃഷ്ണൻനായർ ഉന്നയിക്കുകയുണ്ടായി. ആ കാര്യത്തെസംബന്ധിച്ചിടത്തോളം ഈ സഭയിലുള്ള എല്ലാ വിഭാഗം ആളുകളുടേയും സമ്മതപ്രകാരം കേരളത്തിന്റെ താൽപ്പര്യങ്ങൾ പരിപൂർണ്ണമായി സംരക്ഷിക്കപ്പെടുന്ന ഒരു നിലപാടെടുക്കുകയേയുള്ളൂ. അദ്ദേഹത്തിന്റെ അഭിപ്രായം അതേക്കുറിച്ച് എന്താണെന്നു ചോദിച്ചപ്പോൾ എന്തോ ഉത്തരംമുട്ടി ചോദിക്കുന്ന ചോദ്യം പോലെയാണ് സ്വീകരിച്ചത്. ഈ കാര്യത്തിൽ എല്ലാവരുടേയും അഭിപ്രായം എന്താണെന്ന് അറിയുന്നതിനുവേണ്ടിയാണ് ചോദിച്ചത്. മഹാജൻകമ്മിഷൻ റിപ്പോർട്ടിനെപ്പററി ഇതിനുമുൻപുണ്ടായിരുന്ന ഗവൺമെൻറ് കേരളത്തിന്റെ നിലപാടിനെ സംബന്ധിച്ചിടത്തോളം വ്യക്തമാക്കിയിരുന്നു. മഹാജൻ കമ്മിഷന്റെ റിപ്പോർട്ട് കേരളത്തിന്റെ താൽപ്പര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ടുള്ള ഒരു റിപ്പോർട്ടല്ല എന്നുള്ള വ്യക്തമായ അഭിപ്രായം ഭൂരിപക്ഷം ആളുകൾക്കുണ്ട്. ആ നിലയിൽ കമ്മിഷൻ റിപ്പോർട്ട് സ്വീകാര്യമല്ലെന്നു പറഞ്ഞു. ആ റിപ്പോർട്ടിനെ സംബന്ധിച്ചിടത്തോളം കേരളത്തോട് ആലോചിക്കാതെയും കേരളത്തിന്റെ താൽപ്പര്യങ്ങളെ സംരക്ഷിക്കാതെയുള്ള ഒരു വിരുദ്ധമായ നിലപാട് കേന്ദ്രഗവൺമെൻറ് എടുക്കാൻ ഞങ്ങൾ സമ്മതിക്കുകയില്ല. ഈ സഭയിലെ എല്ലാ വിഭാഗം ആളുകളും യോജിച്ചുകൊണ്ട് യുക്തമായ ഒരു തീരുമാനമെടുക്കണം. ആ കാര്യത്തെ സംബന്ധിച്ചിടത്തോളം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്, നദീജലപ്രശ്നത്തിന്റെ കാര്യത്തിലെന്നപോലെ അതിർത്തിത്തർക്കത്തിന്റെ പ്രശ്നത്തിലും രണ്ടു സംസ്ഥാനങ്ങളും തമ്മിൽത്തമ്മിൽ തലകീറി ആളുകളെ കൊല്ലുന്ന ഏർപ്പാടിൽ പോകാൻ പാടില്ല. മൈസൂറും മഹാരാഷ്ട്രയും തമ്മിൽ നിർഭാഗ്യകരമായ ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നു കാണുന്നതിൽ ഖേദിക്കുകയാണ്. അതിൽ നിന്നു വ്യത്യസ്തമായ ഒരു നിലപാട് നമുക്ക് കാണിച്ചുകൊടുക്കാൻ സാധിക്കണമെന്നുള്ള ഗവൺമെൻറിന്റെ വികാരംകൂടി പ്രകാശിപ്പിച്ചുകൊള്ളുന്നു.

The cut motion moved by Shri P. P. George to Demand IX—Heads of States, Ministers and Headquarters Staff was, by leave withdrawn.

The cut motion moved by Shri C. B. Chandrasekhara Warrier to Demand IX was put and lost.

Shri C. B. Chandrasekhara Warrier: Sir, I demand a poll.

A poll was taken when the House divided as follows:

Ayes—55

1. Shri K. K. Aboo
2. Shri V. S. Achyuthanandan
3. Shri A. K. Appu
4. Shri A. V. Aryan
5. Shri C. K. Balakrishnan
6. Shri E. Balanandan
7. Shri C. B. Chandrasekhara Warrier
8. Shri P. N. Chandrasenan
9. Shri K. Chathunni Master
10. Shri V. V. Dakshinamoorthy
11. Shri S. Damodaran
12. Shri P. Gangadharan
13. Shri E. M. George
14. Smt. K. R. Gouri Thomas
15. Shri C. Govinda Panicker
16. Shri P. Govinda Pillai
17. Shri M. K. A. Hameed
18. Shri E. K. Imbichi Bava
19. Shri C. Kannan
20. Shri K. Karunakaran Nair
21. Shri M. K. Kelu
22. Shri M. K. Krishnan
23. Shri T. K. Krishnan
24. Shri R. Krishnan (Alathur)
25. Shri R. Krishnan (Palghat)
26. Shri P. P. Krishnan
27. Shri V. Krishna Das
28. Shri E. P. Krishnan Nambiar
29. Shri E. V. Kumaran
30. Shri A. V. Kunhambu
31. Shri V. V. Kunhambu

LIBRARY ARCHIVES Kerala Legislative Assembly

32. Shri P. Kunhan
33. Shri E. T. Kunhan
34. Shri P. K. Kunjachan
35. Shri A. P. Kurian
36. Shri T. M. Meethiyan
37. Shri Paloli Mohammed Kutty
38. Shri Mustafa Kamal
39. Shri A. S. N. Nambissan
40. Shri N. Prabhakara Thandar
41. Shri A. S. Purushothaman
42. Shri P. G. Purushothaman Pillai
43. Shri K. P. Raghava Poduval
44. Shri P. C. Raghavan Nair
45. Shri K. I. Rajan
46. Shri T. K. Ramakrishnan
47. Shri M. Ramunny
48. Shri M. Sadasivan
49. Shri E. M. S. Namboodiripad
50. Shri K. A. Sivarama Bharathy
51. Shri V. Sreedharan
52. Dr. P. K. Sukumaran
53. Shri Vasudeva Menon
54. Shri N. Vasudevan Pillai
55. Shri B. Wellingdon

Noes—64

1. Shri T. A. Majid
2. Shri P. V. Abraham
3. Shri P. M. Abubacker
4. Shri E. Ahamed
5. Shri C. Ahmedkutty
6. Shri K. Avukkaderkutty Naha Haji
7. Shri Baby John
8. Shri N. K. Balakrishnan
9. Shri J. Camalias Moraes
10. Shri J. A. Chacko
11. Shri M. Chadayan

LIBRARY ARCHIVES Kerala Legislative Assembly

12. Shri K. Chandrasekhara Sastri
13. Shri V. P. Cherukoya Thangal
14. Shri N. I. Devassykutty
15. Shri M. K. Divakaran
16. Shri T. K. Divakaran
17. Shri K. M. George
18. Shri M. K. George
19. Shri K. T. George
20. Shri P. P. George
21. Shri P. K. Gopalakrishnan
22. Shri G. Gopinathan Pillai
23. Shri M. N. Govindan Nair
24. Shri M. Hakimji Sahib
25. Shri K. T. Jacob
26. Shri E. John Jacob
27. Shri Joseph Chazhikkattu
28. Shri K. Karunakaran
29. Shri O. Koran
30. Shri M. Krishnan
31. Shri K. K. Kumara Pillai
32. Shri P. Kunhiraman Kidavu
33. Shri U. P. Kunikullaya
34. Shri P. K. Kunju
35. Shri K. G. Kunjukrishna Pillai
36. Shri V. Kuttikrishnan Nair
37. Shri B. Madhavan Nair
38. Shri Pandalam P. R. Madhavan Pillai
39. Shri Mattapalli Majeed
40. Shri K. M. Mani
41. Shri M. P. Mohammed Jafferkhan
42. Shri C. M. Kutty
43. Shri K. Moideenkutty Haji
44. Shri M. Moideenkutty Haji
45. Shri C. H. Muhammed Koya Haji
46. Shri C. S. Neelakantan Nair
47. Shri K. G. Neelakantan Namboodiripad
48. Shri K. Purushothaman Pillai

LIBRARY ARCHIVES Kerala Legislative Assembly

49. Shri P. K. Raghavan
50. Shri C. K. Rajan
51. Shri P. Ramalingom
52. Shri P. Ravindran
53. Shri Sayed Ummer Bafakih
54. Shri R. S. Unni
55. Shri P. S. Namboodiri
56. Shri B. V. Seethi Thangal
57. Shri K. Sekharan Nair
58. Shri N. K. Seshan
59. Shri P. S. Srinivasan
60. Shri M. M. Thomas
61. Shri T. V. Thomas
62. Shri P. Unnikrishna Pillai
63. Shri K. C. Vamadevan
64. Shri K. C. Zacharia

Neutrals—5

1. Shri Alexander Parambithara
2. Shri N. Gamaliel
3. Dr. K. George Thomas
4. Shri R. Gopalakrishnan Nair
5. Shri S. P. Luiz

Mr. Speaker: Those for: 55

Those against: 64

Neutrals: 5

The cut motion is lost.

The cut motion moved by Dr. George Thomas to Demand IX was, by leave, withdrawn.

The question that Government be granted a sum of Rs. 1,53,28,400 under Demand IX—Heads of States, Ministers and Headquarters Staff, was put and carried.

The grant was made.

The cut motion moved by Shri P. P. George to Demand X—District Administration and Miscellaneous, was, by leave withdrawn.

The cut motion moved by Shri C. B. Chandrasekhara Warrier to Demand X was put and lost.

LIBRARY ARCHIVES Kerala Legislative Assembly

The question that Government be granted a sum of Rs. 1,75,37,000 under Demand X—District Administration and Miscellaneous, was put and carried.

The grant was made.

Mr. Speaker: Order, order. The House will now adjourn and meet again at 8 a.m. on Tuesday, March 10, 1970.

The Assembly adjourned at 1.10 p.m. to meet again at 8 a. m. on Tuesday, March 10, 1970.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly